Newspaper for malayalees Worldwide CHICAGO/TORONTO ◆ Estd.2020

# വാചകം VACHAKAM

CHICAGO
Vol. 6 / Issue 6 / Pages 32
02
സെപ്റ്റംബർ 2026
ബുധനാഴ്ച
1202 ചിങ്ങം 17

www.vachakam.com
news@vachakam.com
canada@vachakam.com



# ആശ്വാസതീരത്ത് യുഎസിലെ കുടിയേറ്റ സമൂഹം

# ബർത്ത് റൈറ്റ് പൗരത്വ നിരോധനത്തിന് ഫെഡറൽ കോടതിയുടെ പൂട്ട്




എച്ച്-1ബി വിസയിലുള്ള കുടിയേറ്റ സമൂഹത്തിന് വലിയ ആശ്വാസവും പ്രതീക്ഷയും നൽകിയിരിക്കുകയാണ് യുഎസ് ഫെഡറൽ കോടതിയുടെ നിർണ്ണായക വിധി. അമേരിക്കൻ മണ്ണിൽ ജനിക്കുന്ന കുട്ടികൾക്ക് സ്വാഭാവികമായി ലഭിക്കുന്ന ജനനാലുള്ള പൗരത്വ അവകാശം (ബർത്ത് റൈറ്റ് സിറ്റിസൺഷിപ്പ്) നിഷേധിക്കാൻ ലക്ഷ്യമിട്ട് പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് പുറപ്പെടുവിച്ച എക്സിക്യൂട്ടീവ് ഉത്തരവ് ഫെഡറൽ കോടതി താൽക്കാലികമായി സ്റ്റേ ചെയ്തിരിക്കുന്നു.യുഎസ് ഭരണഘടന നൽകുന്ന മൗലികമായ ഉറപ്പുകളെ മറികടക്കാൻ പ്രസിഡന്റിന്റെ ഒരു എക്സിക്യൂട്ടീവ് ഉത്തരവിനും അധികാരമില്ലെന്ന് അടിയവരയിട്ടു വ്യക്തമാക്കിക്കൊണ്ടാണ് കോടതി വൈറ്റ് ഹൗസിന്റെ നടപടിക്ക് ശക്തമായ തടയിട്ടിരിക്കുന്നത്. ട്രംപ് ഭരണകൂടത്തിന്റെ കുടിയേറ്റ വിരുദ്ധ നയങ്ങൾക്കെതിരെ ഉയർന്നുവന്ന നിയമപോരാട്ടത്തിൽ ഭരണഘടനയുടെ വിജയം കൂടിയാണ് ഈ ഉത്തരവ്.അനധികൃതമായി രാജ്യത്തെത്തുന്ന കുടിയേറ്റക്കാരുടെയും താത്കാലിക വിസകളിൽ വസിക്കുന്ന വിദേശികളുടെയും മക്കൾക്ക് ജന്മനാലുള്ള പൗരത്വം നൽകുന്നത് അവസാനിപ്പിക്കുമെന്നത് ഡൊണാൾഡ് ട്രംപിന്റെ പ്രധാന തെരഞ്ഞെടുപ്പ് വാഗ്ദാനങ്ങളിൽ ഒന്നായിരുന്നു. അധികാരമേറ്റെടുത്തതിന് പിന്നാലെ പ്രാബല്യത്തിൽ വരുത്താൻ ശ്രമിച്ച ഉത്തരവിൽ, കുട്ടികൾക്ക് ജനനത്തിലൂടെ പൗരത്വം ലഭിക്കണമെങ്കിൽ മാതാപിതാക്കളിൽ ഒരാളെങ്കിലും അ

ശേഷം പേജ് 8ൽ

# ആഗോള കടപ്പത്ര വിപണിയിലെ തളർച്ചകളും വാഷിംഗ്ടണിന്റെ വായ്പാ സങ്കീർണ്ണതകളും; കടപ്പത്ര പലിശനിരക്കുകൾ അഞ്ച് ശതമാനത്തിലേക്ക് നീങ്ങുമ്പോൾ!

വാഷിംഗ്ടണിലെ കടപ്പത്ര ആദായനിരക്കുകൾ മുൻപെങ്ങുമില്ലാത്തവിധം കുതിച്ചുയർന്ന് അഞ്ച് ശതമാനം എന്ന അപകടകരമായ ഉയർന്ന പരിധിയിലേക്ക് നീങ്ങുകയാണ്. ലോകമെമ്പാടുമുള്ള ബാങ്കിംഗ് വായ്പകളെയും വൻകിട കമ്പനികളുടെ ഓഹരി വിപണികളെയും നേരിട്ട് സ്വാധീനിക്കുന്ന അമേരിക്കൻ ടാക്സ് ബോണ്ട് നിരക്കുകൾ വർദ്ധിക്കുന്നത് ആഗോള സാമ്പത്തിക വ്യവസ്ഥയിൽ വലിയ ആശങ്കകൾ ഉണ്ടാക്കുന്നു.ഈ കുതിച്ചുചാട്ടത്തിന് പിന്നിൽ പ്രവർത്തിക്കുന്നത് പ്രധാനമായും നാല് ശക്തമായ ഭൗമ-സാമ്പത്തിക ഘടകങ്ങളാണെന്നും, അതിൽ ഏറ്റവും മുന്നിൽ നിൽക്കുന്നത് ആറാം മാസത്തിലേക്ക് നീളുന്ന യുഎസ്-ഇറാൻ പോരാട്ടവും പശ്ചിമേഷ്യൻ യുദ്ധങ്ങളുമാണെന്നും അന്താരാഷ്ട്ര ധന

ശേഷം പേജ് 8ൽ

മാറുന്ന മലയാളി മനസ്
(സെർജി ആന്റണി എഴുതുന്നു)
................................ പേജ് 06

എക്സൈസിൽ 'ബിജാപൂർ' ഭീഷണി; മുട്ടിടിച്ച് മാസപ്പടിക്കാർ
................................ പേജ് 15

വിരട്ടിയും വിലപേശിയും ഒരു കമ്മ്യൂണിസ്റ്റു കാലം
................................ പേജ് 16

അമർഷങ്ങളുടെ അങ്കത്തട്ട്
................................ പേജ് 17

രാഷ്ട്രീയ കേരളം കട്ടക്കലിപ്പിൽ അണികൾ ചവിട്ടിത്താഴ്ത്തുമോ, ഈനേതാവിനെ?
................................ പേജ് 24

ഇ-പേപ്പർ വായിക്കുന്നതിനും ഏറ്റവും പുതിയ വാർത്തകൾ അറിയുന്നതിനും സന്ദർശിക്കുക www.vachakam.com

വാട്ട്സ്ആപ്പ് ഗ്രൂപ്പിൽ അംഗമാകുന്നതിന് ക്യു ആർ കോഡ് സ്കാൻ ചെയ്യൂ

# ലോക വടംവലി പ്രേമികളുടെ ശ്രദ്ധ ഷിക്കാഗോയിലേക്ക്

## ഏറ്റവും വലിയ സമ്മാനത്തുകയുമായി (21,100 ഡോളർ)

## സോഷ്യൽ ക്ലബ്ബിന്റെ പന്ത്രണ്ടാമത് അന്താരാഷ്ട്ര വടംവലി മത്സരം സെപ്തം.6ന്




### ഒരുക്കങ്ങൾ പൂർത്തിയായി

ഷിക്കാഗോ: വടംവലിയുടെ ലോക വേദിയിൽ ശ്രദ്ധേയമായ സാന്നിധ്യമായി മാറിയ ഷിക്കാഗോ സോഷ്യൽ ക്ലബ്ബിന്റെ പന്ത്രണ്ടാമത് അന്താരാഷ്ട്ര വടംവലി മത്സരത്തിനുള്ള ഒരുക്കങ്ങൾ പൂർത്തിയായതായി സംഘാടകർ അറിയിച്ചു.

സെപ്തംബർ 6 ഞായറാഴ്ച രാവിലെ 8 മണി മുതൽ ബെൻസൻവില്ലിലെ വിശാലമായ എനർജി സ്പോർട്സ് കോംപ്ലക്സിലാണ് ഇത്തവണത്തെ വടംവലി മാമാങ്കം അരങ്ങേറുന്നത്.

ഷിക്കാഗോ സോഷ്യൽ ക്ലബ് ആസ്ഥാനത്ത്, ഇന്ത്യ പ്രസ് ക്ലബ് ഓഫ് നോർത്ത് അമേരിക്ക ഷിക്കാഗോ ചാപ്റ്ററിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച പ്രസ് മീറ്റിൽ സോഷ്യൽ ക്ലബ് ഭാരവാഹികളും ടൂർണമെന്റ് കമ്മിറ്റി അംഗങ്ങളും മത്സരത്തിന്റെ ഒരുക്കങ്ങളും പ്രത്യേകതകളും മാധ്യമങ്ങളുമായി പങ്കുവെച്ചു. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നായി പതിനാറോളം പ്രമുഖ ടീമുകൾ ഇത്തവണത്തെ മത്സരത്തിൽ പങ്കെടുക്കും.

വൻ സമ്മാനത്തുകകളും ആവേശകരമായ പോരാട്ടങ്ങളും കൊണ്ട് ഇതിനകം തന്നെ അന്താരാഷ്ട്ര വടംവലി രംഗത്ത് ശ്രദ്ധ നേടിയ ഷിക്കാഗോ സോഷ്യൽ ക്ലബ്ബിന്റെ ടൂർണമെന്റിലേക്ക് ഈ വർഷവും ലോകമെമ്പാടുമുള്ള വടംവലി പ്രേമികളുടെ ശ്രദ്ധ തിരിയുകയാണ്.

പ്രശസ്ത സിനിമാതാരം അൻസിബ ഹസനും പ്രശസ്ത ഗായകൻ സുധീഷ് ശശികുമാറും മുഖ്യാതിഥികളായി പങ്കെടുക്കും. കായികമത്സരത്തോടൊപ്പം കലയും വിനോദവും ഭക്ഷണവിരുന്നും ഒരുമിക്കുന്ന വലിയ ആഘോഷമായാണ് സംഘാടകർ ഇത്തവണത്തെ ടൂർണമെന്റ് ഒരുക്കുന്നത്.

മത്സരത്തിലെ ഒന്നാം സമ്മാന ജേതാക്കൾക്ക് 11,111 ഡോളറും മാണി നെടിയേക്കാലായിൽ മെമ്മോറിയൽ എവർ റോളിംഗ് ട്രോഫിയും ലഭിക്കും. രണ്ടാം സമ്മാനമായി 5,555 ഡോളറും ജോയി മുണ്ടംപ്ലാക്കൽ മെമ്മോറിയൽ എവർ റോളിംഗ് ട്രോഫിയും, മൂന്നാം സമ്മാനമായി 3,333 ഡോളറും ചാക്കോ ആൻഡ് മറിയം കഴിക്കേക്കുറ്റ് മെമ്മോറിയൽ എവർറോളിംഗ് ട്രോഫിയും, നാലാം സമ്മാനമായി 1,111 ഡോളറും ഷിക്കാഗോ മംഗല്യ ജ്വല്ലറി ട്രോഫിയും നൽകും.

ഷിക്കാഗോ സോഷ്യൽ ക്ലബ് പ്രസിഡന്റ് റൊണാൾഡ് പൂക്കുമ്പേൽ, വൈസ് പ്രസിഡന്റ് സണ്ണി ഇണ്ടിക്കുഴി, സെക്രട്ടറി രാജു മാനുങ്കൽ, ട്രഷറർ ബിജോയി കാപ്പൻ, ജോയിന്റ് സെക്രട്ടറി തോമസ് പൂതേത്ത് എന്നിവരുടെ നേതൃത്വത്തിലാണ് ക്ലബ്ബിന്റെ പ്രവർത്തനങ്ങൾ മുന്നോട്ടുപോകുന്നത്.

ടൂർണമെന്റ് കമ്മിറ്റിക്ക് സിറിയക്ക് കൂവക്കാട്ടിൽ ചെയർമാനായും, മാനി കരിക്കുളം വൈസ് ചെയർമാനായും, സ്റ്റീഫൻ കഴിക്കേക്കുറ്റ് ജനറൽ കൺവീനറായും, ബിനു കൈതക്കത്തോട്ടിൽ ഫിനാൻസ് ചെയർമാനായും നേതൃത്വം നൽകുന്നു.

വിപുലമായ വിവിധ കമ്മിറ്റികളുടെ നേതൃത്വത്തിൽ മാസങ്ങളായി തുടരുന്ന ഒരുക്കങ്ങളാണ് ഇപ്പോൾ അവസാനഘട്ടത്തിലെത്തിയിരിക്കുന്നത്.


പ്രസിഡന്റ് – റൊണാൾഡ് പൂക്കുമ്പേൽ


ചെയർമാൻ– സിറിയക്ക് കൂവക്കാട്ടിൽ


വൈസ് പ്രസിഡന്റ് – സണ്ണി ഇണ്ടിക്കുഴി


സെക്രട്ടറി – രാജു മാനുങ്കൽ


ഫുഡ് ചെയർ – ജോസ് മണക്കാട്ട്


ട്രഷറർ – ബിജോയി കാപ്പൻ


ജോ.സെക്രട്ടറി – തോമസ് പൂതേത്ത്




## ചരിത്രത്തിലാദ്യമായി ഇൻഡോർ വേദിയിൽ

ഷിക്കാഗോ സോഷ്യൽ ക്ലബ്ബിന്റെ അന്താരാഷ്ട്ര വടംവലി ചരിത്രത്തിൽ ആദ്യമായാണ് മത്സരം പൂർണമായും ഇൻഡോർ സ്റ്റേഡിയത്തിൽ നടത്തപ്പെടുന്നത്. കാലാവസ്ഥയെ ആശ്രയിക്കാതെ കാണികൾക്കും മത്സരാർത്ഥികൾക്കും ഒരുപോലെ മികച്ച അനുഭവം ഒരുക്കുക എന്ന ലക്ഷ്യത്തോടെയാണ് ഇത്തവണ എനർജി സ്പോർട്സ് കോംപ്ലക്സ് വേദിയായി തിരഞ്ഞെടുത്തിരിക്കുന്നത്. ആയിരക്കണക്കിന് കാണികളെ ഉൾക്കൊള്ളാൻ കഴിയുന്ന വിശാലമായ സൗകര്യം, മികച്ച പാർക്കിംഗ് സംവിധാനങ്ങൾ, ഷിക്കാഗോ നഗരത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും സമീപ സംസ്ഥാനങ്ങളിൽ നിന്നുമുള്ള എളുപ്പത്തിലുള്ള യാത്രാ സൗകര്യം എന്നിവ വേദിയുടെ പ്രധാന സവിശേഷതകളാണ്.

വടംവലി മത്സരത്തോടൊപ്പം കുടുംബങ്ങൾക്കും കാണികൾക്കും ആസ്വദിക്കാവുന്ന വിവിധ കലാപരിപാടികളും സംഘാടകർ ഒരുക്കിയിട്ടുണ്ട്. അതോടൊപ്പം വിവിധ രുചിവൈവിധ്യങ്ങൾ പരിചയപ്പെടുത്തുന്ന ഇന്ത്യ ഫുഡ് ഫെസ്റ്റും ടൂർണമെന്റിന്റെ പ്രധാന ആകർഷണങ്ങളിലൊന്നായിരിക്കും. ഈ വർഷത്തെ അന്താരാഷ്ട്ര വടംവലി മത്സരത്തിന് എലീറ്റ് ഗെയിമിംഗ്, പേരന്റ് പെട്രോളിയം, ഗോൾഡ് റഷ് ഗെയിമിംഗ്, ലക്കി ലിങ്കൺ ഗെയിമിംഗ് തുടങ്ങിയ സ്ഥാപനങ്ങൾ ഉൾപ്പെടെ നിരവധി പ്രമുഖ സ്പോൺസർമാർ പിന്തുണയുമായി എത്തിയിട്ടുണ്ട്.

സ്പോൺസർമാരുടെയും സോഷ്യൽ ക്ലബ് അംഗങ്ങളുടെയും കായികപ്രേമികളുടെയും ശക്തമായ പിന്തുണയാണ് വർഷംതോറും ടൂർണമെന്റിനെ കൂടുതൽ വിപുലമാക്കുന്നതെന്ന് സംഘാടകർ അറിയിച്ചു.

## സെപ്തംബർ 5, 6 തീയതികളിൽ കായികോത്സവം

സെപ്തംബർ 5, 6 തീയതികളിലെ വാരാന്ത്യം ഷിക്കാഗോയിലെ മലയാളി കായികപ്രേമികൾക്ക് വലിയ കായികോത്സവമായി മാറും. സെപ്തംബർ 5 ശനിയാഴ്ച ഇതേ എനർജി സ്പോർട്സ് കോംപ്ലക്സിൽ എൻ.കെ. ലൂക്കോസ് മെമ്മോറിയൽ എവർറോളിംഗ് ട്രോഫിക്കായുള്ള വോളിബോൾ ടൂർണമെന്റും, പിറ്റേന്ന് സെപ്തംബർ 6 ഞായറാഴ്ച ഷിക്കാഗോ സോഷ്യൽ ക്ലബ്ബിന്റെ പന്ത്രണ്ടാമത് അന്താരാഷ്ട്ര വടംവലി മത്സരവും അരങ്ങേറും.

രണ്ട് ദിവസങ്ങളിലായി നടക്കുന്ന ഈ കായികമാമാങ്കങ്ങളുടെയും നടത്തിപ്പിൽ ഷിക്കാഗോ സോഷ്യൽ ക്ലബ്ബിന്റെ അംഗങ്ങൾ സജീവമായി നേതൃത്വം നൽകുന്നു എന്നത് ഏറെ ശ്രദ്ധേയമാണെന്നും, ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നെത്തുന്ന ടീമുകളെയും കായികപ്രേമികളെയും സ്വീകരിക്കാൻ ഷിക്കാഗോ ഒരുങ്ങിക്കഴിഞ്ഞതായും ടൂർണമെന്റ് കമ്മിറ്റിക്ക് വേണ്ടി സിറിയക്ക് കൂവക്കാട്ടിൽ അറിയിച്ചു.

വാശിയേറിയ പോരാട്ടങ്ങളും ലോകോത്തര ടീമുകളുടെ സാന്നിധ്യവും വൻ സമ്മാനത്തുകയും സിനിമാസംഗീത താരങ്ങളുടെ സാന്നിധ്യവും കലാപരിപാടികളും ഇന്ത്യ ഫുഡ് ഫെസ്റ്റും ഒരുമിക്കുന്ന സെപ്തംബർ 6ലെ അന്താരാഷ്ട്ര വടംവലി മാമാങ്കത്തിനായി ഇനി ഷിക്കാഗോ കാത്തിരിക്കുകയാണ്.

ഇന്ത്യാ പ്രസ്ക്ലബ്ബ് പ്രസിഡന്റ് പ്രസന്നൻ പിള്ളയുടെ നേതൃത്വത്തിൽ ബിജു കിഴക്കേക്കുറ്റ് (എൻ.ആർ.ഐ റിപ്പോർട്ടർ), ബിജു സഖറിയാ (ഫ്ളവേഴ്സ് ടിവി യുഎസ്എ), സാജു കണ്ണമ്പള്ളി (കെവി ടിവി), അലൻ ജോർജ്ജ് (ഏഷ്യാനെറ്റ് ന്യൂസ്), ജോസ് ചെന്നിക്കര (വാചകം) എന്നിവരടക്കം ഷിക്കാഗോയിലെ വിവിധ മാധ്യമ പ്രവർത്തകർ പ്രസ്സ് മീറ്റിൽ പങ്കെടുത്തു.

*റിപ്പോർട്ട്: അനിൽ മറ്റത്തിക്കുന്നേൽ*

# ST. MARY'S SYRO-MALANKARA CATHOLIC CHURCH CHICAGO

Celebrates

# THE FEAST OF THE NATIVITY OF BLESSED MOTHER MARY

**August 30 - September. 13, 2026**

**1208 Ashland Ave., Evanston, IL 60202**



## Schedule of Feast

**SUNDAY, AUGUST 30**

10:00AM **MORNING PRAYER**
**SACRAMENT OF PENANCE**
10:30AM **HOLY QURBONO**
CELEBRANT: REV. FR. JERRY MATHEW
**INTERCESSORY PRAYER**
**KODIYETTU**

**TUE-TUE, SEPTEMBER 1-8**

6:30PM **ROSARY**
**HOLY QURBONO**
MAIN CELEBRANT ON SEP 4TH FRIDAY-
**BISHOP SAMUEL MAR IRENIOS**
(PATHANAMTHITTA DIOCESE)
**INTERCESSORY PRAYERS**

**SATURDAY, SEPTEMBER 12**

4:30PM **HOLY QURBONO** (ENGLISH)
MAIN CELEBRANT: REV. FR.THOMAS (NOBY) AYYANETH
6:00 PM **PROCESSION**
7:00 PM **CULTURAL NIGHT AND DINNER**

**SUNDAY, SEPTEMBER 13**

10:00AM **MORNING PRAYER**
10:30AM **HOLY QURBONO**
MAIN CELEBRANT: REV.FR. THOMAS (NOBY) AYYANETH
**INTERCESSORY PRAYER**
**PROCESSION &**
**KODIYIRAKKU**
**AGAPE**

കുടുംബസമേതം തിരുനാളിൽ പങ്കുകൊണ്ട് പരിശുദ്ധ അമ്മയുടെ മാദ്ധ്യസ്ഥം തേടി അനുഗ്രഹം പ്രാപിക്കാൻ ഏവരേയും ഹൃദയപൂർവ്വം ക്ഷണിച്ചുകൊള്ളുന്നു.



**Feast Sponsors**

DR. ISSAC PLAMOOTTIL & FAMILY
MR. JOMY JOY AND FAMILY
MR. MATHEW VARGHESE & FAMILY
MR. PRAKASH VARGHESE & FAMILY
MR. PRAMOD ZACHARIAS & FAMILY
MR. REJI MANGALAPPALIL & FAMILY
MR. STEPHEN MANGALAPALIL & FAMILY

**Feast Coordinators**

MR. RENJITH THOMAS / MS. JASMINE SAJI

**PARISH VICAR:** FR. JERRY MATHEW
**TREASURER:** RENJAN ABRAHAM
**JOINT TREASURER:** RENJITH THOMAS
**SECRETARY:** BENJAMIN THOMAS
**JOINT SECRETARY:** CIBY DANIEL

With prayers from **Pramod Zacharias and Family**

# 'അവരെക്കൊണ്ട് ഞങ്ങൾക്ക് ഒരു ആവശ്യവുമില്ല'; കാനഡക്കെതിരെ വാണിജ്യ അങ്കം കടുപ്പിച്ച് അമേരിക്കൻ പ്രസിഡന്റ് ഡൊണാൾഡ് ട്രംപ്

അയൽരാജ്യമായ കാനഡയ്ക്കെതിരെ പുതിയ കടുപ്പമേറിയ ഭീഷണികളും കടുത്ത ആരോപണങ്ങളുമായി അമേരിക്കൻ പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് വീണ്ടും രംഗത്തെത്തി. അമേരിക്കയ്ക്ക് കാനഡയുടെ യാതൊരു ആവശ്യവുമില്ലെന്നും ദശാബ്ദങ്ങളായി തങ്ങളെ ചൂഷണം ചെയ്യുന്ന നയമാണ് കാനഡ സ്വീകരിക്കുന്നതെന്നും ട്രംപ് പരസ്യമായി കുറ്റപ്പെടുത്തി.



കാനഡയിലെ ബാങ്കിംഗ്, വ്യോമയാന മേഖലകളെയും കർഷകർക്ക് മേൽ ഏർപ്പെടുത്തിയിരിക്കുന്നഉയർന്നതീരുവകളെയും ലക്ഷ്യമിട്ടാണ് ട്രംപ് ഇത്തവണ ഓവൽ ഓഫീസിൽ രൂക്ഷവിമർശനം ഉന്നയിച്ചിരിക്കുന്നത്. രണ്ട് രാജ്യങ്ങളും തമ്മിലുള്ള വ്യാപാര അസ്വാരസ്യങ്ങൾ കൂടുതൽ വഷളാകുന്നതിന്റെ സൂചനയാണിത്. അമേരിക്കൻ ബാങ്കുകൾക്ക് കാനഡയിൽ സുഗമമായി പ്രവർത്തിക്കാൻ അനുമതി നൽകുന്നില്ലെന്ന് ട്രംപ് ആരോപിച്ചു. എന്നാൽ കാനഡയിലെ പ്രധാന ബാങ്കുകൾ അമേരിക്കൻ വിപണിയിൽ നിന്നും വൻതോതിൽ വരുമാനം ഉണ്ടാക്കുന്നുണ്ടെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി.

വ്യോമയാന മേഖലയിൽ അമേരിക്കൻ നിർമ്മിത പ്രൈവറ്റ് ജെറ്റുകൾക്ക് കാനഡ അനുമതി നിഷേധിക്കുകയാണെന്ന് ട്രംപ് കുറ്റപ്പെടുത്തി. സ്വന്തം വിമാനക്കമ്പനിയായ ബോംബാർഡിയറിന് വിപണിയിൽ സംരക്ഷണം നൽകാനാണ് ഗൾഫ്സ്ട്രീം ജെറ്റുകൾക്ക് അംഗീകാരം നൽകാത്തതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

സെപ്തംബർ എട്ട് മുതൽ യുഎസ് ഉൽപ്പന്നങ്ങൾക്ക് മേൽ കാനഡിയൻ പ്രധാനമന്ത്രി മാർക്ക് കാർണി തിരിച്ചടി തീരുവകൾ ഏർപ്പെടുത്താൻ തീരുമാനിച്ചതിന് പിന്നാലെയാണ് ട്രംപിന്റെ ഈ പ്രകോപനപരമായ പ്രസ്താവന പുറത്തുവന്നത്.

തങ്ങൾക്ക്ആവശ്യത്തിന്എണ്ണയും വാതകവും തടിയും സ്വന്തമായിട്ടുണ്ടെന്നും കാനഡയെ ആശ്രയിക്കുന്നത് കുറയ്ക്കുമെന്നും ട്രംപ് തുറന്നടിച്ചു. പ്രതിവർഷം ശകോടി ഡോളറിന്റെ വ്യാപാര നഷ്ടം ഉണ്ടാക്കി കാറുകൾ ഇറക്കുമതി ചെയ്യാൻ തങ്ങൾ ഉദ്ദേശിക്കുന്നില്ലെന്നും അദ്ദേഹം വ്യക്തമാക്കി. അടുത്തിടെ ഒന്റാറിയോ തടാകത്തിന്റെ പേര് 'ലേക്ക് അമേരിക്ക' എന്ന് പുനർനാമകരണം ചെയ്ത തന്റെ നടപടിയെയും ട്രംപ് ന്യായീകരിച്ചു. അമേരിക്കൻ ജനത സ്വന്തം രാജ്യത്തിന്റെ താല്പര്യങ്ങൾക്ക് വേണ്ടിയുള്ള ഇത്തരം ശക്തമായ നിലപാടുകളെ പിന്തുണയ്ക്കുന്നുണ്ടെന്ന് അദ്ദേഹം അവകാശപ്പെട്ടു.

ട്രംപിന്റെ വാദങ്ങളെ കാനഡിയൻ ബാങ്കേഴ്സ് അസോസിയേഷൻ ശക്തമായി എതിർത്തു. കാനഡയിലുള്ള വിദേശ ബാങ്ക് ആസ്തികളുടെ പകുതിയും അമേരിക്കൻ ബാങ്കുകളുടെ ഉപകമ്പനികളാണെന്ന് അവർ ചൂണ്ടിക്കാട്ടി. രണ്ട് രാജ്യങ്ങളും തമ്മിലുള്ള ഈ പരോക്ഷ വ്യാപാര യുദ്ധം ഇരു രാജ്യങ്ങളിലെയും അതിർത്തി കടന്നുള്ള ചരക്ക് നീക്കത്തെയും വ്യവസായങ്ങളെയും കടുത്ത പ്രതിസന്ധിയിലാക്കുമെന്ന് സാമ്പത്തിക വിദഗ്ദ്ധർ ഭയപ്പെടുന്നു.

കാനഡയിൽ കഴിയുന്ന നിരവധി പ്രവാസി കുടുംബങ്ങളും വ്യാപാരികളും നിലവിലെ അനിശ്ചിതത്വങ്ങളെ കടുത്ത ആശങ്കയോടെയാണ് കാണുന്നത്. വിപണിയിൽ നിത്യോപയോഗ സാധനങ്ങളുടെ വില ഇനിയും ഉയർന്നേക്കാം. ഇരുരാജ്യങ്ങളും തമ്മിൽ നിലനിൽക്കുന്ന ഉഭയകക്ഷി കരാറുകളെയും വാണിജ്യ ബന്ധങ്ങളെയും ട്രംപിന്റെ പുതിയ നിലപാടുകൾ പൂർണ്ണമായും തകിടം മറിക്കാൻ സാധ്യതയുണ്ട്.

തുടർച്ചയായുണ്ടാകുന്ന ഈ വാദപ്രതിവാദങ്ങൾ വടക്കേ അമേരിക്കൻ സാമ്പത്തിക വിപണികളിലും നിക്ഷേപ അന്തരീക്ഷത്തിലും വലിയ ചാഞ്ചാട്ടങ്ങൾ ഉണ്ടാക്കിയിട്ടുണ്ട്. അതിർത്തി സുരക്ഷ ഉറപ്പാക്കാനും സാമ്പത്തിക സമ്മർദ്ദം ചെലുത്താനുമുള്ള ശ്രമങ്ങൾ വൈറ്റ് ഹൗസ് വരും ദിവസങ്ങളിൽ കൂടുതൽ കടുപ്പിച്ചേക്കും. കാനഡിയൻ ഭരണകൂടവും അമേരിക്കൻ ഉൽപ്പന്നങ്ങൾക്ക് മേൽ കൂടുതൽ നിയന്ത്രണങ്ങൾ ഏർപ്പെടുത്തി തിരിച്ചടിയ്ക്കാൻ തയാറെടുക്കുകയാണ്.

യുഎസ് കോൺഗ്രസിലെ മുതിർന്ന അംഗങ്ങളും ട്രംപിന്റെ ഈ കടുപ്പമേറിയ വിദേശ വ്യവസായ നയങ്ങൾക്കെതിരെ പ്രതിഷേധവുമായി രംഗത്തെത്തിയിട്ടുണ്ട്. വ്യോമയാന വിപണിയിലും ബാങ്കിംഗ് മേഖലയിലും തടസ്സങ്ങൾ തുടർന്നാൽ ഇരുരാജ്യങ്ങളിലെയും സാധാരണക്കാരായ യാത്രികരും ബിസിനസുകാരും ദുരിതത്തിലാകും.

പ്രതിസന്ധി പരിഹരിക്കാൻ നയതന്ത്ര ചർച്ചകൾ പുനരാരംഭിക്കണമെന്ന് വിവിധ അന്താരാഷ്ട്ര വാണിജ്യ സംഘടനകൾ ആവശ്യപ്പെടുന്നുണ്ട്. വരാനിരിക്കുന്ന യുഎസ് മിഡ്ടേം തിരഞ്ഞെടുപ്പ് പ്രചാരണങ്ങളിലും കാനഡയുമായുള്ള ഈ വ്യാപാര തർക്കം പ്രധാന വിഷയം ആയി മാറും. ഇരു രാജ്യങ്ങളും തമ്മിലുള്ള തർക്കങ്ങൾ ആഗോള സാമ്പത്തിക വിപണിയെയും എണ്ണവിലയെയും പരോക്ഷമായി ബാധിക്കാൻ ഇടയുണ്ട്.

അന്താരാഷ്ട്ര മാധ്യമങ്ങൾ അതീവ പ്രാധാന്യത്തോടെയാണ് വാഷിംഗ്ടണിൽ നിന്നും ഒട്ടാവയിൽ നിന്നുമുള്ള പുതിയ സംഭവവികാസങ്ങൾ റിപ്പോർട്ട് ചെയ്യുന്നത്.

# ജീവിച്ചിരിക്കുന്ന യുഎസ് പ്രസിഡന്റിന്റെ മുഖം നാണയത്തിൽ! ഡൊണാൾഡ് ട്രംപിന്റെ ചിത്രം പതിച്ച പുതിയ 'ഗോൾഡൻ വൺ ഡോളർ' നാണയങ്ങൾ വിൽപ്പന ആരംഭിച്ചു

അമേരിക്കൻ ഐക്യനാടുകളുടെ ചരിത്രത്തിൽ വിപ്ലവാത്മകവും അപൂർവ്വവുമായ തീരുമാനത്തിലൂടെ പ്രസിഡന്റ് ഡൊണാൾഡ് ട്രംപിന്റെ ചിത്രം പതിപ്പിച്ച പുതിയ 'ഒരു ഡോളർ' നാണയങ്ങൾ യുഎസ് മിന്റ് പുറത്തിറക്കി. രാജ്യത്തിന്റെ 250-ാം വാർഷിക ആഘോഷങ്ങളുടെ ഭാഗമായാണ് അമേരിക്കൻ ചരിത്രത്തിലെ വിസ്മയകരമായ ഈ പുതിയ നീക്കം.




സാധാരണയായി ജീവിച്ചിരിക്കുന്ന ഭരണാധികാരികളുടെ ചിത്രങ്ങൾ കറൻസികളിലോ നാണയങ്ങളിലോ ഉൾപ്പെടുത്താത്ത പരമ്പരാഗത യുഎസ് നിയമങ്ങളെ മറികടന്നാണ് ട്രംപിന്റെ മുഖം പതിച്ച പുതിയ സ്വർണ്ണനിറത്തിലുള്ള നാണയങ്ങൾ വിപണിയിൽ എത്തിയത്. അമേരിക്കൻ യുണൈറ്റഡ് സ്റ്റേറ്റ്സ് മിന്റിന്റെ ഔദ്യോഗിക വെബ്സൈറ്റ് വഴി നാണയങ്ങളുടെ വിൽപ്പന ആരംഭിച്ചു കഴിഞ്ഞു.

ഗോൾഡൻ ഫിനിഷോട് കൂടിയാണ് ഈ ഒരു ഡോളർ നാണയങ്ങൾ രൂപകൽപ്പന ചെയ്തിരിക്കുന്നത്. തങ്കം പോലെയുള്ള സ്വർണ്ണനിറമാണ് നൽകിയിട്ടുള്ളതെങ്കിലും ഇതിൽ യഥാർത്ഥ സ്വർണ്ണം അടങ്ങിയിട്ടില്ല. ചെമ്പ്, സിങ്ക്, നിക്കൽ, മാംഗനീസ് എന്നിവയുടെ സങ്കരലോഹമാണ് നാണയ നിർമ്മാണത്തിനായി ഉപയോഗിച്ചിരിക്കുന്നത്.

നാണയത്തിന്റെ മുൻഭാഗത്ത് 'ലിബർട്ടി', 'ഇൻ ഗോഡ് വി ട്രസ്റ്റ്', '1776 2026' എന്നീ വാചകങ്ങൾക്കൊപ്പം പ്രസിഡന്റ് ഡൊണാൾഡ് ട്രംപിന്റെ ഔദ്യോഗിക ഛായാചിത്രവും രേഖപ്പെടുത്തിയിട്ടുണ്ട്. മറുഭാഗത്ത് അമേരിക്കൻ ഈഗിളിന്റെയും പ്രസിഡൻഷ്യൽ സീലിന്റെയും ഗാംഭീര്യമാർന്ന ചിത്രമാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

കളക്ടർമാരെയും നാണയ ശേഖരണ പ്രേമികളെയും ലക്ഷ്യമിട്ടാണ് യുഎസ് മിന്റ് ഈ നാണയങ്ങൾ ലഭ്യമാക്കിയിരിക്കുന്നത്. 25 നാണയങ്ങളുള്ള ഒരു റോളിന് 61 ഡോളറും, 100 നാണയങ്ങളുള്ള ബാഗിന് 154.50 ഡോളറുമാണ് വില നിശ്ചയിച്ചിരിക്കുന്നത്.

നാണയത്തിന്റെ രൂപകൽപ്പനയ്ക്ക് വൈറ്റ് ഹൗസ് നിയമിച്ച ഫെഡറൽ കമ്മീഷൻ ഓഫ് ഫൈൻ ആർട്സ് മുൻപേ തന്നെ ഔദ്യോഗിക അംഗീകാരം നൽകിയിരുന്നു. സ്വന്തം മുഖം നാണയത്തിൽ വരുന്നത് തികച്ചും വ്യത്യസ്തവും അഭിമാനകരവുമായ കാര്യമാണെന്ന് മുൻപ് ട്രംപ് തന്നെ പ്രതികരിച്ചിരുന്നു.

നിലവിലുള്ള രാജ്യത്തെ നിയമപ്രകാരം അന്തരിച്ച പ്രസിഡന്റുമാരുടെ ചിത്രങ്ങൾ മാത്രമാണ് കറൻസിയിൽ അച്ചടിക്കാൻ പാടുള്ളത്. എന്നാൽ 2020ൽ പാസാക്കിയ പ്രത്യേക നിയമത്തിലെ ഇളവുകൾ പ്രയോജനപ്പെടുത്തിയാണ് ട്രംപ് ഭരണകൂടം ഈ നീക്കം സാധ്യമാക്കിയത്.

അമേരിക്കൻ ചരിത്രത്തിൽ ഇതിനുമുമ്പ് 1926ൽ അന്നത്തെ പ്രസിഡന്റ് കാൽവിൻ കൂളിഡ്ജിന്റെ മുഖം 150-ാം വാർഷികത്തോടനുബന്ധിച്ച് അര ഡോളർ നാണയത്തിൽ ഉൾപ്പെടുത്തിയിരുന്നു. അതിനുശേഷം ഇതാദ്യമായാണ് ഒരു രാജ്യത്തലവൻ അധികാരത്തിലിരിക്കുമ്പോൾ തന്നെ അമേരിക്കൻ നാണയത്തിൽ ഇടംപിടിക്കുന്നത്.

നാണയങ്ങൾക്ക് വൻ ഡിമാൻഡ് ഉയർന്നതോടെ തുടക്കത്തിൽ ഒരു കുടുംബത്തിന് പരമാവധി രണ്ട് ഓർഡറുകൾ മാത്രം നൽകാനുള്ള നിയന്ത്രണവും മിന്റ് ഏർപ്പെടുത്തിയിട്ടുണ്ട്. വരും ദിവസങ്ങളിൽ കൂടുതൽ നാണയങ്ങൾ വിപണിയിൽ എത്തും.

അമേരിക്കയുടെ കാൽ നൂറ്റാണ്ട് പിന്നിടുന്ന ചരിത്ര നേട്ടത്തെ സ്മരിക്കുന്നതിനൊപ്പം ഡൊണാൾഡ് ട്രംപ് എന്ന ഭരണാധികാരിയുടെ വ്യക്തിമുദ്ര കൂടി അടയാളപ്പെടുത്തുന്നതാണ് ഈ പുതിയ ഗോൾഡൻ ഡോളർ നാണയങ്ങൾ.

Published from Chicago by Vachakam Ltd,
1001 E. Chicago Ave. Ste.151, Naperville
Illinois 60540, USA. (Corporate Office).

Founder, Chairman & CEO:
Jose Chennikkara
Co-Founder Vice Chairman and CEO:
Cyril Chennikkara
Editor: Joshy George
Online Editor: Robins Antony
Overseas Operations Director:
Rosy John.
Contributors:
C. Radhakrishnan
Dr. Sebastian Paul
N.P. Chekutty
Sergey Antony
Antony Chadayammury
Babu Kadalikad
1-773-888-2242
1-773-842-9149, 1-773-888-2243
E-Mail: news@vachakam.com
vachakamonline@gmail.com
website www.vachakam.com
(A newspaper (print & online)
for Malayalees worldwide)
Cost $1.00 per copy
**1-773-888-2242**
**1-773-842-9149**
**Email: vachakamonline@gmail.com**
**E-Paper reading**
**visit vachakam.com**
Disclaimer
Vachakam Ltd. assumes no liability or responsibility for claims against advertisments, advertorials, articles or copyright issues.

## റീ...പോളിംഗ്




*ഉപനേതാവ് പ്രശ്നത്തിൽ മെരുങ്ങാതെ സി.പി.ഐ.*

# മൂന്നാം ചരമവാർഷികം

**4th September, 2026**



# മേരി തോമസ് തേക്കനാൽ (മേരി സർ)

(മല്ലപ്പള്ളി നെല്ലിമൂട് സെൻ്റ് തോമസ് എൽ.പി. സ്കൂൾ റിട്ട. പ്രധാന അദ്ധ്യാപിക)

**Inserted by:** Sam Thomas Thekkanal

മാറുന്ന കാലം 30

# മാറുന്ന മലയാളി മനസ്



സെർജി ആന്റണി

മലയാളി മനസ് ഇത്രയധികം വിഷലിപ്തമാകുന്നത് എന്തുകൊണ്ടാണ്? മനുഷ്യർക്ക് എങ്ങിനെ ഇങ്ങനെയൊക്കെ പെരുമാറാനാകും? ചുറ്റുപാടും നടക്കുന്ന പല സംഭവങ്ങളും ഇത്തരമൊരു ചോദ്യം പലരുടെയും മനസിൽ ഉയർത്തുന്നു. വികസിത, പരിഷ്കൃത സമൂഹമെന്നു കരുതുന്ന അമേരിക്കയിലും യൂറോപ്പിലുമൊക്കെ അരങ്ങേറുന്ന ചില ക്രൂരമായ കൊലപാതകങ്ങളും മറ്റും നമ്മുടെ മാധ്യമങ്ങളിലും വരാറുണ്ട്.

അമേരിക്കയിൽ സ്കൂളുകളിൽ പോലും തോക്കുമായി എത്തുന്ന കുട്ടികൾ നിറയൊഴിച്ചു നിരവധിപേരെ വകവരുത്തുന്ന സംഭവങ്ങൾ നാം കേൾക്കാറുണ്ട്. നമ്മുടെ നാട്ടിലാണെങ്കിൽ ഇതിനെയൊക്കെ വളർത്തദോഷമെന്നു പറഞ്ഞ് നാം വിമർശിക്കും. കൊലപാതകം കൊടിയ ക്രൂരതയാണല്ലോ.

ക്രൂരമനസുള്ളവർക്കേ അതു ചെയ്യാനാവൂ. ചുരുക്കം ചില അവസരങ്ങളിൽ ക്ഷിപ്രകോപമോ പെട്ടെന്നുണ്ടാകുന്ന മാനസിക വിഭ്രാന്തിയോ ഒക്കെ കൊലപാതകത്തിലേക്കു നയിച്ചേക്കാം. എന്നാൻ അത്തരത്തിലൊരു സൂചനപോലും നൽകാത്തവർ പൊടുന്നനെ ചില കേസുകളിൽ പെടുമ്പോൾ എല്ലാവരും അത്ഭുതസ്തംബധരാകും. പിന്നീട് അവരെക്കുറിച്ചു പല കഥകളും വരും. ഇത്തരം ചില സംഭവങ്ങൾ കഥയ്ക്കും സിനിമയ്ക്കുമൊക്ക ഇതിവൃത്തം ആയിട്ടുണ്ട്.

പിടികിട്ടാപ്പുള്ളി സുകുമാരക്കുറുപ്പി നെബ്രൂണെയിൽകണ്ടെന്നകള്ളക്കഥഅടുത്തകാലത്ത് ആഭ്യന്തര മന്ത്രിയെയും കേരള പോലീസിനെയുമൊക്കെ ഏതാനും ദിവസം വട്ടംകറക്കി. അതു കുറുപ്പല്ലെന്നും നാലു പതിറ്റാണ്ടുമുമ്പു ബ്രൂണെയിലെത്തിയ മറ്റൊരു മലയാളി ആണെന്നും പിന്നീട് തിരിച്ചറിഞ്ഞു. 'ബ്രൂണെയിലെ കുറുപ്പിനെ' പിടികൂടാൻ ഇന്റർപോളിന്റെ സഹായം തേടാനിരിക്കുകയായിരുന്നു കേരള പോലീസ്. സുകുമാരക്കുറുപ്പ് കേരളത്തിന്റെ കുറ്റകൃത്യ ചരിത്രത്തിൽ നാലു പതിറ്റാണ്ടു പിന്നിട്ടൊരു കൗതുക കഥാപാത്രമായിരിക്കുന്നു.

അമേരിക്കയിലെ കലിഫോർണിയയിൽ മലയാളികളായ മൂന്ന് വനിതാ സുഹൃത്തക്കൾ ഉൾപ്പെട്ട ഒരു കൊലപാതക കേസ് വലിയ ചർച്ചയ്ക്കു വിധേയമായത് അതിൽ ദുരൂഹതയുടെ അളവ് വളരെ അധികം ആയതുകൊണ്ടുകൂടിയാണ്. രണ്ടു പേർ കൊല്ലപ്പെട്ടു. കൊലപാതകം നടത്തിയത് മൂന്നാമത്തെ സുഹൃത്തും. സംഭവം നടക്കുന്നതിനു തൊട്ടുമുമ്പ് ഇവർ മൂവരും ഒരുമിച്ച് അവിടെ ഒരു ഓണപ്പരിപാടിയിൽ പങ്കെടുത്തിരുന്നു. മൂവരും സെറ്റുമുണ്ടുടുത്തു നിൽക്കുന്ന ചിത്രങ്ങളും ഉണ്ട്.

35 വയസുള്ള തൃശൂർ മുടിക്കോട്ട് തെക്കൂട്ട് അഞ്ജന ഹരി, 40 വയസുള്ള തിരുവനന്തപുരം കേശവദാസപുരം കാക്കനാട് ലെയ്നിൽ മറ്റത്ത് ആൻ മേരി മാത്യു എന്നിവരാണ് കൊല്ലപ്പെട്ടത്. കേസിൽ പ്രതി ഇവരുടെ ഉറ്റ സുഹൃത്തുകൂടിയായ ഈരാറ്റപേട്ട മൂന്നിലവ് തഴയ്ക്കവയൽ മാറാമറ്റം അനില ബേബി എന്ന 32കാരിയും. മൂവരും ഒരേ ഫ്ളാറ്റ് സമുച്ചയത്തിലാണ് താമസിച്ചിരുന്നത്.

ആൻ മേരി ഫ്ളാറ്റിൽ കുത്തേറ്റു മരിച്ചനിലയിലാണ് കാണപ്പെട്ടത്. അപ്പാർട്ടുമെന്റിന്റെ പാർക്കിംഗ് സ്ഥലത്തേക്ക് അഞ്ജനയെവിളിച്ചു വരുത്തിയശേഷം കാറിടിപ്പിച്ചു കൊല്ലുകയായിരുന്നു. ഇതിന് ദൃക്സാക്ഷികളുണ്ട്. സോഫ്റ്റ്വെയർ എൻജിനിയറാണ് അനില. ഭർത്താവും നാലു വയസുള്ള കുട്ടിയുമുണ്ട്.

അമേരിക്കയിൽ തോക്കു കൈവശം വയ്ക്കുന്നതുമായി ബന്ധപ്പെട്ട നിയമം വലിയ വിവാദമുളവാക്കിയിരുന്നു. ഈ വർഷം ഓഗസ്റ്റ് വരെ അമേരിക്കയിലെ വിദ്യാലയങ്ങളിൽ മാത്രം 39 വെടിവയ്പ് കേസുകളാണ് ഉണ്ടായതെന്ന് സിഎൻഎൻ റിപ്പോർട്ട് ചെയ്യുന്നു. ഇതിൽ 24 എണ്ണവും സ്കൂൾ പരിസരങ്ങളിലായിരുന്നു. കോളജുകളിൽ 12 വെടിവയ്പു കേസുകളാണ് റിപ്പോർട്ട് ചെയ്തത്. ഇതിൽ മൊത്തം 23 പേർ കൊല്ലപ്പെട്ടുവെന്നും 32 പേർക്കു പരിക്കേറ്റുവെന്നും സിഎൻഎൻ റിസർച്ച് വിഭാഗം സ്ഥിരീകരിക്കുന്നു. കോവിഡ് കാലത്ത് അല്പം കുറഞ്ഞുനിന്ന ഈ ക്രൂരത പിന്നീട് കുതിച്ചുകയറി. 2023ൽ വിദ്യാലയപരിസരങ്ങളിൽ നടന്ന വെടിവയ്പുകളുടെ എണ്ണം 84 ആയിരുന്നു. 2022ൽ ടെക്സസിലെ റോബ് എലിമെന്ററി സ്കൂളിൽ നടന്ന വെടിവയ്പിൽ 19 വിദ്യാർഥികളും രണ്ട് അധ്യാപകരും കൊല്ലപ്പെട്ടിരുന്നു.

ഓഗസ്റ്റ് 31 തിങ്കളാഴ്ചയാണ് അമേരിക്കയിലെ പ്രസിദ്ധമായ ടൈംസ് സ്ക്വയറിൽ ഒരു സ്ത്രീ കത്തിയുമായി താണ്ഡവമാടിയത്. ന്യൂയോർക്കിലെ തിരക്കേറിയ, കനത്ത സുരക്ഷാ സംവിധാനമുള്ള മേഖലയിലാണ് സംഭവം. അടുക്കളയിൽ ഉപയോഗിക്കുന്ന രണ്ടു കത്തികളുമായി തെരുവിലൂടെ കൊലവിളി നടത്തി പാഞ്ഞ 49 വയസുള്ള പാമല സിസ്നെറോസ് എന്ന സ്ത്രീ ബാങ്ക് ഓഫ് അമേരിക്കയിലെ ഒരു വിഭാഗത്തിന്റെ വൈസ് പ്രസിഡന്റായിരുന്ന 32 വയസുള്ള എറിൻ പിയസെന്റിയെ കൊലപ്പെടുത്തി. മറ്റൊരു വയോധികനെ ഗുരുതരമായി പരിക്കേല്പിച്ചു.

## ചില നേരങ്ങളിൽ ചില മനുഷ്യർ..!



ഇതിനു ശേഷവും കത്തിയുമായി പോലീസിനു നേരെ പാഞ്ഞടുത്ത ഇവർ അവരെയും ആക്രമിക്കാൻ മുതിർന്നു. തുടർന്ന് വെടിവച്ചുവീഴ്ത്തുകയായിരുന്നു. ഓഗസ്റ്റ് 31ന് വൈകുന്നേരമായിരുന്നു സംഭവം. റോഡ് കുറുകെ കടക്കാനായി ഭാര്യയക്കൊപ്പം നിന്ന വയോധികനെയാണ് ആദ്യം കുത്തിവീഴ്ത്തിയത്. ഇതുവഴി നടന്നു നീങ്ങിയ എറിനും പമേലയുടെ കത്തിക്ക് ഇരയായി. വിവാഹമോചിതയും മൂന്നു കുട്ടികളുടെ മാതാവുമായ പമേല മാനസികാസ്വാസ്ഥ്യത്തിന് ചികിത്സ തേടിയിരുന്നതായി പോലീസ് സ്ഥിരീകരിച്ചിട്ടുണ്ട്.

ക്രൂരതയുടെ നെഞ്ചുലയ്ക്കുന്ന ഇത്തരം നിരവധി സംഭവങ്ങൾ നമ്മുടെ നാട്ടിലും നടക്കുന്നു. വിദേശത്തുള്ള മലയാളികളുടെ ഇടയിലും ക്രൂരമായ കൊലപാതകങ്ങൾ അപൂർവമല്ലാതായിരിക്കുന്നു. മലയാളിയുടെ മാനസികാരോഗ്യത്തിലും സ്വഭാവരീതികളിലും പ്രകടമായ ചില മാറ്റങ്ങൾ വന്നിരിക്കുന്നു. മറ്റുള്ളവരുടെ ഉയർച്ചയിലുള്ള അടങ്ങാത്ത അസൂയ മലയാളിയുടെ മുഖമുദ്രയാണ്. അപവാദ പ്രചാരണത്തിലും നമ്മൾ മുന്നിൽതന്നെ. കാര്യങ്ങളുടെ നിജസ്ഥിതി മനസിലാക്കാതെ കേട്ടുകേൾവി പ്രചരിപ്പിക്കുന്ന സ്വഭാവവും നമുക്കുണ്ട്. പരദൂഷണം വൈറലാക്കാൻ മലയാളിക്കുള്ള മികവ് കഥകളിലും നോവലുകളിലും സിനിമകളിലുമൊക്കെ രസകരമായി അവതരിപ്പിച്ചിട്ടുണ്ട്. ഏതെങ്കിലുമൊരു സംഭവം കാതോടു കാതോരം പകർന്ന് വൈറലാക്കുന്ന സാമർഥ്യം സമൂഹമാധ്യമങ്ങളുടെ വരവിനു മുമ്പു തന്നെ മലയാളി സ്വായത്തമാക്കിയിരുന്നു.

കാരുണ്യ പ്രവർത്തന രംഗത്തും മലയാളികൾ മാതൃകയാണ്. ഉത്തരേന്ത്യയിലും വിദേശത്തുമൊക്കെ മലയാളികളുടെ കാരുണ്യ കരങ്ങൾ ഏറെ സേവനം ചെയ്തിട്ടുണ്ട്, ഇപ്പോഴും ചെയ്തുപോരുന്നു. കേരളത്തിലും എത്രയോ കാരുണ്യഭവനങ്ങളാണ് പ്രവർത്തിക്കുന്നത്. മത, സാമുദായിക സംഘടനകൾ മാത്രമല്ല, വ്യക്തികളും ഇത്തരം മികച്ച സ്ഥാപനങ്ങൾക്കു നേതൃത്വം നൽകുന്നു. ക്രൂരതയുടെ കഥകൾ ഏറെയുള്ളപ്പോഴും ഇത്തരം കാരുണ്യകഥകളും നമുക്കു വിസ്മരിക്കാനാവില്ല. എങ്കിലും സമീപകാലത്ത് മലയാളി മനസിനുണ്ടാകുന്ന ഇടർച്ച കൂടുതൽ ഗൗരവത്തോടെ കാണേണ്ടിയിരിക്കുന്നു. അതൊരു ആഗോള പ്രതിഭാസമായി കണ്ട് അവഗണിക്കാനാവില്ല. അമേരിക്കയിലും യൂറോപ്പിലുമൊക്കെ ഇത്തരം കുറ്റകൃത്യങ്ങൾ ഏറെ നടക്കുന്നുണ്ടല്ലോ എന്നതൊരു ഒഴികഴിവല്ല.

ഏതു സമൂഹത്തിനും അവരുടേതായൊരു സാമൂഹ്യ വീക്ഷണവും സാംസ്കാരിക പശ്ചാത്തലവുമുണ്ടാകും. അതു ജനതയുടെ സ്വഭാവത്തിലും പ്രതിഫലിക്കും. പുഴുക്കുത്തുകൾ ഏതു സമൂഹത്തിലും ഉണ്ടാകും. അതു കണ്ടെത്താനും നിയന്ത്രിക്കാനുമാണല്ലോ നമുക്കു ഭരണകൂടങ്ങളും അതിന്റെ ഭാഗമായ നിരവധി സംവിധാനങ്ങളുമുള്ളത്. കേവലം ക്രമസമാധാന പ്രശ്നം മാത്രമല്ല കുറ്റകൃത്യങ്ങൾ. മാനസികാരോഗ്യവും പെരുമാറ്റ രീതികളുമൊക്കെ മനുഷ്യരുടെ സാമൂഹിക ജീവിതത്തെയും വ്യക്തിജീവിതത്തെയും സ്വാധീനിക്കും.

ക്രൂരതയുടെയും മനുഷ്യത്വമില്ലായ്മയുടെയും നിരവധി സംഭവങ്ങളാണ് നമുക്കു ചുറ്റും ദിവസേനയെന്നോണം അരങ്ങേറുന്നത്. കൗമാരക്കാർപോലും ഇത്തരം കൊടും ക്രൂരത കാട്ടാൻ മടിക്കുന്നില്ല. എങ്ങിനെയാണ് ഇളം മനസിലേക്കും യുവതയുടെ ഇടയിലുമൊക്കെ ഇത്തരം ദുഷ്ടവിചാരങ്ങൾ കടന്നുകയറുന്നത്? അതു കണ്ടെത്തി പരിഹാരം കാണാൻ സമൂഹത്തിനും ഉത്തരവാദിത്വമുണ്ട്.

ആലപ്പുഴ കരുവാറ്റയിൽ കഴിഞ്ഞ മാസം ഒരു വയോധികനെ പതിമൂന്നുകാരിയും മൂന്നു സുഹൃത്തുക്കളും ചേർന്നു കൊലപ്പെടുത്തിയ സംഭവം കൗമാര മനസിന്റെ ക്രിമിനൽ ചിന്തകളും കൊലപാതകം പോലൊരു കുറ്റകൃത്യത്തിന്റെ പ്രത്യാഘാതങ്ങളെക്കുറിച്ചുള്ള അജ്ഞതയും വ്യക്തമാക്കുന്നുണ്ട്. ഇതിനു പിന്നിൽ മറ്റു ചില കാരണങ്ങളും പറയപ്പെടുന്നുണ്ടെങ്കിലും പോലീസ് നൽകുന്ന വിവരങ്ങൾ ഉൾപ്പെടെ വിലയിരുത്തുമ്പോൾ നമ്മുടെ കൗമാരക്കാരുടെ മനോഗതിയിൽ വന്നിട്ടുള്ള മാറ്റങ്ങളെക്കുറിച്ചുള്ള ഉത്കണ്ഠ വർധിക്കുന്നു.

പതിമൂന്നു വയസുള്ള ഒരു പെൺകുട്ടി തനിക്കൊരു മൊബൈൽ ഫോൺ സ്വന്തമാക്കാൻ ഇത്തരമൊരു ക്രൂരകൃത്യത്തിനു കളമൊരുക്കുമെന്നു കരുതാൻ ബുദ്ധിമുട്ടാവും. പെൺകുട്ടിയുടെ സുഹൃത്തും മറ്റു മൂന്നുപേരുംകൂടി ഈ ക്രൂരതയ്ക്കു കൂട്ടുനിന്നതോടെ കവർച്ചയും അതിന്റെ തുടർച്ചയായുള്ള കൊലപാതകവും അരങ്ങേറി. എല്ലാവരും കൗമാരക്കാർ തന്നെ. അതുകൊണ്ട് പ്രായപൂർത്തിയാകാത്തവർ എന്ന സംരക്ഷണം നിയമപരമായി ഇവർക്കു ലഭിച്ചേക്കാം. അവരുടെ ചിത്രമോ തിരിച്ചറിയുന്ന മറ്റു വിവരങ്ങളോ മാധ്യമങ്ങൾക്കു നൽകാനുമാവില്ല. കൊലപാതകത്തിന്റെ ദൃശ്യങ്ങൾ അതു നടപ്പാക്കിയ ആൺകുട്ടികളിലൊരാൾ ലൈവായി പെൺകുട്ടിക്കു നൽകിയതായും പറയപ്പെടുന്നു.

സംഭവം നടന്ന വീടിനെക്കുറിച്ചു നന്നായി അറിയാവുന്ന ആളുകളാണ് മോഷണത്തിനും കൊലപാതകത്തിനും പിന്നിലെന്ന് ആദ്യമേ തന്നെ പോലീസിനു മനസിലായിരുന്നു. സംഭവസ്ഥലത്തെത്തിയ പെൺകുട്ടിയടെ പെരുമാറ്റവും ഈ സംശയം ഉറപ്പിച്ചു. കുറ്റകൃത്യം പ്ലാൻ ചെയ്തു നടപ്പാക്കുന്നതിന്റെ മികവിന് അപ്പുറമുള്ള ചില കാര്യങ്ങൾ അതു പുറത്തുകൊണ്ടുവരുമെന്ന സാമാന്യതത്വം മനസിലാക്കാൻ പക്ഷേ ആ കൗമാരബുദ്ധിക്കു കഴിഞ്ഞില്ല. മോഷണമായിരുന്നു ലക്ഷ്യമെന്ന് പിടിയിലായ മൂന്ന് ആൺകുട്ടികളും പോലീസിനോട് സമ്മതിച്ചിട്ടുണ്ട്.

ഈ കുട്ടികളുടെ ജീവിതസാഹചര്യങ്ങളും കുടംബബന്ധങ്ങളും ഒക്കെ വിലയിരുത്തിയാൽ മാത്രമേ അവർ ഇത്തരം കെണികളിൽ പെട്ടുപോകുന്നതിന്റെ കാരണം കണ്ടുപിടിക്കാനാവൂ. തങ്ങളുടെ പദ്ധതികളെല്ലാം പൊളിഞ്ഞതോടെ പെൺകുട്ടി പോലീസിനോടു ചില കാര്യങ്ങൾ വെളിപ്പെടുത്തിയിരുന്നു. മാതാപിതാക്കളിൽനിന്ന് തനിക്കു സനേഹം കിട്ടിയിട്ടില്ലെന്നാണ് പെൺകുട്ടി പൊട്ടിക്കരഞ്ഞുകൊണ്ടു പറഞ്ഞത്. സ്പൈഡർ എന്നൊരു സിനിമയുടെ സ്വാധീനം കൊലപാതകത്തിൽ ഉണ്ടായതായും പ്രതികൾ പോലീസിനോടു പറഞ്ഞിട്ടുണ്ട്. ആൺകുട്ടികൾ മൂന്നുപേർക്കും 16വയസ് കഴിഞ്ഞതിനാൽ ഇവരെ കുട്ടിക്കുറ്റവാളികളായി കണക്കാക്കാതെ കേസ് വിചാരണ ചെയ്യണമെന്നാണ് പോലീസ് ആവശ്യപ്പെട്ടിരിക്കുന്നത്.

മൊബൈൽ ഫോണിന്റെ അമിതോപയോഗം വിലക്കിയതിന്റെ പേരിൽ കൊല്ലം ആയൂരിൽ രക്ഷിതാക്കളോടുള്ള പക തീർക്കാൻ പതിനേഴുകാരി മുറിക്കുള്ളിലെ ഫാനിൽ ജീവനൊടുക്കാൻ ശ്രമിച്ചത് ഇക്കഴിഞ്ഞ മാസമാണ്. പുലർച്ചെ നാലുമണികഴിഞ്ഞും കുട്ടി മൊബൈൽ ഫോൺ ഉപയോഗിക്കുന്നത് മാതാവ് വിലക്കി. അതോടെ കോപാകുലയായ മകൾ കത്തിയെടുത്ത് ഭീഷണിപ്പെടുത്തി.

തുടർന്ന് വീട്ടുകാർ പോലീസിൽ വിവരമറിയിക്കുകയായിരുന്നു. പോലീസ് ഉടൻ സ്ഥലത്തെത്തി. ഇതിനകം മുറിയടച്ച് പെൺകുട്ടി ജീവനൊടുക്കാൻശ്രമിച്ചു. വാതിൽ ചവിട്ടിപ്പൊളിച്ച് അകത്തു കയറിയ എസ്ഐയും വനിതാ ഹോം ഗാർഡും ചേർന്ന് ഷാൾ അറുത്ത് കുട്ടിയെ താഴെയിറിക്കി സിപിആർ കൊടുത്ത് ജീവൻ രക്ഷിച്ചു.

പാലക്കാട് മുതലമടയിൽ ഇൻസ്റ്റാഗ്രാം അക്കൗണ്ടിൽ മോശം കമന്റ് ഇട്ടതിന്റെപേരിൽ പ്ലസ്ടു വിദ്യാർഥിയും പൂർവവിദ്യാർഥികളും തമ്മിലുണ്ടായ സംഘർഷത്തിൽ വിദ്യാർഥിയുടെ അച്ഛനും രണ്ടു ബന്ധുക്കൾക്കും കുത്തേറ്റതും ഇക്കഴിഞ്ഞ മാസംതന്നെ. ഹോസ്റ്റലിൽ ലഹരി ഉപയോഗിക്കുന്ന വിവരം അധ്യാപകരെ അറിയിച്ചതിന്റെ പ്രതികാരമായി സഹപാഠിയെ വിദ്യാർഥികൾ ക്രൂരമായി മർദിച്ചെന്ന പരാതി ഉയർന്നത് തൊടുപുഴയിൽനിന്ന്. മൊബൈൽ ഫോൺ ആൻഡ് ലാപ്ടോപ് സർവീസ് കോഴ്സിനു പഠിക്കുന്ന വിദ്യാർഥികളാണ് ഇവർ. സ്ഥാപന അധികൃതർ സജ്ജമാക്കിയ വീടാണ് ഹോസ്റ്റലായി പ്രവർത്തിച്ചിരുന്നത്. സ്ഥിരമായി ലഹരി മരുന്ന് ഉപയോഗിക്കുന്ന ഏതാനും വിദ്യാർഥികൾ ഇക്കൂട്ടത്തിലുണ്ടായിരുന്നു.

ഓപ്പറേഷൻ തൂഫാൻ പോലുള്ള പദ്ധതികൾ വലിയ പ്രതീക്ഷ നൽകുമ്പോഴും ലഹരിയുടെ അടിവേരുകൾ പലതും അറത്തുമാറ്റാൻ ഇനിയും കഴിഞ്ഞിട്ടില്ല. തൊടുപുഴ ഇടവെട്ടിയിൽ ഒറ്റയ്ക്കു താമസിക്കുന്ന മകന് കഞ്ഞിവച്ചു കൊടുക്കാൻ പോയ അമ്മയെ അയാൾ തടിക്കഷണം കൊണ്ടു തലയ്ക്കടിച്ചു കൊലപ്പെടുത്തി. ഇയാൾ മദ്യത്തിന് അടിമയായിരുന്നുവെന്നാണ് നാട്ടുകാർ പറയുന്നത്.

കരുവാറ്റയിലും തൊടുപുഴയിലും പാലക്കാട്ടുമൊക്കെ നടന്ന സംഭവങ്ങളും അതിനുമുമ്പും പിന്നീടും നടക്കുന്ന സമാന സംഭവങ്ങളും നമ്മുടെ ആരുടെയും കാര്യമല്ലല്ലോ എന്ന ചിന്തയിൽ അവഗണിച്ചു കടന്നുപോവുകയാണു നാം. കണ്ണടച്ച് ഇരുട്ടാക്കാനും കണ്ടിട്ടും കാണാതെ കടന്നുപോകാനും നമുക്കാവും. പക്ഷേ ആ ഇരുട്ട് സമൂഹഗാത്രത്തിൽ അടിമുടി പടരുമ്പോൾ നമ്മളും ഒരുനാൾ ഇരുട്ടിൽ തപ്പേണ്ടിവരില്ലേ?

സ്വത്തുതർക്കത്തെത്തുടർന്ന് മകനും കൂട്ടുകാരും കൂടി പിതാവിനെ തട്ടിക്കൊണ്ടുപോയി മാനസികാരോഗ്യ കേന്ദ്രത്തിലാക്കിയ സംഭവം നടന്നതും കേരളത്തിൽതന്നെ. കഴിഞ്ഞ ജൂലൈയിൽ. സഹോദരിയുടെ പരാതിയിലായിരുന്നു പോലീസ് നടപടി. കുടുംബവഴക്കിൽ ഭാര്യയ്ക്കുവേണ്ടി കോടതിയിൽ ഹാജരായ അഭിഭാഷക ദമ്പതിമാരുടെ വീടു കയറി എതിർകക്ഷിയായ ഭർത്താവും ബന്ധുവും നടത്തിയ ആക്രമണത്തിൽ കുത്തേറ്റ വയോധികൻ മരിച്ച സംഭവം നടന്നത് കൊച്ചി എളങ്കുന്നപ്പുഴയിൽ. ഭാര്യയ്ക്കുവേണ്ടി ഹാജരായ അഭിഭാഷകന്റെ പിതാവാണ് മരിച്ചത്.

നിർഭയ കേസിന്റെ അപമാനം രാജ്യം ഇനിയും മറന്നിട്ടില്ല. യുപിയിലെ ഗ്രേറ്റർ നോയിഡയിൽ 16 വയസുള്ള സ്കൂൾ വിദ്യാർഥിനി ബസിൽ പീഡിപ്പിക്കപ്പെട്ടത് ഇക്കഴിഞ്ഞ മാസമാണ്. ഹൈദരാബാദിൽ 21 വയസുള്ള നഴ്സ്പീഡനത്തിന് ഇരയായി കൊല്ലപ്പെട്ടതും അടുത്തകാലത്താണ്. ഒറ്റപ്പെട്ടതന്നു പറഞ്ഞ് വിസ്മരിക്കാനാവില്ല ഇതൊന്നും.

കാലിഫോർണിയയിലായാലും കരുവാറ്റയിലായാലും നമ്മുടെ കുട്ടികളും യുവജനങ്ങളും കൊടിയ ക്രിമിനൽ സംഭവങ്ങളിൽ ഉൾപ്പെടുമ്പോൾ അതിനു പിന്നിൽ പല കാരണങ്ങളും ഉണ്ടാവും. അതിൽ പലതും എത്ര നിസാരമെന്നു നമുക്കു തോന്നിയേക്കാം. പക്ഷേ ചില നേരങ്ങളിൽ ചില മനുഷ്യരുടെ മനസിൽ രൂപപ്പെടുന്ന ചിന്തകളും വികാരങ്ങളും അതിന്റെ ഭാഗമായി എടുക്കുന്ന വികലമായ തീരുമാനങ്ങളും അവരെ മാത്രമല്ല മറ്റു പലരെയും തീരാദുഖത്തിലേക്കു തള്ളിവിടും.

# സൈന്യത്തിന്റെ വീര്യം കൂട്ടാൻ പ്രതിരോധ മന്ത്രാലയം! അമേരിക്കൻ സൈനികർക്ക് ഇനി ടെസ്റ്റോസ്റ്റിറോൺ പരിശോധന നിർബന്ധം

അമേരിക്കൻ സൈനികരുടെ കായികക്ഷമതയും ആരോഗ്യവും പരമാവധി ഉയർത്തുന്നതിനായി പുതിയ ആരോഗ്യ നയവുമായി പെന്റഗൺ. സൈന്യത്തിലെ അംഗങ്ങൾക്ക് ടെസ്റ്റോസ്റ്റിറോൺ ഹോർമോൺ കുറവുണ്ടോ എന്ന് കണ്ടെത്തുന്നതിനായുള്ള ക്ലിനിക്കൽ പരിശോധനാ മാർഗ്ഗനിർദ്ദേശങ്ങൾ പെന്റഗൺ ഔദ്യോഗികമായി പുറത്തിറക്കി. അമേരിക്കൻ പ്രതിരോധ സെക്രട്ടറി പീറ്റ് ഹെഗ്സെത്തിന്റെ നിർദ്ദേശപ്രകാരമാണ് കര, നാവിക, വ്യോമസേനകളിലെ സൈനികർക്കായി ഈ പുതിയ ആരോഗ്യ പരിശോധനാ പദ്ധതി തയ്യാറാക്കിയിരിക്കുന്നത്. 30 വയസ്സും അതിനുമുകളിലും പ്രായമുള്ള എല്ലാ യുഎസ് സൈനികർക്കും വാർഷിക ടെസ്റ്റോസ്റ്റിറോൺ പരിശോധന ഇനി നിർബന്ധമായിരിക്കും.

വയസ്സ് വർദ്ധിക്കുന്നതിനനുസരിച്ച് പുരുഷന്മാരിൽ ടെസ്റ്റോസ്റ്റിറോൺ ഹോർമോണിന്റെ അളവ് സ്വാഭാവികമായി കുറയുന്നത് ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്നാണ് ഈ തീരുമാനം. 30 വയസ്സിൽ താഴെയുള്ള സൈനികർക്കും ആവശ്യമെങ്കിൽ സ്വന്തം ഇഷ്ടപ്രകാരം ഈ ഹോർമോൺ പരിശോധന നടത്തുവാൻ സൗകര്യമൊരുക്കിയിട്ടുണ്ട്. പരിശോധനയിൽ ടെസ്റ്റോസ്റ്റിറോൺ അളവ് കുറവാണെന്ന് കണ്ടെത്തുന്ന സൈനികർക്ക് ആവശ്യമായ ചികിത്സ ലഭ്യമാക്കുമെന്ന് പ്രതിരോധ മന്ത്രാലയം വ്യക്തമാക്കിയിട്ടുണ്ട്. ഹോർമോൺ റീപ്ലേസ്മെന്റ് തെറാപ്പി ആവശ്യമുണ്ടോ എന്ന് സൈനികർക്ക് സ്വയം തീരുമാനിക്കാമെന്നും ചികിത്സ പൂർണ്ണമായും നിർബന്ധിതമല്ലെന്നും അധികൃതർ അറിയിച്ചു.

യുദ്ധക്കളത്തിലെ കടുത്ത ശാരീരികമാനസിക സമ്മർദ്ദങ്ങളെ അതിജീവിക്കാൻ സൈനികർക്ക് ഉയർന്ന ആരോഗ്യക്ഷമത അത്യാവശ്യമാണെന്നാണ് യുഎസ് സൈനിക നേതൃത്വത്തിന്റെ വിലയിരുത്തൽ. എന്നാൽ കൃത്യമായ സാങ്കേതിക പരിശോധനകളില്ലാതെ ഹോർമോൺ ചികിത്സകൾ നൽകുന്നത് വന്ധ്യതയ്ക്കും മറ്റ് ആരോഗ്യ പ്രശ്നങ്ങൾക്കും വഴിവെച്ചേക്കാമെന്ന് ഒരു വിഭാഗം ആരോഗ്യ വിദഗ്ദ്ധർ മുന്നറിയിപ്പ് നൽകുന്നുണ്ട്.

അമേരിക്കൻ പ്രസിഡന്റ് ഡൊണാൾഡ് ട്രംപിന്റെ പുതിയ ഭരണകൂടത്തിന് കീഴിൽ സൈനികരുടെ ആരോഗ്യം മെച്ചപ്പെടുത്തുന്നതിനായുള്ള വിപ്ലവാത്മക നടപടികളുടെ ഭാഗമായാണ് ഈ തീരുമാനം കൈക്കൊണ്ടത്. രാജ്യത്തിന്റെ സുരക്ഷ ഉറപ്പാക്കുന്ന സൈനികർക്ക് ഏറ്റവും മികച്ച വൈദ്യസഹായം നൽകുകയാണ് ലക്ഷ്യമെന്ന് പെന്റഗൺ വക്താക്കൾ പ്രസ്താവിച്ചു.

നാവികസേനയിലെ സ്പെഷ്യൽ ഫോഴ്സ് കമാൻഡോകൾക്കിടയിൽ കാണപ്പെടുന്ന ശാരീരിക തളർച്ചയും ഹോർമോൺ വ്യതിയാനങ്ങളും പരിഹരിക്കാൻ ഈ നിർദ്ദേശം ഉപകരിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. സൈനികരുടെ കായിക ബലവും പ്രതിരോധ ശേഷിയും വർദ്ധിപ്പിക്കുന്നത് യുഎസ് പ്രതിരോധ സംവിധാനങ്ങളെ കൂടുതൽ ദൃഢമാക്കും.

മറ്റു ആഗോള പ്രതിസന്ധികൾക്കിടയിലും സൈന്യത്തിനുള്ളിലെ ഈ ആരോഗ്യ പരിഷ്കാരം വലിയ അന്താരാഷ്ട്ര ശ്രദ്ധ നേടിയിട്ടുണ്ട്. അമേരിക്കൻ സൈന്യത്തിലെ വനിതാ ഭടന്മാർക്ക് ഈ നിർദ്ദേശം എപ്രകാരം ബാധകമാകുമെന്ന വിവരങ്ങൾ പെന്റഗൺ വൈകാതെ വെളിപ്പെടുത്തിയേക്കും.



# കേന്ദ്ര ധനകാര്യ മന്ത്രി നിർമ്മാല സീതാരാമന് ഷിക്കാഗോയിൽ സ്വീകരണം നൽകി

ഷിക്കാഗോ: അമേരിക്കയിൽ നടക്കുന്ന ധനകാര്യ മന്ത്രിമാരുടെ ജി-20 സമ്മേളനത്തിൽ പങ്കെടുക്കാൻ എത്തിയ കേന്ദ്രമന്ത്രി നിർമ്മലാ സീതാരാമനെ ഷിക്കാഗോ ഇന്ത്യൻ കോൺസുലേറ്റ് സ്വീകരണ യോഗവും ഡിന്നറും ഒരുക്കിയത്. ഷിക്കാഗോയിലെ ഇന്ത്യൻ സമൂഹത്തിലെ പ്രമുഖരായ 150 പേരെയാണ് ഈ സ്വീകരണ ചടങ്ങിലേക്ക് ക്ഷണിച്ചത്. മലയാളികളെ പ്രതിനിധീകരിച്ച് ഇന്ത്യൻ എൻജിനീയേഴ്സ് അസോസിയേഷൻ പ്രസിഡന്റും യു.എസ് ടെക്ട്രോണിക്സിന്റെ പ്രസിഡന്റുമായ ഗ്ലാഡ്സൺ വർഗീസ്, മുൻ ഫോമ വൈസ് പ്രസിഡന്റ് സണ്ണി വള്ളിക്കളം, മുൻ ഷിക്കാഗോ പോലീസ് സെർജന്റ് ടോമി മേത്തിപ്പാറ എന്നിവർ സംബന്ധിച്ചു.

കേന്ദ്രമന്ത്രി അവരുടെ പ്രസംഗത്തിൽ 2026 ൽ ഇന്ത്യ കൈവരിച്ച കാര്യങ്ങൾ നിരത്തി പറഞ്ഞു. ഏറ്റവും പ്രധാനമായത് 7.6ശതമാനം ജിഡിപി വർദ്ധനവ് നേടിയതാണ്. 2026ൽ യുദ്ധങ്ങൾ തുടങ്ങി പല പ്രശ്നങ്ങളുടെ നടുവിലാണ് ഈ നേട്ടം കൈവരിച്ചത്. 2025ൽ അത് 7.1ശതമാനം ആയിരുന്നു. കാനഡിയിലും ഷിക്കാഗോയിലും വിവിധ കമ്പനികളുടെ സി.ഇ.ഒമാരുമായി ചർച്ചകൾ നടത്തി, അവരെ ഇന്ത്യയിൽ ബിസിനസ് തുടങ്ങാൻ ക്ഷണിക്കുകയും ചെയ്തു.

ജി-20 മീറ്റിംഗിൽ അമേരിക്കയിലെ ധനകാര്യ മന്ത്രിമാരുമായും വിവിധ ചർച്ചകൾ നടത്തും. ഇന്ത്യയിൽ വിവിധ വ്യവസായങ്ങൾ വളർത്തുവാനും ജോലികൂട്ടുവാനും സഹാമായ സാഹചര്യം ഉണ്ടാക്കുമെന്ന് മന്ത്രി പറഞ്ഞു. കേന്ദ്രമന്ത്രി മലയാളികൾക്ക് നല്ല ഒരു ഓണാശംസകൾ നേരുകയുണ്ടായി. കോൺസുൽ ജനറൽ സോമനാഥ് ഗോഷ്, ഷിക്കാഗോ കൗൺസിലേറ്റിന്റെ പരിധിയിൽ 9-ാമത് അമേരിക്കൻ സ്റ്റേറ്റുകൾ ആണ്, ഏതാണ്ട് 800,000 ഇന്ത്യക്കാർ ഉണ്ട് എന്ന് അദ്ദേഹം അറിയിച്ചു. കോൺഗ്രസ്മാൻ രാജാ കൃഷ്ണമൂർത്തി തന്റെ പ്രസംഗത്തിൽ അമേരിക്കൻ കോൺഗ്രസിൽ ഇപ്പോൾ ആറ് കോൺഗ്രസ്മാൻമാരും അമേരിക്കയിലെ മൊത്തം ഡോക്ടേഴ്സിൽ 10 ശതമാനം ഇന്ത്യക്കാരാണ് എന്നും അറിയിച്ചു.




# കടപ്പത്ര പലിശനിരക്കുകൾ അഞ്ച് ശതമാനത്തിലേക്ക് നീങ്ങുമ്പോൾ!

(ഒന്നാം പേജ് തുടർച്ച)

കാര്യ നിരീക്ഷകർ വ്യക്തമാക്കുന്നു.

## കടപ്പത്ര ആദായനിരക്കുകളെ സമ്മർദ്ദത്തിലാക്കുന്ന 4 അടിയന്തിര ശക്തികൾ

### 1. ഒന്നാം നമ്പർ പ്രതിസന്ധി: യുഎസ് ഇറാൻ യുദ്ധവും ഇന്ധന വിലക്കയറ്റവും

പശ്ചിമേഷ്യൻ യുദ്ധമുഖത്ത് യുഎസ് സൈന്യം നേരിട്ട് യുദ്ധത്തിൽ പങ്കാളിയായതും, ഹോർമുസ് കടലിടുക്കിൽ ഇറാൻ കപ്പൽ ഗതാഗതം തടസ്സപ്പെടുത്തിയതും അന്താരാഷ്ട്ര ബ്രെന്റ് ക്രൂഡ് ഓയിൽ നിരക്കുകൾ ബാരലിന് 96 ഡോളറിലേക്ക് ഉയർത്തി. എണ്ണ വില ഉയരുന്നത് ലോകമെമ്പാടും നാണ്യപ്പെരുപ്പം വർദ്ധിപ്പിക്കുമെന്ന ഭയം സൃഷ്ടിക്കുന്നു. ഉയർന്ന പണപ്പെരുപ്പത്തെ പ്രതിരോധിക്കാൻ നിക്ഷേപകർ ദീർഘകാല കടപ്പത്രങ്ങൾക്ക് കൂടുതൽ ആദായ നിരക്ക് ആവശ്യപ്പെടുന്നതാണ് പ്രധാന കാരണം.

### 2. 40 ട്രില്യൺ ഡോളർ കവിഞ്ഞ യുഎസ് സർക്കാരിന്റെ കനത്ത കടബാധ്യതകൾ

അമേരിക്കയുടെ ആകെയുള്ള ദേശീയ കടം 40 ട്രില്യൺ ഡോളർ എന്ന റെക്കോർഡ് തുകയും മറികടന്ന് കുതിക്കുകയാണ്. പ്രതിദിന യുദ്ധച്ചെലവുകൾക്കും സർക്കാരിന്റെ ചെലവുകൾക്കുമായി വൻതോതിൽ പുതിയ കടപ്പത്രങ്ങൾ വിപണിയിലേക്ക് തള്ളുന്നത് വിപണിയിൽ ബോണ്ടുകളുടെ ലഭ്യത വർദ്ധിപ്പിക്കുന്നു. വാങ്ങാൻ ആളുകൾ കുറയുകയും വിൽപ്പന സമ്മർദ്ദം ഏറുകയും ചെയ്യുമ്പോൾ ബോണ്ട് നിരക്കുകൾ താനേ ഉയരേണ്ടി വരുന്നു.

### 3. കെവിൻ വാർഷിന്റെ നയങ്ങളും ഫെഡറൽ റിസർവിലെ മാറ്റങ്ങളും

അമേരിക്കൻ ഫെഡറൽ റിസർവിന്റെ പുതിയ ചെയർമാനായി അധികാരമേറ്റ കെവിൻ വാർഷ് കഴിഞ്ഞ ഓഗസ്റ്റ് അവസാന വാരത്തിൽ ജാക്സൺ ഹോൾ ഉച്ചകോടിയിൽ നടത്തിയ പ്രസംഗം വിപണി പ്രതീക്ഷകൾക്ക് കനത്ത തിരിച്ചടിയായി. പണപ്പെരുപ്പം 2 ശതമാനത്തിലേക്ക് എത്തിയില്ലെങ്കിൽ വരും മാസങ്ങളിൽ പലിശ നിരക്കുകൾ ഉയർത്തേണ്ടി വരുമെന്ന



കർശന സൂചനയാണ് അദ്ദേഹം നൽകിയത്. ഇത് ബോണ്ട് വിപണിയിൽ പുതിയ വിൽപ്പന തരംഗം ഉണ്ടാക്കി.

### 4. പ്രളയം പോലെ ഒഴുകിയെത്തുന്ന വൻകിട എഐ ബോണ്ടുകൾ

ആർട്ടിഫിഷ്യൽ ഇന്റലിജൻസ് സാങ്കേതിക വിദ്യകൾ നിർമ്മിക്കുന്നതിനായി സിലിക്കൺ വാലിയിലെ ഭീമൻ കമ്പനികളായ മൈക്രോസോഫ്റ്റ്, ഗൂഗിൾ, മെറ്റ എന്നിവ വൻതോതിൽ കോർപ്പറേറ്റ് ബോണ്ടുകൾ വിപണിയിലിറക്കി ഫണ്ട് സമാഹരിക്കുന്നുണ്ട്. ഉയർന്ന പലിശ വാഗ്ദാനം ചെയ്യുന്ന ഇത്തരത്തിലുള്ള ടെക് ബോണ്ടുകളുടെ പ്രവാഹം സർക്കാർ ബോണ്ടുകളുടെ ആകർഷകത്വം കുറയ്ക്കുകയും, ബോണ്ട് ആദായനിരക്കുകൾ ക്രമീകരിക്കാൻ പ്രതിരോധത്തിലാക്കുകയും ചെയ്യുന്നു.

## ആഗോള വിപണികളിലും വിദേശ നിക്ഷേപങ്ങളിലും ഉണ്ടാകുന്ന തിരിച്ചടികൾ

### 1. 5 ശതമാനം നിരക്ക് സൃഷ്ടിക്കുന്ന ആഗോള ഓഹരി വിപണി തിരിച്ചടികൾ

യുഎസ് 10വർഷ കടപ്പത്ര ആദായനിരക്ക് 5 ശതമാനത്തിലേക്ക് എത്തിയാൽ അത് ആഗോള ഓഹരി വിപണികളിൽ വൻ വീഴ്ചയ്ക്ക് ഇടയാക്കുമെന്ന് ജിയോജിത് ഇൻവെസ്റ്റ്മെന്റ് സ്ട്രാറ്റജിസ്റ്റുകൾ ചൂണ്ടിക്കാണിക്കുന്നു. സുരക്ഷിതമായ സർക്കാർ കടപ്പത്രങ്ങളിൽ നിന്നും ഉയർന്ന പലിശ ലഭിക്കുമ്പോൾ നിക്ഷേപകർ അപകടസാധ്യതയുള്ള ഓഹരി വിപണികളിൽ നിന്നും പണം പിൻവലിച്ച് ബോണ്ടുകളിൽ നിക്ഷേപിക്കാൻ തുടങ്ങും.

### 2. ഡോളറിന്റെ ആധിപത്യവും സ്വർണ്ണ വിലയിലെ വീഴ്ചകളും

കടപ്പത്ര നിരക്കുകൾ കുതിച്ചുയരുന്നതിനൊപ്പം അമേരിക്കൻ ഡോളർ വിപണിയിൽ വീണ്ടും ശക്തമാകുകയാണ്. കടപ്പത്രങ്ങളിൽ നിന്നും മികച്ച പലിശ ലഭിക്കുന്നതുകൊണ്ട്, പലിശ ലഭിക്കാത്ത ആസ്തിയായ സ്വർണ്ണത്തിൽ നിന്നും വൻതോതിൽ പണം പിൻവലിക്കപ്പെടുന്നുണ്ട്. ഇത് അന്താരാഷ്ട്ര വിപണിയിലും ഭാരതീയ വിപണിയിലും സ്വർണ്ണ വിലയിൽ ഇടിവുകൾ ഉണ്ടാക്കാൻ പ്രധാന കാരണമായിട്ടുണ്ട്.

### 3. കോർപ്പറേറ്റ് കമ്പനികളുടെ വായ്പാ ചിലവുകളിലെ വർദ്ധനവ്

ഗവൺമെന്റ് ബോണ്ടുകളുടെ നിരക്കുകൾ ഉയരുമ്പോൾ സ്വകാര്യ കമ്പനികൾ ബാങ്കുകളിൽ നിന്നും പുതിയ ബിസിനസുകൾക്കായി എടുക്കുന്ന വായ്പകളുടെ പലിശ നിരക്കുകളും വർദ്ധിക്കും. കടമെടുപ്പ് ചിലവുകൾ ഉയരുന്നത് പുതിയ സംരംഭങ്ങളെയും തൊഴിലവസരങ്ങളെയും ദീർഘകാലാടിസ്ഥാനത്തിൽ മന്ദഗതിയിലാക്കും.

### 4. വളർന്നുവരുന്ന വിപണികളിൽ നിന്നും പണം തിരിച്ചൊഴുകൽ

യുഎസ് ബോണ്ടുകൾ കൂടുതൽ ആകർഷകമാകുമ്പോൾ വിദേശ പോർട്ട്ഫോളിയോ നിക്ഷേപകർ ഏഷ്യൻ, ലാറ്റിൻ അമേരിക്കൻ വിപണികളിൽ നിന്നും നിക്ഷേപങ്ങൾ പിൻവലിച്ച് അമേരിക്കയിലേക്ക് തിരിച്ചു കൊണ്ടുപോകും. ഇത് വികസ്വര രാജ്യങ്ങളുടെ തദ്ദേശീയ കറൻസികളുടെ മൂല്യം ഇടിയാൻ ഇടയാക്കും.

വാഷിംഗ്ടണിലെ കടപ്പത്ര ആദായനിരക്കുകൾ ഉയരുന്നത് ലോകമെമ്പാടുമുള്ള ധനകാര്യ മേഖലകൾക്ക് വലിയൊരു പരീക്ഷണമാണ്. പോരാട്ടങ്ങളും കടബാധ്യതകളും അന്താരാഷ്ട്ര വിപണിയെ തളർത്തുമ്പോൾ, സാമ്പത്തിക സ്വയംഭരണത്തിലൂടെ കൃത്യമായ മുൻകരുതലുകൾ എടുക്കുന്ന രാജ്യങ്ങൾക്ക് മാത്രമേ ഈ പ്രതിസന്ധിയെ മറികടക്കാൻ സാധിക്കൂ.

# ബർത്ത് റൈറ്റ് പൗരത്വ നിരോധനത്തിന് ഫെഡറൽ കോടതിയുടെ പൂട്ട്

(ഒന്നാം പേജ് തുടർച്ച)

മേരിക്കൻ പൗരനോ അല്ലെങ്കിൽ വാലിഡ് ഗ്രീൻ കാർഡ് ഉടമയോ ആയിരിക്കണമെന്ന ശക്തമായ നിബന്ധനയാണ് ഭരണകൂടം മുന്നോട്ടുവെച്ചിരുന്നത്. എന്നാൽ രാജ്യത്തിന്റെ പരമോന്നത നിയമമായ ഭരണഘടനയിലെ പതിനാലാം ഭേദഗതിക്ക് തികച്ചും വിരുദ്ധമാണ് ഈ ഉത്തരവെന്ന് ചൂണ്ടിക്കാട്ടി വിവിധ സംസ്ഥാനങ്ങളും മനുഷ്യാവകാശ സംഘടനകളും കോടതിയെ സമീപിക്കുകയായിരുന്നു.

എക്സിക്യൂട്ടീവ് അധികാരങ്ങൾ ഉപയോഗിച്ച് ഭരണഘടനാ തത്ത്വങ്ങൾ തിരുത്തിയെഴുതാനാകില്ലെന്ന് വ്യക്തമാക്കിയ ഫെഡറൽ കോടതി ഉത്തരവ് തടയുകയായിരുന്നു.

## 14–ാം ഭേദഗതിയും 1898 ലെ സുപ്രധാന നാഴികക്കല്ലും

യുഎസ് ഭരണഘടനയുടെ പതിനാലാം ഭേദഗതിയിലെ സിറ്റിസൺഷിപ്പ് ക്ലോസ് പ്രകാരം അമേരിക്കൻ മണ്ണിൽ ജനിച്ചു വീഴുന്ന ഏതൊരു കുട്ടിക്കും സ്വമേധയാ പൗരത്വത്തിന് അവകാശമുണ്ട്. 1898 ലെ വിഖ്യാതമായ യുണൈറ്റഡ് സ്റ്റേറ്റ്സ് വി. വോങ് കിം ആർക്ക് കേസിൽ യുഎസ് സുപ്രീം കോടതി ശരിവെച്ച ചരിത്രപരമായ തത്ത്വമാണിത്.

ഭരണഘടനയിൽ പരാമർശിക്കുന്ന നിയമപരിധിക്ക് വിധേയരായവർ എന്ന വാചകം ചൂണ്ടിക്കാട്ടി, താത്കാലിക വിസക്കാരുടെയും കുടിയേറ്റക്കാരുടെയും മക്കൾ യുഎസ് പരമാധികാരത്തിന് പൂർണ്ണമായും വിധേയരല്ലെന്ന വാദമാണ് ട്രംപ് ഭരണകൂടം കോടതിയിൽ ഉന്നയിച്ചത്.എന്നാൽ നയതന്ത്ര ഉദ്യോഗസ്ഥരുടെയും വിദേശ സൈന്യത്തിന്റെയും മക്കളൊഴികെ യുഎസ് മണ്ണിലുള്ള എല്ലാവരും പ്രാദേശിക നിയമങ്ങൾക്ക് ബാധ്യസ്ഥരാണെന്നും അവർക്ക് 14–ാം ഭേദഗതി പൂർണ്ണമായി ബാധകമാണെന്നും നിയമവിദഗ്ദ്ധർ വ്യക്തമാക്കുന്നു.

ഭരണഘടനാ ഭേദഗതിയോ സുപ്രീം കോടതിയുടെ പുതിയ വ്യാഖ്യാനമോ ഇല്ലാതെ പ്രസിഡന്റിന്റെ വെറുമൊരു ഉത്തരവിലൂടെ ഈ അവകാശം കവർന്നെടുക്കാനാകില്ലെന്ന് കോടതി വീണ്ടും സ്ഥാപിച്ചിരിക്കുകയാണ്.

## കുടിയേറ്റ കുടുംബങ്ങൾക്ക് വൻ ആശ്വാസം

ഫെഡറൽ കോടതിയുടെ ഈ നിർണ്ണായക ഇടപെടൽ അമേരിക്കയിലുള്ള കുടിയേറ്റ സമൂഹത്തിന്, പ്രത്യേകിച്ച് ഇന്ത്യൻ കുടുംബങ്ങൾക്ക് നൽകുന്ന ആശ്വാസം വിവരണാതീതമാണ്. എച്ച്-1ബി വിസയിലും മറ്റ് താത്കാലിക തൊഴിൽ വിസകളിലും വർഷങ്ങളായി അമേരിക്കയിൽ കഠിനാധ്വാനം ചെയ്യുന്ന ലക്ഷക്കണക്കിന് കുടിയേറ്റക്കാരുടെ വലിയൊരു ആശങ്കയ്ക്കാണ് ഇതോടെ താൽക്കാലിക പരിഹാരമായിരിക്കുന്നത്.

തങ്ങളുടെ കുട്ടികളുടെ ഭാവി പൗരത്വവും സുരക്ഷിതത്വവും സംബന്ധിച്ച് നിലനിന്നിരുന്ന കരിനിഴൽ ഒഴിഞ്ഞുമാറിയതിന്റെ ആശ്വാസത്തിലാണ് കുടിയേറ്റ സമൂഹം. ഗ്രീൻ കാർഡിനായുള്ള നീണ്ട കാത്തിരിപ്പ് തുടരുമ്പോഴും, അമേരിക്കയിൽ ജനിക്കുന്ന കുട്ടികൾക്ക് ഭരണഘടനാപരമായ പൗരത്വം ഉറപ്പാകുന്നത് കുടുംബങ്ങളുടെ സുസ്ഥിരമായ ഭാവിക്ക് വലിയ കരുത്ത് പകരും.

## വരാനിരിക്കുന്നത് വമ്പൻ നിയമപോരാട്ടം

ഫെഡറൽ കോടതിയിൽ തിരിച്ചടിയേറ്റെങ്കിലും വിധിനെതിരെ സുപ്രീം കോടതിയെ സമീപിക്കാനും അപ്പീൽ നൽകാനും യുഎസ് നീതിന്യായ മന്ത്രാലയം തയ്യാറെടുക്കുകയാണ്. കേസ് ഒടുവിൽ കൺസർവേറ്റീവ് ഭൂരിപക്ഷമുള്ള യുഎസ് സുപ്രീം കോടതിയുടെ പരിഗണനയിൽ എത്തുമ്പോൾ 14–ാം ഭേദഗതിയെ പരമോന്നത കോടതി എങ്ങനെ വ്യാഖ്യാനിക്കും എന്നതിനെ ആശ്രയിച്ചിരിക്കും ബർത്ത് റൈറ്റ് പൗരത്വത്തിന്റെ അന്തിമ ഭാവി.

ട്രംപ് ഭരണകൂടം തങ്ങളുടെ വാദങ്ങളിൽ ഉറച്ചുനിൽക്കുന്നതിനാൽ വരും ദിവസങ്ങളിൽ യുഎസ് നിയമ സംവിധാനത്തിൽ വിഷയം വലിയ തർക്കങ്ങൾക്കും വാദപ്രതിവാദങ്ങൾക്കും വഴിവെക്കുമെന്ന് ഉറപ്പാണ്.

## അമേരിക്കൻ മൂല്യങ്ങളുടെയും ജനാധിപത്യത്തിന്റെയും വിജയം

എക്സിക്യൂട്ടീവ് ഉത്തരവിലൂടെ എളുപ്പത്തിൽ മാറ്റിമറിക്കാൻ കഴിയുന്ന ഒന്നല്ല അമേരിക്കൻ ഭരണഘടന വാഗ്ദാനം ചെയ്യുന്ന പൗരത്വ അവകാശങ്ങളെന്ന് ഓർമ്മിപ്പിക്കുന്നതാണ് ഫെഡറൽ കോടതിയുടെ ഈ ഇടപെടൽ.

കുടിയേറ്റക്കാരുടെ അധ്വാനത്താൽ പടുത്തുയർത്തപ്പെട്ട ഒരു രാജ്യത്ത്, അവകാശങ്ങൾ സംരക്ഷിക്കാൻ ജുഡീഷ്യറി മുന്നോട്ടുവന്നത് ജനാധിപത്യ സംവിധാനത്തിന്റെ കരുത്താണ് കാണിക്കുന്നത്.വരാനിരിക്കുന്ന നിയമയുദ്ധങ്ങളിൽ സുപ്രീം കോടതി കൈക്കൊള്ളുന്ന നിലപാട് നിർണ്ണായകമാകുമെങ്കിലും, നിലവിലെ വിധിയോടെ അമേരിക്കൻ സ്വപ്നങ്ങൾ നെയ്തുകൂട്ടുന്ന ലക്ഷക്കണക്കിന് പ്രവാസി ഇന്ത്യക്കാരുടെ പ്രതീക്ഷകൾക്ക് വീണ്ടും ജീവൻവെച്ചിരിക്കുകയാണ്.






## ബേബി സിറ്ററെ ആവശ്യമുണ്ട്

ഷിക്കാഗോ ഡസ്പ്ലെയിൻസിൽ താമസിക്കുന്ന മലയാളി കുടുംബത്തിന് ബേബി സിറ്റിംഗിന് ആളെ ആവശ്യമുണ്ട്.

**ബന്ധപ്പെടുക: 773–744–0046**

#081226

## Babysitter Wanted in Tampa

**Tampa (Florida) യിൽ** താമസിക്കുന്ന മലയാളി കുടുംബത്തിന് വീട്ടിൽ താമസിച്ചോ വന്നുപോയോ ചെറിയ കുട്ടിയെ നോക്കുന്നതിനായി ബേബി സിറ്ററെ ആവശ്യമുണ്ട്.

**ബന്ധപ്പെടുക: 847–687–2151**

#081226

## ആവശ്യമുണ്ട്

**ഷിക്കാഗോയുടെ നോർത്ത് ഗർണിയിൽ** താമസിക്കുന്ന മലയാളി കുടുംബത്തിന് വീട്ടിൽ താമസിച്ച് വീട്ടുജോലികൾ ചെയ്യുവാൻ സ്ത്രീയെ ആവശ്യമുണ്ട്.

**ബന്ധപ്പെടുക: 847–421–2233**

#081226



## നൊവേന

### വിശുദ്ധ യൂദാ ശ്ലീഹാ നൊവേന



ഈശോയുടെ വിശ്വസ്തദാസനും സ്നേഹിതനു അപ്പസ്തോലനുമായ വിശുദ്ധ യൂദായേ ദിവ്യഗുരുവിനെ ശത്രുക്കളുടെ കരങ്ങളിൽ ഏൽപ്പിച്ചുകൊടുത്തവന്റെ പേരിനോട് അങ്ങയുടെ പേരിനുള്ള സാമ്യം പലരും അങ്ങയെ മറക്കുവാൻ കാരണമാക്കിയല്ലോ. എങ്കിലും നിരാശാജനകവും അസാധ്യവുമായ കാര്യങ്ങളുടെ മദ്ധ്യസ്ഥനായി തിരുസഭ അങ്ങേ സാർവ്വത്രികമായി വണങ്ങുകയും അങ്ങേ സഹായം അപേക്ഷിക്കുകയും ചെയ്യുന്നു. വളരെയധികം കഷ്ടപ്പെടുന്ന എനിക്കിവേണ്ടി പ്രാർത്ഥിക്കണമേ ആശയററ സന്ദർഭങ്ങളിൽ ദൃശ്യമായ സഹായം അതിവേഗം പ്രദാനം ചെയ്യുന്നതിന് അങ്ങേയ്ക്കു സംസിദ്ധമായിരിക്കുന്ന പ്രത്യോകാനുകൂല്യത്തെ എന്ക്കുവേണ്ടി വിനിയോഗിക്കണമെന്ന് ഞാനങ്ങയോടഭ്യർത്ഥിക്കുന്നു.

എന്റെ എല്ലാ ആവശ്യങ്ങളിലും കഷ്ടതകളിലും ദു:ഖങ്ങളിലും പ്രത്യേകിച്ച് ... (നിയോഗം)... സ്വർഗ്ഗത്തിൽ നിന്നുള്ള സഹായവും ആശ്വാസവും കിട്ടുന്നതിനുമായി ഈ വലിയ ആവശ്യനേരത്ത് എന്റെ സഹായത്തിന് എത്തേണമെ.

അങ്ങനെ അങ്ങയോടും മററെല്ലാ വിശുദ്ധരോടും കൂടെ ദൈവത്തെ അനവരതം സ്തുതിക്കുന്നതിന് എനിക്ക് ഇടയാകട്ടെ. ഓ! വാഴ്ത്തപ്പെട്ട വി യൂദായേ ഈ വലിയ അനുഗ്രഹത്തെ ഞാൻ എന്നും സ്മരിക്കുന്നതാണെന്നും എന്റെ ശക്തിയുള്ള പ്രത്യേക മദ്ധ്യസ്ഥനായി അങ്ങയെ വണങ്ങുന്നതിൽ ഞാൻ ഒരിക്കലും കുറവു വരുത്തുകയില്ലെന്നും അങ്ങയോടുള്ള ഭക്തി പ്രചരിപ്പിക്കുന്നതിന് എന്റെ സർവ്വ കഴിവുകളും വിനിയോഗിക്കുന്നതാണെന്നും ഞാൻ ഇതാ പ്രതിജ്ഞ ചെയ്യുന്നു.

**സാം ഡേവിഡ്**

#081926

### ഉണ്ണിയീശോയോടുള്ള നൊവേന



ഇഹലോകവാസികളായ ഞങ്ങളേരോരുത്തരോടുമുള്ള സ്നേഹത്താൽ മനുഷ്യാവതാരം ചെയ്ത് ഞങ്ങളുടെ ഇടയിലേക്ക് വരുവാൻ തിരുമനസ്സായ ഉണ്ണിയീശോയെ അങ്ങയെ ഞങ്ങൾ ആരാധിക്കുന്നു. പാപികളായ ഞങ്ങളുടെ അയോഗ്യതകൾ പരിഗണിക്കാതെ ഞങ്ങളിൽ ഒരുവനായിത്തീരുവാൻ തിരുമനസ്സായ ഉണ്ണിയീശോയെ, കാലിത്തൊഴുത്തിൽ പിറന്ന് എളിമയോടെയും വിനയത്തിന്റെയും മാതൃകയായി ജീവിച്ചതിന് ഞങ്ങൾ അങ്ങയെ സ്തുതിക്കുന്നു.

പാപികളായ ഞങ്ങളിൽ അനുഗ്രഹവർഷം ചൊരിഞ്ഞുകൊണ്ടിരിക്കുന്ന അങ്ങേയ്ക്കു ഞങ്ങൾ നന്ദിപറയുന്നു. അങ്ങേ തിരുമുമ്പിൽ അണഞ്ഞ് ഈ നെവേനയിൽ ഇന്നു ഞങ്ങൾ പ്രത്യേകമായി അപേക്ഷിക്കുന്നു..... ആവശ്യങ്ങൾ ഞങ്ങൾക്ക് ഒരോരുത്തർക്കും സാധിച്ചുതരണമെന്ന് തകർന്ന ഹൃദയത്തോടുകൂടി അങ്ങയോട് ഞങ്ങൾ അപേക്ഷിക്കുന്നു.

ആമേൻ

**ക്രിസ്റ്റി ഫെർണാണ്ടസ്**

#081926

## വരനെ ആവശ്യമുണ്ട്

**ഫ്ളോറിഡയിലെ മിയാമിയിൽ താമസിക്കുന്ന** മാതാപിതാക്കൾ, RN ആയി മിയാമിയിൽ ജോലി ചെയ്യുന്ന 28 വയസ്സുള്ള ക്നാനായ യുവതി (യുഎസ് സിറ്റിസൺ)അനുയോജ്യരായ ക്നാനായ കാത്തലിക് യുവാക്കളിൽനിന്നും വിവാഹാലോചന ക്ഷണിക്കുന്നു.

**ബന്ധപ്പെടുക: 786–868–7192, 786–825–5748**

#081226

## Holiday Let
## Penthouse in Kochi

Two bed Penthouse with Balcony on the 18th floor, fully furnished, air-conditioned, is available for short stay in the heart of Kochi. Close to shops/Restaurants/ Shopping centres. Beautiful view of Kochi City. Location - Vennala near Holiday Inn Hotel.

**Contact NG Jerome**
**Mob: +91 9446211630**

#081226




Newspaper for Malayalees Worldwide ◆Estd.2020
വാചകം
VACHAKAM
To Advertise
1 773–888–2242
1 773–842–9149
1 773–888–2243
vachakamonline@gmail.com
news@vachakam.com
Vachakam.com
For E-Paper reading visit Vachakam.com

## അനധികൃത കുടിയേറ്റക്കാരുടെ വിവരങ്ങൾ നൽകിയില്ലെങ്കിൽ ഫെഡറൽഫണ്ട് തടയുമോ?

വാഷിംഗ്ടൺ: അനധികൃതമായി രാജ്യത്ത് താമസിക്കുന്ന കുടിയേറ്റക്കാരെക്കുറിച്ചുള്ള വിവരങ്ങൾ ഹോംലാൻഡ് സെക്യൂരിറ്റി ഡിപ്പാർട്ട്മെന്റിന് കൈമാറാൻ തയ്യാറായില്ലെങ്കിൽ സംസ്ഥാനങ്ങൾക്ക് നൽകിവരുന്ന ഫെഡറൽ സാമ്പത്തിക സഹായം തടയുമെന്ന് വ്യക്താമാക്കി യുഎസ് നീതിന്യായ വകുപ്പ്.

പാവപ്പെട്ടവർക്കായുള്ള ക്ഷേമപദ്ധതികൾക്കായി ഫെഡറൽ സർക്കാർ അനുവദിക്കുന്ന കോടിക്കണക്കിന് ഡോളറിന്റെ സാമ്പത്തിക ഫണ്ട് ഇനിമുതൽ ഈ നിബന്ധനയ്ക്ക് വിധേയമായിരിക്കും എന്ന് പുതിയ നിയമോപദേശത്തിലൂടെ ജസ്റ്റിസ് ഡിപ്പാർട്ട്മെന്റ് വ്യക്തമാക്കുന്നു.

1998 ൽ ഓഫീസ് ഓഫ് ലീഗൽ കൗൺസെൽ പുറപ്പെടുവിച്ച മുൻ ഉത്തരവ് റദ്ദാക്കിക്കൊണ്ടാണ് ഡിഒജെ പുതിയ നിർദ്ദേശം സമർപ്പിച്ചത്. പാവപ്പെട്ട കുടുംബങ്ങൾക്കുള്ള താൽക്കാലിക സാമ്പത്തിക സഹായ പദ്ധതിയായ 'ടാൻഫ്', സപ്ലിമെന്ററി സെക്യൂരിറ്റി ഇൻകം എന്നിവ നടപ്പിലാക്കുന്ന പ്രത്യേക ഏജൻസികൾക്ക് മാത്രമായിരുന്നു മുൻപ് വിവരങ്ങൾ കൈമാറാൻ ബാധ്യത ഉണ്ടായിരുന്നത്.

എന്നാൽ 1996 ലെ നിയമത്തിലെ 'സ്റ്റേറ്റ്' എന്ന പദത്തിന്റെ പരിധിയിൽ മുഴുവൻ സർക്കാർ സംവിധാനങ്ങളും ഉൾപ്പെടുമെന്ന് പുനർവ്യാഖ്യാനം ചെയ്തുകൊണ്ട്, ഫെഡറൽഫണ്ട് സ്വീകരിക്കുന്ന ഒരു സ്റ്റേറ്റിന്റെ പരിധിയിലുള്ള മുഴുവൻ വകുപ്പുകളും സർവീസുകളും അനധികൃത കുടിയേറ്റക്കാരെക്കുറിച്ചുള്ള വിവരങ്ങൾ കൈമാറാൻ പൂർണ്ണ ബാധ്യസ്ഥരാണെന്ന് അധികൃതർ ചൂണ്ടിക്കാണിക്കുന്നു.

## കേരളാ കൾച്ചറൽ സെന്റും കേരള അസോസിയേഷൻ ഓഫ് ഷിക്കാഗോയും തങ്ങളുടെ ആദരണീയരായ അംഗങ്ങളെ പുനരാദരിച്ചു




ഷിക്കാഗോ: കേരളാ കൾച്ചറൽ സെന്ററിന്റെയും കേരളാ അസോസിയേഷൻ ഓഫ് ഷിക്കാഗോയുടേയും അംഗങ്ങളായ ജോസ് ചെന്നിക്കര, ഹെറാൾഡ് ഫിഗെരെദോ, അവർക്ക് ലഭിച്ച ബഹുജന ആദരവിനെ മാനിച്ച് കേരളാ കൾച്ചറിൽ സെന്ററിൽ ആഗസ്റ്റ 28 ന് പുനരാദരിച്ചു. കെ.എ.സി പ്രസിഡന്റ് ആന്റോ കവലയ്ക്കലിന്റെ അദ്ധ്യക്ഷതയിൽ കൂടിയ സംയുക്ത എക്സിക്യൂട്ടീവ് യോഗം കെ.സി.സി. ചെയർമാൻ പ്രമോദ് സക്കറിയാസിന്റെ സ്വാഗതം പ്രസംഗത്തോടെ ആരംഭിച്ചു. തന്റെ സ്വാഗത പ്രസംഗത്തിൽ ചെയർമാൻ പ്രമോദ് സ്കറിയാസ് തങ്ങളുടെ അംഗങ്ങളായ ജോസ് ചെന്നിക്കര, ഹെറാൾഡ് ഫിഗരെദോ എന്നിവരെ ആദരിച്ച ഗീതമണ്ഡലത്തിനും മിഡ് വെസ്റ്റ മലയാളി അസോസിയേഷൻ ഓഫ് ഷിക്കാഗോയ്ക്കും നന്ദി പ്രകടിപ്പിക്കുകയും അവരുടെ ദീർഘവീക്ഷണത്തെയും സാമൂഹിക അവബോധത്തെ സ്ലാഘിക്കുകയും ചെയ്തു.

ഗീതാമണ്ഡലം ഷിക്കാഗോ ആഗസ്റ്റ 23ന് തങ്ങളുടെ ഓണാഘോഷങ്ങളോടനുബന്ധിച്ച് നടത്തിയ ഓണാഘോഷവേളയിലും അതുപോലെമിഡ്വെസ്റ്റ്മലയാളിഅസോസിയേഷൻആഗസ്റ്റ 21ന് സംഘടിപ്പിച്ച ഓണാഘോഷ വേളയിലുമാണ് പ്രസ്തുത വ്യക്തികളെ ആദരിച്ചത്.

ജോസ് ചെന്നിക്കരയ്ക്ക്, (വാചകം സി.ഇ.ഒ) മാദ്ധ്യമരംഗത്തു മലയാളികളുടെ ഭാഷാപോണഷത്തിനും വളർച്ചക്കും വേണ്ടി വാചകം എന്ന വീക്കിലി പ്രിന്റ് & ഓൺലൈൻ പേപ്പർ മുഖേന മാലയാളികൾക്കുവേണ്ടി നടത്തുന്ന സേവനങ്ങൾക്കാണ് ഗീതാമണ്ഡലം പൊന്നാടയണിയിച്ച് ആദരിച്ചത്.

അതുപോലെ തന്നെ ഹെറാൾഡ് ഫിഗരെദൊ കഴിഞ്ഞ 48 വർഷങ്ങളായി ഷിക്കാഗോ മലയാളി കമ്മ്യൂണിറ്റിയിൽ നടത്തുന്ന സാമൂഹിക പ്രവർത്തനങ്ങളെ ആദരിച്ചാണ് മിഡ് വെസ്റ്റ മലയാളി അസോസിയേഷൻ പൊന്നാടണിയിച്ചു ബഹുമാനിച്ചത്.

സ്റ്റാൻലി ജോസഫ്, സന്തോഷ് അഗസ്റ്റിൻ, ജോർജ് കുരിയാക്കോസ് എന്നിവരും ആശംസയറിയിച്ച് സംസാരിച്ചു.

# ഷിക്കാഗോ സോഷ്യൽ ക്ലബ്ബിന്റെ അന്താരാഷ്ട്ര വടംവലി

## വിപുലമായ പാർക്കിംഗ് സൗകര്യം ഇത്തവണത്തെ പ്രത്യേകത

ഷിക്കാഗോ: ഷിക്കാഗോ സോഷ്യൽ ക്ലബ്ബിന്റെ പന്ത്രണ്ടാമത് അന്താരാഷ്ട്ര വടംവലി മത്സരം ഈ വരുന്ന ഞായറാഴ്ച രാവിലെ 8 മണി മുതൽ ബെൻസൺവില്ലിലുള്ള എനർജി സ്പോർട്സ് കോംപ്ലക്സിൽ അരങ്ങേറും. കഴിഞ്ഞ പതിനൊന്ന് വർഷങ്ങളിലെ മത്സരങ്ങളിൽ നിന്ന് വ്യത്യസ്തമായി, വിപുലമായ പാർക്കിംഗ് സൗകര്യങ്ങളോടുകൂടിയ വേദിയാണ് ഇത്തവണത്തെ വടംവലിയുടെ പ്രധാന ആകർഷണങ്ങളിലൊന്ന്.




മുൻ വർഷങ്ങളിൽ വടംവലി കാണാനെത്തുന്നവർക്കുള്ള പാർക്കിംഗ് സൗകര്യത്തിന്റെ പരിമിതി ഒരു പ്രധാന വെല്ലുവിളിയായിരുന്നു. എന്നാൽ ഇത്തവണ 850ലധികം വാഹനങ്ങൾക്ക് പാർക്കിംഗ് സൗകര്യം ലഭ്യമാക്കിയാണ് സംഘാടകർ മത്സരത്തെ വരവേൽക്കുന്നത്.

എനർജി സ്പോർട്സ് കോംപ്ലെക്സിലും അതിനോടുചേർന്നുള്ള പ്രദേശങ്ങളിലുമായി 650ലധികം വാഹനങ്ങൾക്ക് പാർക്ക് ചെയ്യാനുള്ള സൗകര്യം ലഭ്യമാണ്. ഇതുകൂടാതെ, വേദിയിൽ നിന്ന് ഏകദേശം മൂന്ന് മിനിറ്റ് മാത്രം അകലെയുള്ള സേക്രട്ട് ക്നാനായ കാത്തോലിക് ചർച്ചിന്റെ പാർക്കിംഗ് ലോട്ടിൽ 200ലധികം വാഹനങ്ങൾക്ക് അധിക പാർക്കിംഗ് സൗകര്യവും വടംവലി കാണാനെത്തുന്നവർക്കായി ലഭ്യമാക്കിയിട്ടുണ്ട്.

ഇതോടെ ഷിക്കാഗോ സോഷ്യൽ ക്ലബ്ബിന്റെ അന്താരാഷ്ട്ര വടംവലി ചരിത്രത്തിൽ ഏറ്റവും കൂടുതൽ പാർക്കിംഗ് സൗകര്യങ്ങളോടുകൂടി നടത്തപ്പെടുന്ന മത്സരമായി ഇത്തവണത്തെ ടൂർണമെന്റ് മാറുമെന്ന് സംഘാടകർ പ്രതീക്ഷിക്കുന്നു. മികച്ച വേദിയും സുഗമമായ പ്രവേശനവും വിശാലമായ പാർക്കിംഗും കാണികൾക്ക് കൂടുതൽ സൗകര്യപ്രദമായ അനുഭവം നൽകുമെന്നും സംഘാടകർ അറിയിച്ചു.

വടംവലി മത്സരത്തിനായുള്ള എല്ലാ ഒരുക്കങ്ങളും പൂർത്തിയായതായി ഷിക്കാഗോ സോഷ്യൽ ക്ലബ് പ്രസിഡന്റ് റൊണാൾഡ് പൂക്കുമ്പേൽ, ടൂർണമെന്റ് ചെയർമാൻ സിറിയക് കൂവക്കാട്ടിൽ എന്നിവർ അറിയിച്ചു.

## ഇടിമുഴക്കമാകുവാൻ അനൗൺസ്മെന്റിന്റെ മൂവർസംഘം




ഷിക്കാഗോ: ഷിക്കാഗോ അന്താരാഷ്ട്ര വടംവലി മത്സരത്തിന്റെ പന്ത്രണ്ടാമത് ടൂർണമെന്റ് ഷിക്കാഗോയിൽ അരങ്ങേറുമ്പോൾ, അനൗൺസ്മെന്റിൽ അഗ്രഗണ്യരായ കമന്റേറ്റർമാരുടെ ഇടിമുഴക്കവും ഇത്തവണ വടംവലിക്കളത്തെ ആവേശഭരിതമാക്കും. കമന്ററിയിലൂടെ വടംവലി പ്രേമികളുടെ ആവേശം വാനോളമുയർത്തുന്ന മൂവർസംഘം ഇത്തവണയും ഷിക്കാഗോ സോഷ്യൽ ക്ലബ്ബിന്റെ വടംവലിക്ക് ശബ്ദമാകുവാനായി എത്തുകയാണ്.

കഴിഞ്ഞ പന്ത്രണ്ട് വർഷക്കാലമായി, ഷിക്കാഗോ വടംവലി മത്സരം ആരംഭിച്ചതു മുതൽ കമന്ററി സംഘത്തിന്റെ നെടുംതൂണായിരുന്ന ഷിക്കാഗോയുടെ സ്വന്തം സജീ പുതൃക്കയിൽ, കുറെ വർഷങ്ങളായി ഷിക്കാഗോ സോഷ്യൽ ക്ലബ്ബിന്റെ വടംവലിയുടെയും നോർത്ത് അമേരിക്കയിലെ വിവിധ വടംവലി മത്സരങ്ങളുടെയും കമന്ററിക്ക് നേതൃത്വം നൽകിയ ഷിക്കാഗോ സോഷ്യൽ ക്ലബ് പ്രസിഡന്റ് റോണാൾഡ് പൂക്കുമ്പേൽ, അവരോടൊപ്പം കേരളത്തിലെ സുപ്രധാന വടംവലി മത്സരങ്ങളിൽ മനോഹരമായി കമന്ററി പറഞ്ഞ് നിരവധി കൈയടികൾ നേടിയ പരിചയസമ്പന്നതയുടെ മുഖമായി മലബാറിന്റെ മണ്ണിൽനിന്ന് ഷിക്കാഗോയിലേക്ക് എത്തുന്ന സിജിൽ രാജു എന്നിവരാണ് ഇത്തവണത്തെ വടംവലിയുടെ കമന്ററി ഗംഭീരമാക്കുവാൻ തയ്യാറാകുന്നത്.

വടംവലിക്കളത്തിലെ ഓരോ നീക്കവും ആവേശവും കാണികളിലേക്ക് എത്തിച്ചുകൊണ്ട്, മത്സരത്തിന്റെ ചൂടും വീറും ഇരട്ടിയാക്കുന്ന ഈ മൂവർസംഘത്തിന്റെ ശബ്ദമുഴക്കം ഇത്തവണയും ഷിക്കാഗോയിലെ വടംവലി വേദിയിൽ ആവേശത്തിന്റെ ഇടിമുഴക്കമാകുമെന്നാണ് സംഘാടകരുടെ പ്രതീക്ഷ.

സെപ്തംബർ ആറിന് ബെൻസൺവില്ലിലെ എനർജി സ്പോർട്സ് കോംപ്ലെക്സിൽ വെച്ചാണ് വടംവലി മത്സരങ്ങൾ അരങ്ങേറുക. ഈ വടംവലി മത്സരം ആസ്വദിക്കുവാനും, മത്സരത്തെ വിജയിപ്പിക്കുവാനും ലോകമെമ്പാടുമുള്ള എല്ലാ വടംവലി പ്രേമികളെയും ഷിക്കാഗോയുടെ മണ്ണിലേക്ക് സ്വാഗതം ചെയ്യുന്നതായി വടംവലി കമ്മിറ്റിക്കുവേണ്ടി ചെയർമാൻ സിറിയക് കൂവക്കാട്ടിൽ അറിയിച്ചു.

## നിയന്ത്രിക്കുവാൻ പരിചയസമ്പന്നരായ നാലംഗ റഫറി സംഘം

ഷിക്കാഗോ: ഷിക്കാഗോ സോഷ്യൽ ക്ലബ്ബിന്റെ പന്ത്രണ്ടാമത് അന്താരാഷ്ട്ര വടംവലി മത്സരത്തെ നിയന്ത്രിക്കുവാനായി പരിചയസമ്പന്നരായ നാലംഗ റഫറി സംഘം ഇത്തവണയും രംഗത്ത്. കഴിഞ്ഞ പന്ത്രണ്ട് വർഷങ്ങളായി തുടർച്ചയായി ഷിക്കാഗോ സോഷ്യൽ ക്ലബ്ബിന്റെ അന്താരാഷ്ട്ര വടംവലി മത്സരത്തെ നിയന്ത്രിച്ചുവരുന്ന അതേ നാലംഗ സംഘമാണ് ഇത്തവണയും മത്സരത്തിന്റെ നിയന്ത്രണം ഏറ്റെടുക്കുന്നത്.




ജോസ് ഇടിയാലിൽ, നിണൽ മുണ്ടപ്ലാക്കിൽ, ജെസ്മോൻ പുറമടം, സിബി കദളിമറ്റം എന്നിവരടങ്ങുന്ന നാലംഗ റഫറി ടീമാണ് വാശിയേറിയ അന്താരാഷ്ട്ര വടംവലി മത്സരത്തെ നിയന്ത്രിക്കുന്നത്. കഴിഞ്ഞ പന്ത്രണ്ട് വർഷങ്ങളായി വടംവലി മത്സരങ്ങളെ സുഗമമായും കാർക്കശ്യത്തോടെയും, ഒരു പരാതിക്കുപോലും ഇടനൽകാതെ മത്സരങ്ങൾ വിജയകരമായി നിയന്ത്രിച്ച പരിചയസമ്പന്നതയുമായാണ് ഇത്തവണയും ഇവർ കളത്തിലിറങ്ങുന്നത്.

ഷിക്കാഗോ മലയാളികൾക്ക് സുപരിചിതരായ ഈ നാലുപേരും വടംവലി രംഗത്ത് അന്താരാഷ്ട്ര തലത്തിൽ തന്നെ ഏറെ ശ്രദ്ധിക്കപ്പെട്ടവരാണ്. വർഷങ്ങളായി നിരവധി വാശിയേറിയ മത്സരങ്ങൾ നിയന്ത്രിച്ചിട്ടുള്ള ഇവരുടെ പരിചയസമ്പന്നതയും തീരുമാനങ്ങളിലെ കൃത്യതയും മത്സരത്തിന്റെ സുഗമമായ നടത്തിപ്പിന് വലിയ മുതൽക്കൂട്ടാണ്. ഇവരുടെ പ്രവർത്തനങ്ങളിൽ ഷിക്കാഗോ സോഷ്യൽ ക്ലബ്ബിന് പൂർണ സംതൃപ്തിയുണ്ടെന്നും, അവരുടെ പ്രൊഫഷണലിസത്തിലും പരിചയസമ്പന്നതയിലും ക്ലബ്ബിന് പൂർണ വിശ്വാസമുണ്ടെന്നും ഷിക്കാഗോ സോഷ്യൽ ക്ലബ് പ്രസിഡന്റ് റൊണാൾഡ് പൂക്കുമ്പേൽ അറിയിച്ചു.

അനിൽ മറ്റത്തിക്കുന്നേൽ



# ആനുവൽ യൂത്ത് ആന്റ് ഫാമിലി കോൺഫറൻസ് 2026

ടൊറന്റോ: 2026 നവംബർ 27, 28, 29 തീയതികളിൽ നടക്കാനിരിക്കുന്ന ഫസ്റ്റ് ആനുവൽ യൂത്ത് ആന്റ് ഫാമിലി കോൺഫറൻസ് 2026 വിപുലമായ പരിപാടികളോടെ ആഘോഷിക്കാൻ തീരുമാനിച്ചു.

ചരിത്രപ്രധാനമായ സമ്മേളനത്തിന്റെ സന്ദേശവും കാഴ്ചപ്പാടും ലക്ഷ്യങ്ങളും വിശാലമായ സമൂഹത്തിലേക്ക് എത്തിക്കുന്നതിനായി മാധ്യമ വാർത്താ സമ്മേളനം നടത്തി.

നോർത്ത് അമേരിക്കയിലെ മലങ്കര അതിരൂപതയുടെ ആർച്ച് ബിഷപ്പും പാത്രിയാർക്കൽ വികാരിയുമായ മോർ തീത്തോസ് യൽദോ തിരുമേനി അനുഗ്രഹ പ്രഭാഷണം നടത്തി.




യാക്കോബായ സുറിയാനി ഓർഡോക്സ് സഭ സെക്രട്ടറി ജേക്കബ് സി. മാത്യു, ഫാ. എബി മാത്യു, ജനുമഠത്തിൽ, മീന ജോയ്, അ ജോയ് ജോൺ എന്നിവർ സംസാരിച്ചു.

കൂടാതെ ഇടവക ഭാരവാഹികൾ, മാനേജിംഗ് കമ്മിറ്റി അംഗങ്ങൾ, അതിരൂപത കാനഡ റീജിയൻ കൗൺസിൽ അംഗങ്ങൾ, മാധ്യമ പ്രതിനിധികൾ, ഒന്റാറിയോയിലുടനീളമുള്ള സമുദായ നേതാക്കൾ എന്നിവരും യോഗത്തിൽ പങ്കെടുത്തു.

# കാനഡയിലെ റിയൽ എസ്റ്റേറ്റ് വിപണി വീണ്ടും ഉണർവിലേക്ക്, റിപ്പോർട്ടുമായി ആർബിസി ഇക്കണോമിക്സ്

കാനഡയിലെ റിയൽ എസ്റ്റേറ്റ് വിപണി നീണ്ട നാളത്തെ മാന്ദ്യത്തിന് ശേഷം ഒടുവിൽ തിരിച്ചുവരവിന്റെ പാതയിലേക്ക് കടക്കുന്നതായി പുതിയ സാമ്പത്തിക അവലോകന റിപ്പോർട്ട്. റോയൽ ബാങ്ക് ഓഫ് കാനഡയുടെ സാമ്പത്തിക ഗവേഷണ വിഭാഗമാണ് രാജ്യത്തെ ഭവന വിപണിയിലെ പുതിയ മാറ്റങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ പുറത്തുവിട്ടത്. കഴിഞ്ഞ ഏതാനും വർഷങ്ങളായി തുടരുന്ന വിപണിയിലെ തളർച്ചയിൽ നിന്നും നേരിയ പരോഗതി ദൃശ്യമായിത്തുടങ്ങിയതായും വീടുകളുടെ വിൽപ്പനയിൽ പതുക്കെ വർദ്ധനവുണ്ടാകുന്നുണ്ടെന്നും റിപ്പോർട്ട് വ്യക്തമാക്കുന്നു. എങ്കിലും രാജ്യത്തുടനീളം ഈ വീണ്ടെടുക്കൽ ഒരേ പോലെയല്ല അനുഭവപ്പെടുന്നത്.

ഒന്റാറിയോ, ബ്രിട്ടീഷ് കൊളംബിയ തുടങ്ങിയ പ്രധാന പ്രവിശ്യകളിൽ പ്രോപ്പർട്ടി മൂല്യങ്ങളിൽ ഉണ്ടായ കടുത്ത ഇടിവും തിരുത്തലുകളും വിപണിയിലെ ആത്മവിശ്വാസത്തെ ഇനിയും പൂർണ്ണമായി വീണ്ടെടുക്കാൻ അനുവദിച്ചിട്ടില്ല. ഇതിനാൽ തന്നെ വിപണിയുടെ മാറ്റങ്ങൾ വളരെ പതുക്കെയായിരിക്കും. ഈ വർഷത്തെ വീടുകളുടെ ആകെ വിൽപ്പനയിൽ 3.6 ശതമാനത്തിന്റെ ഇടിവും ശരാശരി വിലയിൽ 2.3 ശതമാനത്തിന്റെ കുറവും രേഖപ്പെടുത്തിയേക്കാം. കഴിഞ്ഞ ശൈത്യകാലത്തും വസന്തകാലത്തിന്റെ തുടക്കത്തിലും അനുഭവപ്പെട്ട വിപണി മന്ദഗതിയാണ് ഈ കുറവിന് പ്രധാന കാരണം.

എങ്കിലും ഏപ്രിൽ മാസത്തിന് ശേഷം പ്രതിമാസ അടിസ്ഥാനത്തിൽ വീടുകളുടെ കൈമാറ്റത്തിൽ നേരിയ വർദ്ധനവ് രേഖപ്പെടുത്തുന്നത് ആശ്വാസകരമാണ്. പ്രോപ്പർട്ടി വിലകൾ കുത്തനെ ഇടിയുന്ന അവസ്ഥയ്ക്ക് തടയിടാൻ വിപണിക്ക് സാധിച്ചിട്ടുണ്ട്. വരും വർഷത്തോടെ കാനഡിയൻ ഭവന വിപണിയിൽ കൂടുതൽ വ്യക്തമായ ഉണർവ് പ്രകടമാകുമെന്നാണ് സാമ്പത്തിക വിദഗ്ദ്ധർ പ്രവചിക്കുന്നത്. അടുത്ത വർഷത്തോടെ വീട് വിൽപ്പന 6.7 ശതമാനം വരെ ഉയരാൻ സാധ്യതയുണ്ട്.

അതുപോലെ തന്നെ ശരാശരി ഭവന വിലയിൽ 0.8 ശതമാനം വർദ്ധനവുണ്ടായി ബെഞ്ച്മാർക്ക് നിരക്കുകൾ 800,700 കാനഡിയൻ ഡോളറിലേക്ക് എത്തിയേക്കുമെന്നും ആർബിസി അസിസ്റ്റന്റ് ചീഫ് ഇക്കണോമിസ്റ്റ് റോബർട്ട് ഹോഗ് സൂചിപ്പിക്കുന്നു. തൊഴിൽ വിപണിയിലെ സുസ്ഥിരതയും കൈവശമുള്ള സമ്പാദ്യവും കാരണം വീട് വാങ്ങാൻ കാത്തിരിക്കുന്ന ആളുകൾ വിപണിയിലേക്ക് തിരിച്ചെത്തുന്നത് പ്രതീക്ഷ നൽകുന്ന ഘടകമാണ്. വാടകവീടുകളിൽ കഴിയുന്ന നിരവധി യുവാക്കൾ സ്വന്തമായി വീട് വാങ്ങാനുള്ള തീരുമാനത്തിലേക്ക് നീങ്ങുന്നു.

എന്നാൽ ബാങ്ക് ഓഫ് കാനഡയുടെ പലിശ നിരക്കുകൾ ഉയർന്ന നിലയിൽ തുടരുന്നത് അല്പം ആശങ്ക ഉയർത്തുന്നുണ്ട്. പലിശ നിരക്കുകളിൽ ഇനി പെട്ടെന്ന് വലിയ കുറവുകൾ വരാൻ സാധ്യതയില്ലെന്നാണ് റിപ്പോർട്ടുകൾ വ്യക്തമാക്കുന്നത്. ഇതോടൊപ്പം അന്താരാഷ്ട്ര തലത്തിൽ തുടരുന്ന വ്യാപാര തർക്കങ്ങളും പശ്ചിമേഷ്യൻ പ്രതിസന്ധികളും കാനഡയുടെ സാമ്പത്തിക രംഗത്തിന് കനത്ത വെല്ലുവിളിയാണ് ഉയർത്തുന്നത്.

# യു.എസ് തിരഞ്ഞെടുപ്പ് സുരക്ഷയിൽ ആശങ്ക: ട്രംപിനെതിരെ കാർണി; ഗൾഫിൽ പുകഞ്ഞ് ഇറാൻ തിരിച്ചടി

വാഷിംഗ്ടൺ: വരാനിരിക്കുന്ന ഇടക്കാല തിരഞ്ഞെടുപ്പുകൾ മുന്നിൽനിൽക്കെ അമേരിക്കൻ ഭരണകൂടവും തപാൽ സർവീസും വലിയ രാഷ്ട്രീയ സാങ്കേതിക പ്രതിസന്ധികളിലേക്ക് നീങ്ങുന്നതായി പുതിയ വെളിപ്പെടുത്തലുകൾ സൂചിപ്പിക്കുന്നു. പ്രസിഡന്റ് ഡൊണാൾഡ് ട്രംപിന്റെ എക്സിക്യൂട്ടീവ് ഉത്തരവ് നടപ്പിലാക്കാൻ യു.എസ് പോസ്റ്റൽ സർവീസ് ധൃതിപിടിച്ച് നിർമ്മിക്കുന്ന സോഫ്റ്റ്‌വെയർ സംവിധാനം വലിയ തരാറുകൾ നിറഞ്ഞതാണെന്നും ഇത് രാജ്യത്തെ കോടിക്കണക്കിന് തപാൽ വോട്ടുകളെ പ്രതികൂലമായി ബാധിക്കുമെന്നും ഒരു വിസിൽബ്ലോവർ റിപ്പോർട്ട് വ്യക്തമാക്കുന്നു.

സാധാരണയായി ഒരു വർഷത്തിലേറെ സമയമെടുത്ത് നിർമ്മിക്കേണ്ട സങ്കീർണ്ണമായ കമ്പ്യൂട്ടർ സിസ്റ്റം കേവലം മൂന്ന് മാസം കൊണ്ട് പൂർത്തിയാക്കാൻ ശ്രമിച്ചതാണ് ഈ പ്രതിസന്ധിക്ക് കാരണം. ഇത് ലക്ഷക്കണക്കിന് വോട്ടർമാരുടെ വോട്ടവകാശം ഇല്ലാതാക്കുമെന്ന വിമർശനം ശക്തമായതോടെ വിഷയം വലിയ രാഷ്ട്രീയ കോളിളക്കമായി മാറിയിട്ടുണ്ട്. അതേസമയം, അന്താരാഷ്ട്ര തലത്തിലും അമേരിക്കയ്ക്ക് തിരിച്ചടികൾ നേരിടേണ്ടി വരുന്നുണ്ട്. കനേഡിയൻ പ്രധാനമന്ത്രി മാർക്ക് കാർണി അമേരിക്കൻ ഭരണകൂടത്തിനെതിരെ പരസ്യമായി രൂക്ഷവിമർശനം ഉന്നയിച്ചു. ട്രംപ് ഭരണകൂടം സോഷ്യൽ മീഡിയ വഴിയുള്ള അധിക്ഷേപങ്ങളും ഭീഷണികളും അവസാനിപ്പിച്ച് നയതന്ത്രപരമായ ചർച്ചകൾക്ക് തയ്യാറാകണമെന്ന് കാർണി മുന്നറിയിപ്പ് നൽകി.

കാനഡയുടെ സാമ്പത്തിക രംഗത്തെയും വ്യവസായങ്ങളെയും തകർക്കുന്ന നിലപാടുകളിൽ നിന്നും യു.എസ് പിന്മാറിയാൽ മാത്രമേ വ്യാപാര ചർച്ചകൾ മുന്നോട്ട് കൊണ്ടുപോകാനാകൂ എന്ന് അദ്ദേഹം വ്യക്തമാക്കി. എന്നാൽ ഈ ആഹ്വാനത്തെ തള്ളിക്കളഞ്ഞ യു.എസ് ട്രഷറി സെക്രട്ടറി സ്കോട്ട് ബെസന്റ്, യു.എസിനെതിരെ യുദ്ധപ്രഖ്യാപനസ്വഭാവമുള്ള പരാമർശങ്ങൾ നടത്തിയത് കാർണിയാണെന്ന് ആരോപിച്ച് തിരിച്ചടിച്ചു.

അതേസമയം പശ്ചിമേഷ്യയിൽ അമേരിക്കയും ഇറാനും തമ്മിലുള്ള സൈനിക സംഘർഷം വീണ്ടും വൻ തോതിൽ മൂർച്ഛിച്ചിരിക്കുകയാണ്. യു.എസ് സൈന്യത്തിന്റെ ആക്രമണങ്ങൾക്ക് മറുപടിയായി കുവൈറ്റിലും ബഹ്റൈനിലും ഇറാൻ നടത്തിയ ഡ്രോൺ ആക്രമണങ്ങൾ ഗൾഫ് മേഖലയിലെ സമാധാനാന്തരീക്ഷം വീണ്ടും തകർത്തു.



# ഐ.എം.എയുടെ വിസ്മയ ഓണസമ്മാനം സജി തോമസ് കൊട്ടാരക്കരയ്ക്ക്

ഷിക്കാഗോയിൽ എല്ലായിപ്പോഴും വിസ്മയങ്ങളും അതിശയങ്ങളും കാഴ്ചവെയ്ക്കുന്ന ഇല്ലിനോയി മലയാളി അസോസിയേഷൻ ഇത്തവണ അസോസിയേഷനുകൾ തമ്മിൽ മത്സരിച്ചു നടത്തുന്ന ഓണാഘോഷങ്ങളിൽ നിന്നും പിന്മാറി തങ്ങളുടെ അംഗങ്ങളിൽ നിന്നും സ്വരൂപിച്ച 3500 ഡോളർ ഒരു ഭവനം നിർമ്മിക്കാൻ നൽകി - ഒരു വലിയ മാതൃക സൃഷ്ടിച്ചിരിക്കുകയാണ്. ഷിക്കാഗോയിലെ എല്ലാ നേതാക്കളെയും ക്ഷണിച്ചു വരുത്തി സുബാഷ് ജോർജ് സംഘടിപ്പിച്ച ഒരു യോഗത്തിൽ വച്ചാണ് ഇല്ലിനോയി മലയാളി അസോസിയേഷൻ മുൻ പ്രസിഡന്റ് ജോർജ് പണിക്കർ സംഭാവന തുക കൈമാറിയതും പ്രേക്ഷകരെ ഞെട്ടിച്ച് ഈ പ്രസ്താവന നടത്തിയതും.



അഞ്ചാം വയസ്സിൽ പോളിയോ രോഗം ബാധിച്ച് ഒരു കാൽ തളർന്നിട്ടും തന്റെ നിശ്ചയദാർഢ്യവും വിനയവും അദ്ധ്വാനവും താൻ പഠിച്ച തൊഴിൽ അഭിമാനത്തോടെ ചെയ്തു കുടുംബത്തെ പുലർത്തുന്ന സജി തോമസിന് ഈ കൈതാങ്ങ് തന്റെ ഭവനം എന്ന ഒരു സ്വപ്നം പൂവണിയാൻ ഏറെ സഹായകമാകും എന്നു ഉറക്കെ വിശ്വസിക്കുന്നു. ഭാര്യയും രണ്ടു കുട്ടികളും അമ്മയും അടങ്ങുന്ന ഈ കുടുംബത്തിന്റെ ഏക അത്താണി സജിയാണ്. ഫൊക്കാന, ഫോമാ എന്നീ സംഘനടകളും മറ്റ് മലയാളി സംഘനടകൾക്കും വേണ്ടി ലഘുലേഖ നിർമ്മിച്ചു നൽകിയാണ് തന്റെ ഉപജീവനം നടത്തുന്നത്. കൂടാതെ ഒരു വീട് ഇല്ലാത്ത താൻ അനേകർക്ക് വേണ്ടി വീടുകൾ നിർമ്മിച്ചു നൽകുകയും വിദ്യാലയങ്ങൾ തുറക്കുമ്പോൾ വിദ്യാർത്ഥികൾക്കാവശ്യമായ സ്കൂൾ ബാഗും മറ്റ് കിറ്റുകളും നൽകി സഹായിക്കുകയും ചെയ്യുന്നു.

ഒരു മികച്ച ഗ്രാഫിക് ഡിസൈനറായ അദ്ദേഹം നൂറ്റമ്പതിലധികം ഭക്തിഗാനങ്ങൾ എഴുതി സംഗീതം നൽകിയിട്ടുണ്ട്. അദ്ദേഹത്തിന്റെ മികച്ച ജീവകാരുണ്യ പ്രവർത്തനങ്ങളെ മാനിച്ച് ഗ്ലോബൽ ഇന്ത്യൻ ന്യൂസിന്റെ "സോഷ്യൽ വർക്കർ ഓഫ് ദ ഇയർ" അവാർഡ് ഉൾപ്പെടെ നിരവധി ആദരവുകൾ അദ്ദേഹത്തിന് ലഭിച്ചിട്ടുണ്ട്. തന്റെ ശാരീരിക ബുദ്ധിമുട്ടുകളെപ്പോലും വകവെക്കാതെ സമൂഹത്തിലെ പാർശ്വവൽക്കരിക്കപ്പെവർക്കായി ജീവിതം സമർപ്പിച്ച സജി തോമസിന് ഒട്ടനവധി ആളുകൾക്ക് പ്രചോദനമാണെന്നും അതിൽ ഇല്ലിനോയി മലയാളി അസോസിയേഷൻ അഭിമാനം കൊള്ളുന്നു എന്നും പ്രസിഡന്റ് ജോഷി പീറ്റർ ഇൻഡിക്കുഴി, മുൻ പ്രസിഡന്റുമാരായ ജോർജ് പണിക്കർ, സിറിയക് കൂവക്കാട്ടിൽ, ജേയ്ബ്ബുകുളങ്ങര, സിബു മാത്യു, ജോർജ് ചക്കാലത്തൊട്ടിൽ, ട്രഷറാർ ഷാനി എബ്രഹാം, മുൻ ട്രഷറാർമാരായ ചന്ദ്രൻപിള്ള, ജോസി കുരിശിങ്കൽ, ജോർജ് മാത്യു, ജോമിൻ പണിക്കർ എന്നിവർ അഭിപ്രായപ്പെട്ടു.

ഷിക്കാഗോയിൽ 35 വർഷങ്ങൾക്കു മുമ്പ് ആദ്യമായി യുവജനോത്സവം സംഘടിപ്പുച്ചതിലൂടെ ഷിക്കാഗോ മലയാളികളുടെ ഹൃദയത്തിൽ ഇടം നേടിയ ഇല്ലിനോയി മലയാളി അസോസിയേഷൻ വിവിധ സന്ദർഭങ്ങളിൽ കേരളത്തിലെ ജനങ്ങൾക്ക് കൈതാങ്ങായി പ്രവർത്തിച്ചിട്ടുണ്ട്. പ്രളയസമയത്ത് 25 ലക്ഷം രൂപ ജനങ്ങളിൽ നേരിട്ട് എത്തിക്കുവാൻ ഐ.എം.എ മറിന്നില്ല.

ഇല്ലിനോയി മലയാളി അസോസിയേഷന്റെ പ്രവർത്തനം വളരെ മഹനീയമാണെന്നും വളരെ പ്രശംസ അർഹിക്കുന്നതാണെന്നും പരിപാടിയിൽ സംബന്ധിച്ച ഷിക്കാഗോ മലയാളി അസോസിയേഷൻ പ്രസിഡന്റ് ജോസ് മണക്കാട്, ഫൊക്കാന ജനറൽ സെക്രട്ടറി സന്തോഷ് നായർ, ഐ.ഒ.സി ദേശീയ പ്രസിഡന്റ് സതീശൻ നായർ, ഫോമാ അസോസിയേഷൻ ട്രഷറാർ ജോൺസൺ കണ്ണൂക്കാടൻ, എം.എ.ജി.സി പ്രസിഡന്റ് ജിതേഷ് ചുങ്കത്ത് എന്നിവർ അഭിപ്രായപ്പെട്ടു.

*ജോർജ് പണിക്കർ*

# ഹോർമൂസ് കടലിടുക്കിന്റെ പേര് മാറ്റി 'ട്രംപ് സ്ട്രെയിറ്റ്' എന്ന് ആക്കിയാലോ? വിവാദ നീക്കവുമായി അമേരിക്കൻ പ്രസിഡന്റ് ഡൊണാൾഡ് ട്രംപ്

ലോകത്തിലെ ഏറ്റവും പ്രധാനപ്പെട്ട എണ്ണ ഗതാഗത പാതയായ ഹോർമൂസ് കടലിടുക്കിന്റെ പേര് മാറ്റാൻ നിർദ്ദേശിച്ച് അമേരിക്കൻ പ്രസിഡന്റ് ഡൊണാൾഡ് ട്രംപ്. തന്ത്രപ്രധാനമായ ഈ സമുദ്രപാതയ്ക്ക് സ്വന്തം പേര് നൽകി 'ട്രംപ് സ്ട്രെയിറ്റ്' എന്ന് പുനർനാമകരണം ചെയ്താലോ എന്നാണ് ട്രംപിന്റെ പുതിയ ചോദ്യം. തന്റെ ട്രൂത്ത് സോഷ്യൽ പ്ലാറ്റ്ഫോമിലൂടെയാണ് ട്രംപ് ഈ വിവാദപരമായ നിർദ്ദേശം പരസ്യമാക്കിയത്. പ്രസ്തുത കടലിടുക്ക് ഇപ്പോൾ പൂർണ്ണമായും അമേരിക്കയുടെ നിയന്ത്രണത്തിലാണെന്നും അതിനാൽ പേര് മാറ്റുന്നതിൽ തെറ്റില്ലെന്നുമാണ് ട്രംപിന്റെ അവകാശവാദം.

പേർഷ്യൻ ഉൾക്കടലിനെയും ഒമാൻ ഉൾക്കടലിനെയും തമ്മിൽ ബന്ധിപ്പിക്കുന്ന ഈ ഇടുങ്ങിയ സമുദ്രപാത വഴി ആഗോള ക്രൂഡോയിൽ വിതരണത്തിന്റെ വലിയൊരു പങ്കാണ് ദിനംപ്രതി കടന്നുപോകുന്നത്. ഇത്തരമൊരു പ്രധാന അന്താരാഷ്ട്ര പാതയുടെ പേര് മാറ്റാനുള്ള നിർദ്ദേശം ആഗോള നയതന്ത്രതലത്തിൽ വലിയ ചർച്ചകൾക്ക് വഴിവെച്ചിട്ടുണ്ട്. ഇറാനുമായി മാസങ്ങളായി തുടരുന്ന കടുത്ത സൈനിക സംഘർഷങ്ങൾക്കിടയിലാണ് ട്രംപിന്റെ ഈ പുതിയ പ്രസ്താവന പുറത്തുവരുന്നത്. ഹോർമൂസ് കടലിടുക്കിൽ യുഎസ് സൈനിക സാന്നിധ്യം ശക്തമാക്കിയ പശ്ചാത്തലത്തിൽ ഇവിടം പൂർണ്ണമായും അമേരിക്കൻ ടെറിട്ടറിയായി പ്രഖ്യാപിക്കുമെന്ന് മുൻപും ട്രംപ് മുന്നറിയിപ്പ് നൽകിയിരുന്നു.









# ഗ്രീൻ കാർഡ് അപേക്ഷകർക്ക് വൻ പ്രഹരം! സ്പോൺസർമാരുടെ സിബിൽ സ്കോറും ക്രെഡിറ്റ് വിവരങ്ങളും ചോദിച്ചറിയാൻ യുഎസ് സിഐഎസിന് അധികാരം, പുതിയ ഫോം നിലവിൽ വന്നു




അമേരിക്കയിൽ ബന്ധുക്കൾക്കോ സുഹൃത്തുക്കൾക്കോ ഗ്രീൻ കാർഡ് സ്പോൺസർ ചെയ്യാൻ പദ്ധതിയിടുന്നവർക്ക് കടുത്ത നിബന്ധനകളുമായി യുഎസ് സിറ്റിസൺഷിപ്പ് ആൻഡ് ഇമിഗ്രേഷൻ സർവീസസ്. ഗ്രീൻ കാർഡ് സ്പോൺസർ ചെയ്യുന്ന വ്യക്തികളുടെ ക്രെഡിറ്റ് റിപ്പോർട്ടുകളും ക്രെഡിറ്റ് സ്കോറുകളും പരിശോധിക്കാൻ ഇമിഗ്രേഷൻ ഏജൻസിക്ക് അധികാരം നൽകുന്ന പുതിയ പരിഷ്കാരം നിലവിൽ വന്നു. അഫിഡവിറ്റ് ഓഫ് സപ്പോർട്ട് സമർപ്പിക്കുന്ന ഫോം I-864 എന്ന നിർണ്ണായക രേഖയിലാണ് സർക്കാറിന്റെ ഈ അടിയന്തിര ഭേദഗതി. ഓഗസ്റ്റ് 31 മുതൽ പുതിയ നിർദ്ദേശങ്ങൾ അടങ്ങിയ പുതുക്കിയ അപേക്ഷാ ഫോം മാത്രമായിരിക്കും ഏജൻസി സ്വീകരിക്കുകയെന്ന് അധികൃതർ വ്യക്തമാക്കിയിട്ടുണ്ട്.

പുതിയ അപേക്ഷാ ഫോമിൽ ഒപ്പുവെക്കുന്നതിലൂടെ സ്പോൺസറുടെ സാമ്പത്തിക വിവരങ്ങളും ക്രെഡിറ്റ് ഹിസ്റ്ററിയും ക്രെഡിറ്റ് ബ്യൂറോകളിൽ നിന്നും ശേഖരിക്കാൻ യുഎസ് സിഐഎസിനും യുഎസ് സ്റ്റേറ്റ് ഡിപ്പാർട്ട്മെന്റിനും പൂർണ്ണ അനുമതി ലഭിക്കും. സാമ്പത്തിക ഭദ്രതയില്ലാത്ത സ്പോൺസർമാരെ ഒഴിവാക്കാനാണ് ഈ പുതിയ നീക്കം. പഴയ ഫോം സമർപ്പിക്കാൻ യാതൊരുവിധ സാവകാശവും നൽകില്ലെന്നാണ് അമേരിക്കൻ ഇമിഗ്രേഷൻ ഏജൻസി അറിയിച്ചിട്ടുള്ളത്. ഓഗസ്റ്റ് 31 മുതൽ പുതിയ എഡിഷൻ ഫോമുകൾ മാത്രമായിരിക്കും പരിശോധനയ്ക്കായി സ്വീകരിക്കുക.

അമേരിക്കയിൽ കുടിയേറുന്ന ആളുകൾ രാജ്യത്തിന് സാമ്പത്തിക ഭാരമായി മാറില്ലെന്ന് ഉറപ്പാക്കാൻ സമർപ്പിക്കുന്ന കരാറാണ് ഫോം ക864 അഥവാ അഫിഡവിറ്റ് ഓഫ് സപ്പോർട്ട്. സ്പോൺസർക്ക് അപേക്ഷകനെ സംരക്ഷിക്കാൻ ആവശ്യമായ വാർഷിക വരുമാനവും ആസ്തിയുമുണ്ടെന്ന് ഉറപ്പാക്കാനാണ് പുതിയ മാറ്റങ്ങൾ. സ്പോൺസർമാർ തങ്ങളുടെ ക്രെഡിറ്റ് റിപ്പോർട്ടുകളിൽ അനാവശ്യമായി ക്രെഡിറ്റ് ഫ്രീസ് ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ വിവര ശേഖരണത്തിന് തടസ്സം നേരിട്ടേക്കാം. അത്തരം സാഹചര്യങ്ങളിൽ തടസ്സങ്ങൾ വേഗത്തിൽ നീക്കാൻ സ്പോൺസർമാർ തയ്യാറാകണമെന്ന് അധികൃതർ മുന്നറിയിപ്പ് നൽകുന്നു.

വ്യാജ വരുമാന വിവരങ്ങൾ കാണിച്ച് ഗ്രീൻ കാർഡ് സ്പോൺസർഷിപ്പ് നേടുന്ന തട്ടിപ്പുകൾ തടയാൻ പുതിയ നിയമം സഹായകരമാകുമെന്നാണ് അമേരിക്കൻ ആഭ്യന്തര സുരക്ഷാ മന്ത്രാലയം വിലയിരുത്തുന്നത്. വ്യാജ സ്പോൺസർമാരെ എളുപ്പത്തിൽ തിരിച്ചറിയാം. കുറഞ്ഞ ക്രെഡിറ്റ് സ്കോറോ വായ്പാ കുടിശ്ശികയോ ഉള്ള സ്പോൺസർമാർക്ക് അയോഗ്യത കൽപ്പിക്കമോ എന്ന കാര്യത്തിൽ ഇമിഗ്രേഷൻ ഏജൻസി കൂടുതൽ വ്യക്തത വരുത്താനിരിക്കുന്നതേയുള്ളൂ. എങ്കിലും അനാവശ്യമായ വായ്പകളും തിരിച്ചടവ് മുടങ്ങിയ ചരിത്രവും കേസിനെ പ്രതികൂലമായി ബാധിച്ചേക്കാം.

യുഎസ് ഫെഡറൽ ഗ്രാന്റ് പോവർട്ടി ലൈൻ നിബന്ധനകൾ അനുസരിച്ച് നിശ്ചിത ശതമാനം വരുമാനം കാണിക്കാൻ സാധിക്കാത്ത സ്പോൺസർമാർക്ക് ഇനി ഗ്രീൻ കാർഡ് അപേക്ഷകളിൽ അംഗീകാരം ലഭിക്കുക എളുപ്പമാകില്ല. വിവരങ്ങൾ സൂക്ഷ്മമായി പരിശോധിക്കും. മലയാളികൾ ഉൾപ്പെടെയുള്ള ആയിരക്കണക്കിന് പ്രവാസി കുടുംബങ്ങൾക്ക് ഈ പുതിയ ഇമിഗ്രേഷൻ നിയമ പരിഷ്കാരം വലിയ തിരിച്ചടിയോ ആശങ്കയോ ആയേക്കാം. കുടുംബാംഗങ്ങളെ അമേരിക്കയിലേക്ക് കൊണ്ടുവരാൻ ആഗ്രഹിക്കുന്നവർ സാമ്പത്തിക കൃത്യത ഉറപ്പാക്കേണ്ടതുണ്ട്.

വിവാഹ വിസയിലും ഫാമിലി സ്പോൺസർഷിപ്പ് വിസയിലും അമേരിക്കയിലേക്ക് എത്താൻ കാത്തിരിക്കുന്ന അപേക്ഷകരെയാണ് ഈ പുതിയ മാറ്റം നേരിട്ട് ബാധിക്കുക. സ്പോൺസറുടെ സാമ്പത്തിക സുരക്ഷിതത്വം ഇനി സർക്കാറിന്റെ കടിഞ്ഞാണിലാകും. ഇമിഗ്രേഷൻ അറ്റോർണിമാരും വിദഗ്ദ്ധരും അപേക്ഷ സമർപ്പിക്കുന്നതിന് മുൻപ് പുതിയ 08/24/26 എഡിഷൻ ഫോം തന്നെയാണോ ഉപയോഗിക്കുന്നതെന്ന് ഉറപ്പുവരുത്താൻ അപേക്ഷകരോട് അഭ്യർത്ഥിച്ചിട്ടുണ്ട്. തെറ്റായ ഫോമുകൾ അടിയന്തിരമായി നിരസിക്കപ്പെടും.

വരും ദിവസങ്ങളിൽ ഫോം ക485 ഉൾപ്പെടെയുള്ള മറ്റ് അനുബന്ധ ഇമിഗ്രേഷൻ അപേക്ഷകളിലും സമാനമായ മാറ്റങ്ങൾ കൊണ്ടുവരാൻ യുഎസ് സിഐഎസ് നീക്കം നടത്തുന്നതായി ഇമിഗ്രേഷൻ വൃത്തങ്ങൾ റിപ്പോർട്ട് ചെയ്യുന്നു. അമേരിക്കയിലെ പബ്ലിക് ചാർജ് നിയമങ്ങൾ കൂടുതൽ കർശനമാക്കുന്നതിന്റെ ഭാഗമായാണ് സ്പോൺസർമാരുടെ ക്രെഡിറ്റ് ഹിസ്റ്ററി പരിശോധിക്കാനുള്ള ഈ പുതിയ നയതന്ത്ര തീരുമാനം. ക്രെഡിറ്റ് ബ്യൂറോകളിൽ നിന്നുള്ള തത്സമയ വിവരങ്ങൾ പരിശോധിക്കുന്നതിലൂടെ സ്പോൺസറുടെ നിലവിലെ കടബാധ്യതകളും ക്രെഡിറ്റ് കാർഡ് കുടിശ്ശികകളും കൃത്യമായി കണ്ടുപിടിക്കാൻ ഉദ്യോഗസ്ഥർക്ക് സാധിക്കും.

അമേരിക്കൻസാമ്പത്തികവ്യവസ്ഥയിൽ കൃത്യമായി നികുതി അടയ്ക്കുകയും കടബാധ്യതകൾ ഇല്ലാതിരിക്കുകയും ചെയ്യുന്ന പ്രവാസികൾക്ക് പുതിയ മാറ്റങ്ങൾ ഭീഷണിയാകില്ലെങ്കിലും അല്ലാത്തവർക്ക് വെല്ലുവിളി ഉയർത്തും. അടിയന്തിരമായി പ്രാബല്യത്തിൽ വന്ന ഈ നിയമ ഭേദഗതിയെക്കുറിച്ച് ഇമിഗ്രേഷൻ രംഗത്തെ പ്രമുഖ സംഘടനകളും സാംസ്കാരിക കൂട്ടായ്മകളും അതീവ ജാഗ്രതയോടെയാണ് പ്രതികരിക്കുന്നത്. പുതിയ അപേക്ഷ നൽകാൻ ഒരുങ്ങുന്നവർ ഇമിഗ്രേഷൻ അഭിഭാഷകരുമായി ആലോചിച്ച് തങ്ങളുടെ സാമ്പത്തിക രേഖകളും ക്രെഡിറ്റ് സ്കോറുകളും കൃത്യമാണെന്ന് ഉറപ്പുവരത്തേണ്ടതുണ്ട്.

അമേരിക്കൻ ഡോളറിന്റെ മൂല്യവും പ്രാദേശിക തൊഴിൽ വിപണിയിലെ മാറ്റങ്ങളും കണക്കിലെടുത്ത് വിദേശ കുടിയേറ്റം കൂടുതൽ നിയന്ത്രിക്കാൻ ട്രംപ് ഭരണകൂടം കൂടുതൽ നടപടികളിലേക്ക് കടക്കുകയാണ്. വരും മാസങ്ങളിൽ ഇമിഗ്രേഷൻ വ്യവസ്ഥകളിൽ ഉണ്ടാകുന്ന തുടർ മാറ്റങ്ങൾ അമേരിക്കൻ പ്രവാസി സമൂഹത്തിന്റെ ജീവിതത്തിൽ നിർണ്ണായകമായി മാറും.






# കാന്തപുരത്തിന്റെ പ്രസ്താവന 19–ാം നൂറ്റാണ്ടിൽ പറയേണ്ടത്: മുഖ്യമന്ത്രി

തിരുവനന്തപുരം: പൊതുയിടങ്ങളിൽ സ്ത്രീകൾ വരുന്നത് സംബന്ധിച്ച കാന്തപുരം എ.പി. അബൂബക്കർ മുസ്ലിയാരുടെ പ്രസ്താവന പുരോഗമന കേരളത്തിന് യോജിച്ചതല്ലെന്ന് മുഖ്യമന്ത്രി വി.ഡി. സതീശൻ. 19–ാം നൂറ്റാണ്ടിൽ പറയേണ്ട കാര്യമാണ് അദ്ദേഹം 21–ാം നൂറ്റാണ്ടിൽ പറയുന്നത്. സർക്കാരിനും പാർട്ടിക്കും പ്രസ്താവനയോട് ഒരുതരത്തിലും യോജിപ്പില്ല.

സ്ത്രീകൾ മുഖ്യധാരയിൽ എല്ലാ കാര്യങ്ങളിലും പങ്കെടുത്ത് ജീവിക്കേണ്ടവരാണ് എന്ന നിലപാടാണ് സർക്കാരിനുള്ളത്. ഇസ്ലാമിക ചരിത്രവും അതാണ് പറയുന്നത്. പ്രവാചകന്റെ ആദ്യ ഭാര്യ ഖദീജ വലിയ ബിസിനസുകാരിയായിരുന്നു. മറ്റൊരു ഭാര്യയായ ആയിഷ ''ജമൽ' യുദ്ധത്തിൽ പങ്കെടുത്ത സർവ സൈന്യാധിപയായിരുന്നു. ഇസ്ലമാമിക ചരിത്രത്തിൽ പറയുന്ന ബിൽക്കീസ് രാജ്ഞിയായിരുന്നു. ഖലീഫ ഉമറിന്റെ രാജസദസ്സിൽ മഹ്ർ (സ്ത്രീകൾക്ക് നൽകേണ്ട വിവാഹമൂല്യം) കുറയ്ക്കാൻ തീരുമാനമെടുത്തപ്പോൾ ചോദ്യം ചെയ്തത് സ്ത്രീയായിരുന്നുവെന്നാണ് ചരിത്രം. നീതിമാനായ ഖലീഫ ഉമർ അത് അംഗീകരിക്കുകയായിരുന്നു. അദ്ദേഹത്തിന്റെ രാജസദസ്സിൽ പോലും സ്ത്രീകൾ ഉണ്ടായിരുന്നുവെന്നാണ് ഇത് വ്യക്തമാക്കുന്നതെന്നും മുഖ്യമന്ത്രി പറഞ്ഞു.



### ചേന്തി അനിലിനെ അറിയില്ല, പൊലീസ് സ്വമേധയാ എടുത്ത കേസ്: മുഖ്യമന്ത്രി

തിരുവനന്തപുരം: ചേന്തിയിൽ വച്ച് തന്നെ ആരും വഴിയിൽ തടഞ്ഞതല്ലെന്നും പ്രവർത്തകരും നേതാക്കളും നിൽക്കുന്നത് കണ്ട് വണ്ടി നിറുത്തിയതാണെന്നും മുഖ്യമന്ത്രി വി.ഡി.സതീശൻ പറഞ്ഞു. അവിടെ മോശം പെരുമാറ്റമുണ്ടായി. അതിന്മേൽ പൊലീസ് സ്വമേധയാ കേസ് എടുത്തതാണ്. കേസിലെ മുഖ്യപ്രതി ചേന്തി അനിലിനെ അറിയില്ലെന്നും

വാർത്താസമ്മേളനത്തിൽ മുഖ്യമന്ത്രി പ്രതികരിച്ചു. അനിലിന്റെ ഭാര്യ കോർപ്പറേഷൻ കൗൺസിലറായിരുന്നു. കഴിഞ്ഞ തദ്ദേശ തിരഞ്ഞെടുപ്പു വിജയത്തിനു പിന്നാലെ അവർ അന്തരിച്ചു. അന്ന് അവരുടെ വീട്ടിൽ പോയിട്ടുണ്ടെന്നും മുഖ്യമന്ത്രി കൂട്ടിച്ചേർത്തു.

ചേന്തി അനിൽ ക്രിമിനൽ പശ്ചാത്തലമുള്ള വ്യക്തിയാണെന്ന് പ്രദേശത്തെ കോൺഗ്രസ് നേതാക്കളും പൊലീസും അറിയിച്ച സാഹചര്യത്തിലാണ് അവിടത്തെ പരിപാടിയിൽ പങ്കെടുക്കാതിരുന്നത്. രണ്ടാഴ്ച മുൻപുതന്നെ എത്തില്ലെന്ന് സംഘാടകരെ അറിയിച്ചിരുന്നു. ചെമ്പഴന്തിഗുരുകുലത്തിലെശ്രീനാരായണജയന്തി സമ്മേളനത്തിൽ പങ്കെടുക്കാൻ പോകവേ ചില പാർട്ടി നേതാക്കൾ നിൽക്കുന്നതു കണ്ട് കാർ നിറുത്തി അവിടെ പുഷ്പാർച്ചന നടത്താൻ ഇറങ്ങുകയായിരുന്നു. എന്നാൽ, ഈ വ്യക്തി മോശമായി പെരുമാറുകയും വാഹനം തടയാൻ ശ്രമിക്കുകയും ചെയ്തു. ഇതേ തുടർന്നു പുഷ്പാർച്ചന നടത്താതെ വണ്ടിയിൽ കയറി മടങ്ങുകയായിരുന്നു. ഡി.സി.സി അംഗമായിരുന്ന ചേന്തി അനിലിനെ ന്യായീകരിച്ച് മുൻ എം.പി എൻ. പീതാംബരക്കുറുപ്പ് അടക്കം രംഗത്തു വന്ന സാഹചര്യത്തെക്കുറിച്ചുള്ള ചോദ്യങ്ങളോടു മുഖ്യമന്ത്രി പ്രതികരിച്ചില്ല.

### മുഖ്യമന്ത്രിയോട് ക്ഷമ ചോദിച്ച് ചേന്തി അനിൽ

മുഖ്യമന്ത്രിയെ വഴിയിൽ തടഞ്ഞതിനു ക്ഷമ ചോദിച്ച് മുൻ കോൺഗ്രസ് നേതാവ് ചേന്തി അനിൽ. ജയിൽ മോചിതനായശേഷം മാദ്ധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു അദ്ദേഹം. മുഖ്യമന്ത്രിയോട് അരുതാത്തത് പലതും സംസാരിച്ചു. അതിൽ ഖേദമുണ്ട്. പെട്ടെന്നുണ്ടായ പ്രകോപനത്തിലാണ് പലതും പറഞ്ഞ് പോയത്. അത് മുഖ്യമന്ത്രിയെ ബുദ്ധിമുട്ടിച്ചതായി മനസിലായി. അദ്ദേഹത്തോട് ക്ഷമ ചോദിക്കുന്നു.

ഞാൻ പാർട്ടിക്കാരനല്ല, ഗുണ്ടയാണെന്ന് ചിലർ പറഞ്ഞപ്പോൾ വിഷമം തോന്നി. ഈ പാർട്ടിക്ക് വേണ്ടിയാണ് ഞാൻ കേസുകൾ ഉണ്ടാക്കിയിട്ടുള്ളത്. എന്റെ ഭാര്യ മരിച്ചിട്ട് ഒൻപത് മാസമേയായിട്ടുള്ളൂ. കുടുംബത്തെ പോലും പാർട്ടിക്കായി നഷ്ടമാക്കി. ഞാൻ ജയിലിലിലായിരുന്ന അഞ്ച് ദിവസം മകൾ ഒറ്റയ്ക്കായിരുന്നു. ഇതുപോലുള്ള വിഷയങ്ങളിൽ ചെന്ന് പെടാതിരിക്കാൻ ഇനി ശ്രമിക്കുമെന്നും ചേന്തി അനിൽ പറഞ്ഞു.

### മെസി വിവാദം: അന്വേഷണം ഉടനെന്ന് മുഖ്യമന്ത്രി

തിരുവനന്തപുരം: മെസിയെ കേരളത്തിൽ കൊണ്ടുവരുമെന്ന പേരിൽ നടന്ന തട്ടിപ്പ് കേസ് അന്വേഷിക്കുന്നതിൽ ആഭ്യന്തരവകുപ്പിന്റെ തീരുമാനം ഉടനുണ്ടാകുമെന്ന് മുഖ്യമന്ത്രി അറിയിച്ചു. കായിക വകുപ്പ് പരാതി ഗൗരവമായി പരിശോധിച്ച് തയ്യാറാക്കിയ റിപ്പോർട്ട് ആഭ്യന്തര വകുപ്പിന് കൈമാറിയിട്ടുണ്ട്.

ധനകാര്യ വകുപ്പുമായി ബന്ധപ്പെട്ട നികുതി തട്ടിപ്പ് ജി.എസ്.ടിയുടെ പ്രത്യേക സംഘം അന്വേഷിച്ചുകൊണ്ടിരിക്കുകയാണ്. വലിയ തോതിലുള്ള തട്ടിപ്പ് നടത്തിയിട്ടുണ്ട്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് തന്നെ അതിൻമേൽ നോട്ടീസ് കൊടുത്തിരുന്നു. പിന്നീട് മുൻപോട്ട് പോയില്ല. അതിപ്പോൾ സജീവമാക്കാൻ തീരുമാനിച്ചിട്ടുണ്ട്.

പാലക്കാട് റെയിൽവേ ഡിവിഷൻ വിഭജനത്തിൽ റെയിൽവേ മന്ത്രിയെ പ്രതിഷേധം അറിയിച്ചിട്ടുണ്ട്. പ്രധാനമന്ത്രിയേയും റെയിൽവേ മന്ത്രിയേയും നേരിൽ കണ്ട് ചർച്ച നടത്തും.

നേപ്പാളിലെ പ്രളയദുരന്തത്തിൽ അകപ്പെട്ട നാല് മലയാളികളുടെ വിവരം ഇനിയും അറിയാനുണ്ട്. സർക്കാർ ഇടപെടൽ നടത്തിവരികയാണ്. കോട്ടയം, പത്തനംതിട്ട, ആലപ്പുഴ ജില്ലകളിൽ പ്രളയത്തിനിരയായവർക്ക് അടിയന്തര സഹായമായ 10000 രൂപ വീതം അടുത്തയാഴ്ച വിതരണം ചെയ്യും. ആലപ്പുഴയിൽ മാത്രം 42000 പേരാണ് സഹായത്തിന് അപേക്ഷിച്ചത്.






# എക്സൈസിൽ 'ബിജാപൂർ' ഭീഷണി; മുട്ടിടിച്ച് മാസപ്പടിക്കാർ







ബാബു കദളിക്കാട്

മാസപ്പടിയെന്നത് എക്സൈസ് വകുപ്പിലെ മാമൂൽ ശൈലിയാണെങ്കിലും കോട്ടയം ജില്ലയിലെ എക്സൈസ് സംവിധാനത്തിൽ നിന്ന് ഈയിടെ പുറത്തുവന്ന പ്രതിമാസ കൈക്കൂലിക്കഥ കേരളത്തെയാകെ നടുക്കി. കോട്ടയം ഡെപ്യൂട്ടി എക്സൈസ് കമ്മിഷണർ എസ്. അശോക് കുമാർ ഉൾപ്പെടെയുള്ള ഉയർന്ന ഉദ്യോഗസ്ഥർ വലയിലായ വാർത്ത ഏറെ ശ്രദ്ധേയമായി മാറിയത് വിശദമായ തെളിവ് ശേഖരണത്തിനുശേഷം എക്സൈസ് കമ്മിഷണർ സീറാം സാംബശിവറാവു തന്നെ അവരെ പിടികൂടിയതിനാലാണ്. 'ഓപ്പറേഷൻ ബിജാപൂർ' എന്ന പേരിൽ കമ്മിഷണർ നടത്തിയ മിന്നൽ പരിശോധനയിലൂടെ ഒരു വൻ അഴിമതിയുടെ ചുരുളഴിഞ്ഞതോടെ ലഹരിക്കെതിരെ വിട്ടുവീഴ്ചയില്ലാത്ത പോരാട്ടം നടത്തുന്ന സർക്കാരാണ് ഇപ്പോഴുള്ളതെന്ന തോന്നൽ കൂടുതൽ ബലപ്പെട്ടു.

ഏതു മുന്നണി ഭരിക്കുമ്പോഴും നിർബാധം നടക്കുന്ന സംഗതിയാണ് എക്സൈസിലെ മാസപ്പടി. കൈക്കൂലി വാങ്ങിയവർ പലതവണ പിടിക്കപ്പെട്ടിട്ടുണ്ടെങ്കിലും അതൊന്നും ഈ വകുപ്പിലെ അഴിമതിയുടെ മുന്നോട്ടുള്ള ഗതിയെബാധിച്ചിട്ടില്ല. എന്തായാലും അശോക് കുമാർ ഉൾപ്പെടെ ഏഴ് എക്സൈസ് ഉദ്യോഗസ്ഥരെ അന്വേഷണ വിധേയമായി സസ്പെൻഡ് ചെയ്തിട്ടുണ്ട്. ഒരു ബാറിൽ നിന്ന് പ്രതിമാസം 15,000 രൂപ വരെ മാസപ്പടി കൈപ്പറ്റിയിരുന്നതായും ജില്ലയിലെ ഇരുപത്തേഴോളം ബാറുകളിൽ നിന്ന് ഇത്തരത്തിൽ ലക്ഷങ്ങൾ ഇവരുടെ കൈകളിൽ എത്തിയിരുന്നതായും തെളിവുകൾ വ്യക്തമാക്കുന്നു. അഴിമതിപ്പണം ഉദ്യോഗസ്ഥരുടെ ബന്ധുക്കളുടെ അക്കൗണ്ടുകളിലേക്ക് വരെ മാറ്റിയതായും കണ്ടെത്തിയിട്ടുണ്ട്. ഈ നടപടിക്കു മുതിർന്ന കമ്മിഷണർ സാംബശിവറാവു തീർച്ചയായും അഭിനന്ദനമർഹിക്കുന്നു.

ബാറുടമകൾ മാസപ്പടി നൽകുന്നത് പ്രധാനമായും ചില നിയമലംഘനങ്ങൾ നടത്താനാണ്. ഇതിൽ ഏറ്റവും പ്രധാനം സമയക്രമം അട്ടിമറിക്കുക എന്നതാണ്. ബാറുകൾ നേരത്തേ തുറക്കുന്നതിനും നിശ്ചിത സമയം കഴിഞ്ഞും രാത്രിയിൽ പ്രവർത്തിക്കുന്നതിനും ഉദ്യോഗസ്ഥർ സൗകര്യങ്ങൾ ചെയ്തു കൊടുത്തു പോന്നു. കൃത്യമായി മാസപ്പടി നൽകുന്ന ബാറുകളിൽ അവർ പരിശോധനയ്ക്ക് കയറില്ല. അഥവാ കയറിയാലും നിയമവിരുദ്ധമായ ഒന്നും നടക്കുന്നില്ലെന്ന റിപ്പോർട്ടാവും നൽകുക. മദ്യശാലകൾ അടഞ്ഞുകിടന്ന ചതയ ദിനത്തിൽ പോലും ബാറിൽ നിന്ന് മദ്യം വാങ്ങാൻ കമ്മിഷണർക്ക് തന്നെ നേരിട്ട് കഴിഞ്ഞു എന്നതും ഈ അഴിമതി രീതികളുടെ വ്യാപ്തി വെളിവാക്കുന്നതാണ്. ഈ അഴിമതിയെക്കുറിച്ച് സത്യസന്ധരായ ചില ഉദ്യോഗസ്ഥർ രഹസ്യമായി നൽകിയ വിവരത്തിന്റെ അടിസ്ഥാനത്തിലാണ് കമ്മിഷണർ നേരിട്ട് കമ്മിഷണറാണെന്ന കാര്യം വെളിപ്പെടുത്താതെയുള്ള ഓപ്പറേഷൻ കോട്ടയത്ത് നടത്തിയത്.

എക്സൈസിൽ ഉള്ള എല്ലാവരും അഴിമതിക്ക് കുടപിടിക്കുന്നവരല്ല എന്നതു യാഥാർത്ഥ്യം തന്നെ. പക്ഷേ മുകളിൽ ഇരിക്കുന്നവർ കൃത്യമായിത്തന്നെ മാസപ്പടി വാങ്ങുന്നവരാണെന്ന അറിവുള്ളതിനാൽ സത്യസന്ധരായവർക്ക് വേണ്ടരീതിയിൽ പ്രവർത്തിക്കാൻ കഴിയാറില്ല.

ഒരു ജില്ലയിൽ മാത്രം ഒതുങ്ങുന്നതല്ല എക്സൈസിലെ അഴിമതി. ലഹരിക്കെതിരെ ആത്മാർത്ഥ നിലപാടുള്ള ഒരു സർക്കാരാണിതെന്ന തോന്നലിന് തുരങ്കം വയ്ക്കുന്ന അഴിമതിക്കാരെ ഒരു കാരണവശാലും വച്ചു പൊറുപ്പിക്കില്ലെന്ന് എക്സൈസ് മന്ത്രി എം. ലിജു വ്യക്തമാക്കിക്കഴിഞ്ഞു. എക്സൈസ് വകുപ്പിൽ ശുദ്ധീകരണം അത്യാവശ്യമാണെന്നും അതിനുള്ള എല്ലാ നടപടികളും ഒരു വിട്ടുവീഴ്ചയുമില്ലാതെ കൈക്കൊള്ളുമെന്നുമാണ് അദ്ദേഹം പറഞ്ഞത്. വകുപ്പിലെ ആഭ്യന്തര വിജിലൻസ് സംവിധാനം ശക്തിപ്പെടുത്താൻ നടപടി തുടങ്ങി. മുകൾ തട്ടിലുണ്ടായിരുന്ന ചില ഉദ്യോഗസ്ഥരിലേക്കും അന്വേഷണം നീളുന്നുണ്ട്.

ആലപ്പുഴ ഡെപ്യൂട്ടി കമ്മിഷണർ ആയിരിക്കേ അശോക് കുമാർ അന്വേഷിച്ച കേസുകളിൽ പുനഃപരിശോധന നടത്താനും തീരുമാനിച്ചിട്ടുണ്ട്. എക്സൈസിൽ ജില്ലയുടെ പരമാധികാരിയാണ് ഡെപ്യൂട്ടി കമ്മിഷണർ. നടൻമാരായ ഷൈൻ ടോം ചാക്കോ, ശ്രീനാഥ് ഭാസി എന്നിവർ പ്രതികളായ ആലപ്പുഴയിലെ ഹൈബ്രിഡ് കഞ്ചാവ് കേസ്, സി.പി.എം നേതാവ് യു.പ്രതിഭയുടെ മകൻ ഉൾപ്പെട്ട കഞ്ചാവ് കേസ് എന്നിവയിലുൾപ്പെടെയാണ് അട്ടിമറി സംശയത്തിൽ ഫയലുകൾ പുനഃപരിശോധിക്കുന്നത്. പ്രതിഭയുടെ മകൻ കനിവ് ഉൾപ്പെടെ ഏഴുപേരെ കഞ്ചാവു കേസിലെ പ്രതിപ്പട്ടികയിൽനിന്ന് ഒഴിവാക്കിയിരുന്നു. തെളിവുകളുടെ അഭാവത്തിലാണ് ഒഴിവാക്കിയതെന്നാണ് അമ്പലപ്പുഴ കോടതിയിൽ സമർപ്പിച്ച കുറ്റപത്രത്തിൽ പറഞ്ഞിരുന്നത്. കേസിൽ ഒൻപത് പേരാണുണ്ടായിരുന്നത്.

കോട്ടയത്ത് ഡെപ്യൂട്ടി കമ്മിഷണർ ഉൾപ്പെടെ ഏഴു പേർ സസ്പെൻഷനിലായ സംഭവത്തിൽ എക്സൈസ് കമ്മിഷണറുടെ അന്വേഷണം സംബന്ധിച്ച ചില വിവരങ്ങൾ ചോർന്നതായി സൂചനയുണ്ട്. അഴിമതിക്കാരെന്ന് സംശയമുള്ള മുഴുവൻ ഉദ്യോഗസ്ഥരെയും നിരീക്ഷിക്കാനും അന്വേഷണം കടുപ്പിക്കാനും എക്സൈസ് വകുപ്പ് സജ്ജമാകുകയാണ്. പണമൊഴുക്ക് സമഗ്രമായി അന്വേഷിക്കാനാണ് ധാരണയായിട്ടുള്ളത്. അഴിമതിക്ക് പിടിക്കപ്പെടുന്ന ഉദ്യോഗസ്ഥരുടെ വരവിൽ കവിഞ്ഞ സ്വത്തുക്കൾ പിടിച്ചെടുക്കുന്നത് ഉൾപ്പെടെയുള്ള ശക്തമായ നടപടികൾ ഉണ്ടാകേണ്ടതുണ്ട്. പലപ്പോഴും തെളിവുകളുടെ അഭാവമാണ് കൈക്കൂലിക്കാർ രക്ഷപ്പെടുന്നതിന് ഇടയാക്കുന്നത്. എന്നാൽ, കോട്ടയത്ത് എല്ലാ ആധുനിക തെളിവുകളും ശേഖരിച്ചതിന് ശേഷമാണ് അശോക് കുമാർ തുടങ്ങിയവർക്കെതിരെ നടപടി ഉണ്ടായത്. എക്സൈസിലെ സത്യസന്ധരായ ഉദ്യോഗസ്ഥരുടെ സഹായത്തോടെ ഇത്തരം ഓപ്പറേഷൻ എല്ലാ ജില്ലകളിലും നടത്താനുള്ള തയ്യാറെടുപ്പിലാണിപ്പോൾ മന്ത്രിയുടെ ആശീർവാദത്തോടെ കമ്മിഷണർ സാംബശിവറാവു എന്നത് പൊതുജനങ്ങളിൽ പ്രതീക്ഷ വളർത്തുന്നു.

## ഞെക്കിപ്പിഴിച്ചിൽ

എറണാകുളം ജില്ലയിൽ ത്രീ സ്റ്റാർ മുതൽ ഫൈവ് സ്റ്റാർ വരെ വിഭാഗങ്ങളിലായി 205 ബാറുകളുണ്ട്. തൃശ്ശൂരിൽ 111 ഉം തിരുവനന്തപുരത്ത് 96 ഉം കോട്ടയത്ത് 86 ഉം ബാറുകൾ. മറ്റു ജില്ലകളിൽ താതമ്യേന കുറവാണ്. കോട്ടയം, ആലപ്പുഴ, തൃശൂർ ജില്ലകളിലേക്ക് സ്ഥലംമാറ്റം ലഭിക്കാൻ എക്സൈസ് ഉദ്യോഗസ്ഥർക്കിടയിൽ മൽസരമുണ്ടെന്നും വ്യക്തമായിട്ടുണ്ട്. കോഴ വാങ്ങുന്നത് നാലു തട്ടുകളായാണ്. റെയ്ഞ്ച്, സർക്കിൾ ഓഫീസ്, അസിസ്റ്റന്റ് കമ്മിഷണർ ഓഫീസ്, ഡെപ്യൂട്ടി കമ്മിഷണർ ഓഫീസ്. മൂന്നു ഘട്ടങ്ങളിലും 25,000 മുതൽ മുകളിലേക്കാണ് ഡെപ്യൂട്ടി കമ്മിഷണർമാരുടെ പടി. അവശ്യഘട്ടങ്ങളിലെല്ലാം ഇഷ്ട ഭക്ഷണവും ഇഷ്ട മദ്യവും ഇവർക്ക് ലഭ്യമാവും.

സസ്പെൻഷനിലായ അശോക് കുമാറിനെതിരെ ഗുരുതര ആരോപണങ്ങളാണ് പുറത്തുവരുന്നത്. കേസിൽ കുടുക്കുമെന്ന് ഭീഷണിപ്പെടുത്തുകയും കൈക്കൂലി വാങ്ങി കേസിൽ നിന്ന് ഒഴിവാക്കാമെന്ന് വാഗ്ദാനം നൽകുന്നതും ഇദ്ദേഹം പതിവാക്കിയിരുന്നെന്ന പരാതിയുമുണ്ട്. മറ്റിടങ്ങളിൽ റിപ്പോർട്ട് ചെയ്യുന്ന കേസുകൾ സ്വന്തം റേഞ്ചിൽ എത്തിച്ച് കേസെടുക്കുന്നത് പതിവാണെന്ന ആക്ഷേപവും ഉയരുന്നു. കൈക്കൂലി തന്നില്ലെങ്കിൽ ബന്ധുക്കളെയും പ്രതികളാക്കും എന്ന് ഭീഷണിപ്പെടുത്തിയ സംഭവത്തിൽ അശോക് കുമാറിനെതിരെ പരാതി നിലവിലുണ്ട്.

കേസുകൾ ഒത്തുതീർപ്പാക്കാൻ കൈക്കൂലി ആവശ്യപ്പെടുന്ന രീതി എക്സൈസിലെ ചില ഉദ്യോഗസ്ഥർ തുടർന്ന് വരുന്നതായും എക്സൈസ് രഹസ്യാന്വേഷണ വിഭാഗത്തിന്റെ അന്വേഷണത്തിൽ വ്യക്തമായി. ചെറിയ അളവിൽ ലഹരി വസ്തുക്കൾ പിടികൂടി കേസെടുക്കും. വലിയ അളവിൽ ലഹരി വസ്തുക്കൾ പിടിക്കുമ്പോൾ കേസ് ഒതുക്കി തീർക്കാൻ കൈക്കൂലി ആവശ്യപ്പെടും. കൈക്കൂലിക്ക് കൂട്ടുനിൽക്കാത്ത ഉദ്യോഗസ്ഥരെ പീഡിപ്പിക്കുന്ന രീതിയുണ്ടെന്നും അശോക് കുമാറിനെതിരെ പ്രാഥമിക അന്വേഷണ റിപ്പോർട്ടിലുണ്ട്.

എക്സൈസ് വകുപ്പിലെ എല്ലാ ഉദ്യോഗസ്ഥരും അഴിമതിക്കാരല്ലെങ്കിലും കാശിനോട് ആർത്തിയുള്ള ഉദ്യോഗസ്ഥർക്ക് ബാറുടമകളെ ഞെക്കിപ്പിഴിയാൻ മൂന്നു ഘട്ടങ്ങളുണ്ട്. ഓണത്തിനും ക്രിസ്മസിനും പുറമേ ലൈസൻസ് പുതുക്കൽ വേളയും. ബാർ ഹോട്ടലുകളിലെ മുറികളിൽ മദ്യം നൽകാൻ പേരും വിലാസവും ഉൾപ്പെടെയുള്ള രേഖകൾ രജിസ്റ്ററിൽ ചേർക്കണമെന്നാണ് ചട്ടം. പലപ്പോഴും ഇതൊന്നും പാലിക്കാറില്ല. പരിശോധനയിൽ ഇത് പിടിക്കപ്പെട്ടാൽ കേസാക്കാം. ഇതിന്റെ പേരിലും പിരിവു നടക്കുന്നുണ്ട്.

കോട്ടയം ജില്ലയിലെ എക്സൈസ് ഉദ്യോഗസ്ഥർക്കെതിരായ കൂട്ട സസ്പെൻഷൻ ഒരു വകുപ്പുതല അച്ചടക്കനടപടി മാത്രമായി കാണാനാവില്ല. നിയമം നടപ്പാക്കേണ്ടവർ തന്നെ നിയമലംഘനത്തിന് കൂട്ടുനിൽക്കുകയും ബാറുടമകളിൽനിന്ന് മാസപ്പടിയും കൈക്കൂലിയും സ്വീകരിക്കുകയും ചെയ്തെന്ന കണ്ടെത്തൽ ഭരണസംവിധാനത്തിന്റെ വിശ്വാസ്യതയെ നേരിട്ടു ചോദ്യം ചെയ്യുന്നതാണ്. അസമയത്ത് മദ്യവിൽപ്പന അനുവദിച്ചതും പരിശോധനകൾക്ക് നിയന്ത്രണമേർപ്പെടുത്തിയതും ആരോപണങ്ങളുടെ ഗൗരവം വർധിപ്പിക്കുന്നു.

ഏറ്റവും ശ്രദ്ധേയമായത് നടപടി ഉണ്ടായ രീതി തന്നെയാണ്. മാസങ്ങളോളം നിരീക്ഷണം നടത്തി, വേഷംമാറി പരിശോധന നടത്തി, അസമയത്ത് മദ്യം വാങ്ങി തെളിവുകൾ ശേഖരിച്ച്, ശബ്ദസന്ദേശങ്ങളും സി.സി.ടി വി ദൃശ്യങ്ങളും ബാങ്ക് രേഖകളും പരിശോധിച്ചാണ് കമ്മിഷണർ നടപടി സ്വീകരിച്ചത്. താഴെത്തട്ടിൽനിന്ന് മേലുദ്യോഗസ്ഥൻ വരെ അഴിമതിയുടെ ശൃംഖല വളർന്നിട്ടുണ്ടെങ്കിൽ, സാധാരണ മുന്നറിയിപ്പുകൾ കൊണ്ട് അത് അവസാനിക്കില്ലെന്നതിന്റെ തെളിവാണിത്. ഇടനിലക്കാരായ ബാർ ഉടമകൾക്കും പങ്കുണ്ടെന്നു തെളിഞ്ഞിരിക്കേ അവരെയും നിയമത്തിന്റെ പരിധിയിൽ കൊണ്ടുവരികയെന്നതും പ്രധാനം. കുറ്റം തെളിഞ്ഞാൽ ക്രിമിനൽ നടപടി ഉറപ്പക്കേണ്ടതും അനധികൃതമായി ആനുകൂല്യം ലഭിച്ച സ്ഥാപനങ്ങളുടെ ലൈസൻസ് റദ്ദക്കേണ്ടതും അനിവാര്യം. പക്ഷേ, സംസ്ഥാനത്തെ ഇതു വരെയുള്ള ചരിത്രം അറിയുന്നവർക്ക് ഇക്കാര്യത്തിൽ അത്ര വിശ്വാസം പോരാ. രാഷ്ട്രീയ സമ്മർദ്ദം ഏതു വഴിയും എത്തുന്ന പതിവ് ആവർത്തിക്കില്ലേയെന്ന ചോദ്യം ബാക്കിയാകുന്നു. ഇപ്പോൾ സസ്പെൻഷനിലായ അശോക് കുമാർ 2016 ൽ തിരുവല്ലയിൽ നിന്ന് 2.62 ലക്ഷം രൂപ കൈക്കൂലി വാങ്ങിയതിന് സസ്പെൻഡ് ചെയ്യപ്പെട്ടിരുന്നു.

നിയമവിരുദ്ധമായി മദ്യം ലഭ്യമാകുന്നത് ലഹരിയുടെ വ്യാപനം മാത്രമല്ല, റോഡപകടങ്ങൾ, കുടുംബപ്രശ്നങ്ങൾ, അക്രമങ്ങൾ തുടങ്ങിയ സാമൂഹിക ദുരന്തങ്ങൾക്കും വഴിയൊരുക്കും. അതിനാൽ എക്സൈസിലെ അഴിമതിയെ സാമ്പത്തിക കുറ്റമായി മാത്രം കാണാതെ പൊതുസുരക്ഷ ഭീഷണിയായി കണക്കാക്കിയുള്ള ഫലപ്രദമായ സംവിധാനമാണാവശ്യം. പരിശോധനകൾക്ക് മുൻകൂർ അനുമതി എന്ന നിഷ്കർഷ അവസാനിപ്പിക്കുകയെന്നതും പ്രധാനം. ജനങ്ങളുടെ സുരക്ഷ ഉറപ്പാക്കേണ്ട വകുപ്പിൽ അഴിമതി വേരൂന്നുമ്പോൾ അതിന്റെ ഇരകൾ പൊതുജനങ്ങളാണ്.



# വിരട്ടിയും വിലപേശിയും ഒരു കമ്മ്യൂണിസ്റ്റു കാലം

രാഷ്ട്രീയ പ്രതിയോഗികളെ നേരിടാൻ പലപ്പോഴും തന്റെ പദവി പോലും മറന്ന് കഠിന പദങ്ങൾ ഉപയോഗിക്കുന്ന നേതാവാണ് സാക്ഷാൽ പിണറായി വിജയൻ. സ്വന്തം കാര്യത്തിലായാലും പാർട്ടിയുടെ കാര്യത്തിലായാലും എതിരാളികളെ അടിച്ചൊതുക്കാൻ പിണറായിയോളം ശൗര്യമുള്ള നേതാക്കൾ കുറവാണ്. ഒരു വ്യാഴവട്ടക്കാലം പാർട്ടി സെക്രട്ടറി എന്ന നിലയിൽ ഒരു സൈന്യാധിപനെ പോലെ കേരളത്തിന്റെ വിരിമാറിൽ അണികൾ എന്ന ചുവപ്പൻ ആശയക്കാരായ വളണ്ടിയർമാരെ നയിച്ച ഇടതിന്റെ മുഖം.



വൈദ്യുതി മന്ത്രിയിരുന്നപ്പോൾ അകപ്പെട്ട അഴിമതി ആരോപണങ്ങളും അതിന്റെ പേരിൽ ഉയർന്ന വിവാദങ്ങളും ചെറുക്കാൻ ഒരു പടച്ചട്ട പോലെ പാർട്ടിയെ പ്രയോജനപ്പെടുത്തിയ നേതാവ്. ആ നേതാവിനെ ഒരു സ്വകാര്യ അഹങ്കാരമായി കൊണ്ടുനടന്ന പാർട്ടിയും.

പിണറായിയുടെ വാക്കിന് മറുവാക്കില്ലാതിരുന്ന കാലം. പാർട്ടിയിൽ വിഭാഗീയത കൊടുമ്പിരിക്കൊണ്ട കാലത്ത് ഒരു പക്ഷത്തിന്റെ പടനായകനായി നിലകൊണ്ട നേതാവ്. പിണറായി പക്ഷം എന്ന ഒന്നിന്റെ അമരത്ത് നിൽക്കുകയും കമ്മ്യൂണിസ്റ്റ് പ്രസ്ഥാനങ്ങളിൽ കേട്ടുകേൾവി ഇല്ലാത്ത വിധം ഗ്രൂപ്പ് പോരാട്ടങ്ങൾക്ക് നേതൃത്വം നൽകുകയും ചെയ്ത സഖാവ് !

അദ്ദേഹം എതിരാളികളെ നോക്കി പറഞ്ഞു; വിരട്ടലും വിലപേശലും ഞങ്ങളോട് വേണ്ട എന്ന്. ആ പ്രയോഗത്തിലെ 'ഞങ്ങൾ', മൊത്തം കമ്മ്യൂണിസ്റ്റ് പ്രസ്ഥാനമാണെന്ന് ആരെങ്കിലും കരുതിയെങ്കിൽ അത് തെറ്റായിരുന്നുവെന്ന് ഇന്ന് കാലം തെളിയിക്കുന്നു. അത് താൻ നേതൃത്വം നൽകുന്ന ഗ്രൂപ്പിനു വേണ്ടി, തന്റെ പിന്നിൽ മാത്രം അണിനിരന്നവർക്ക് വേണ്ടി നേതാവ് ഉയർത്തിയ ശബ്ദമായിരുന്നുവെന്ന് ഇന്ന് തിരിച്ചറിയുന്നു. ആ ശൗര്യം അണികളിൽ രക്തയോട്ടം സൃഷ്ടിച്ചിരുന്നുവെങ്കിലും അതിന്റെ യഥാർത്ഥ ഗുണഭോക്താവ് നേതാവ് മാത്രമായിരുന്നു എന്നും കാലം തെളിയിക്കുന്നു.

## പാളിയ പിണറായിസം

രണ്ടുവട്ടം മുഖ്യമന്ത്രിയായപ്പോൾ സംഭവിച്ചത് അനിവാര്യമായ വീഴ്ചയാണെന്ന് ഇന്ന് പിണറായി വിജയനോളം തിരിച്ചറിയുന്ന മറ്റൊരാൾ ഉണ്ടാവില്ല. രണ്ടാംവട്ടം ലഭിച്ച മുഖ്യമന്ത്രി പദം ഇടതുപക്ഷ വ്യതിയാനത്തിന് ആക്കം കൂട്ടാൻ മാത്രമേ ഉപകരിച്ചുള്ളൂ. കച്ചവട മനസ്സും മുതലാളിത്ത പ്രീണനവും സ്വജനപക്ഷപാതവും ഒരു കാലത്ത് ഇടതുപക്ഷത്തിന് തീണ്ടാപ്പാട് അകലെയായിരുന്നുവെങ്കിൽ അതിനെയെല്ലാം പരിലാളിക്കുന്ന ഒരു പാർട്ടി ഭരണ വ്യവസ്ഥ നടപ്പിലാക്കപ്പെട്ടു എന്നതാണ് രണ്ടാം പിണറായി യുഗത്തിലെ സംഭാവന.

വിമർശകർക്ക് പിണറായിസം എന്ന് വിളിച്ചു പറയാൻ ഒരു പദപ്രയോഗം കൂടി നൽകിയിട്ടാണ് അദ്ദേഹം പടിയിറങ്ങിയത്. പി.വി. അൻവറും മറ്റും അത്തരം പദപ്രയോഗങ്ങൾക്ക് പ്രചുര പ്രചാരം നൽകി. അപ്പോഴാണ് അൻവറിന്റെ വസതിക്ക് മുന്നിൽ പാർട്ടി അണികൾ ഫ്ളക്സ് വെച്ചത്. പിണറായിയുടെയും എം.വി. ഗോവിന്ദന്റെയും ചിത്രങ്ങൾ ഉൾപ്പെടുത്തിയ ആ ഫ്ളെക്സിൽ ഇപ്രകാരം എഴുതിയിരുന്നു;

വിരട്ടലും വിലപേശലും ഞങ്ങളോട് വേണ്ട എന്ന്. അതിന് അർത്ഥം സ്വന്തം നേതാവിന്റെ വിഖ്യാതമായ വാക്കുകൾ മൂർച്ചയുള്ള ആയുധമായി ഉപയോഗിക്കാൻ നൽകപ്പെട്ട ലൈസൻസ് എന്നു തന്നെ!

അത്തരം വിരട്ടലും വിലപേശലും ആണ് പിണറായിസത്തെ ഇന്നത്തെ നിലയിൽ കൊണ്ടെത്തിച്ചത്. ടി.പി. ചന്ദ്രശേഖരൻ മുതൽ അരിഞ്ഞ് വീഴ്ത്തപ്പെട്ട എതിരാളികൾ രക്തസാക്ഷികളായത് ആർക്കുവേണ്ടിയാണോ, അവരുടെ പതനം അനിവാര്യമെന്ന് വർത്തമാനകാല രാഷ്ട്രീയം ഓർമിപ്പിക്കുന്നു.

എല്ലാം തന്നിലേക്ക് എന്ന രാഷ്ട്രീയ മുദ്രാവാക്യം ഏറ്റവും ഒടുവിൽ നടന്ന നിയമസഭാ തെരഞ്ഞെടുപ്പിൽ പ്രയോഗിക്കും വരെ കാര്യങ്ങൾ എളുപ്പമായിരുന്നു. എന്നാൽ വമ്പൻ തെരഞ്ഞെടുപ്പ് തോൽവി കാര്യങ്ങൾ മാറ്റിമറിച്ചു. പിണറായിസം ഒരു വിജയ ഫോർമുല അല്ല എന്ന് അണികൾ തിരിച്ചറിഞ്ഞു. നേതാക്കളും.

## തോറ്റത് അറിയാതെ

എന്തുകൊണ്ട് നമ്മൾ തോറ്റു എന്ന ചോദ്യത്തിന് 100 ദിവസം പിന്നിട്ടിട്ടും ഉത്തരം നൽകാൻ കഴിയാത്ത ഒരു നേതൃത്വം. എങ്ങനെ നമ്മൾ തോറ്റു എന്ന് വിശദമാക്കാൻ തൽക്കാലം സൗകര്യമില്ല എന്ന ഭാവത്തിൽ മുന്നോട്ട് പോകുമ്പോഴാണ് കഴക്കൂട്ടം മുതൽ കാട്ടാക്കട വരെ നേരിട്ട തെരഞ്ഞെടുപ്പ് തിരിച്ചടി ജനങ്ങളോട് വിശദീകരിക്കേണ്ടി വരും എന്ന നില വന്നത്. പാർട്ടിയുടെ ശക്തി കേന്ദ്രങ്ങളിലും ഭൂരിപക്ഷം ഗണ്യമായി കുറഞ്ഞു. കല്യശ്ശേരി, ധർമ്മടം, തലശ്ശേരി, മട്ടന്നൂർ തുടങ്ങിയ പാർട്ടി കേന്ദ്രങ്ങളിൽ തിരിച്ചടി കിട്ടി. ആലത്തൂർ, ഷോർണൂർ, ചേലക്കര, ആറ്റിങ്ങൽ തുടങ്ങിയ മണ്ഡലങ്ങളിലും സമാനമായ സാഹചര്യമുണ്ടായി. ഇത് സംഘടനാ ദൗർബല്യം ആണോ പാർട്ടി നേതൃത്വത്തിന്റെ വീഴ്ചയാണോ സ്ഥാനാർത്ഥി നിർണ്ണയത്തിലെ പിഴവാണോ എന്ന് അണികളോട് വിശദീകരിക്കാൻ പ്രയോഗിച്ച കൗശലത്തിലും പിണറായിസം പാളി. സ്വയം പ്രതിരോധിക്കാൻ കണ്ണൂർ ഘടകം നടത്തിയ വിശദീകരണ യോഗങ്ങൾ പോലും തിരിച്ചടിയായി.

തളിപ്പറമ്പിലും പയ്യന്നൂരിലും വിശദീകരണ യോഗങ്ങളിൽ അണികളെ കുറ്റപ്പെടുത്തിയതിലും പ്രതിപക്ഷ ഉപനേതൃസ്ഥാനം സംബന്ധിച്ച സി.പി. എം-സി.പി.ഐ തർക്കത്തിൽ ചർച്ചകൾ വാതിലടയ്ക്കുന്ന തരത്തിൽ പ്രസ്താവന നടത്തിയതിലും പിണറായി വിജയനെതിരെ പാർട്ടിക്കുള്ളിൽ അതൃപ്തി ശക്തമായി. പ്രതിപക്ഷ ഉപനേതൃസ്ഥാനത്ത് ഉഭയകക്ഷി ചർച്ചകൾ നടക്കുന്നതിനിടെ, ഒരു തരത്തിലും സി.പി.ഐക്ക് നൽകില്ലെന്ന് പിണറായി പറഞ്ഞത് പിന്നീട് എൽ.ഡി.എഫ് കൺവീനർ ടി.പി.രാമകൃഷ്ണൻ തിരുത്തിയിരുന്നു. ഇതിനു പിന്നാലെയാണ് തളിപ്പറമ്പിലും പയ്യന്നൂരിലും വിശദീകരണ യോഗങ്ങളിൽ പിണറായി വിജയൻ അണികൾ ചെയ്ത തെറ്റ് തിരുത്തണമെന്ന് ആവശ്യപ്പെട്ടത്.

സംഭവിച്ച തെറ്റുതിരുത്തി പാർട്ടിയുടെ സംരക്ഷകരായി മാറാൻ എല്ലാവരും തയ്യാറാവണമെന്നാണ് പിണറായി പയ്യന്നൂരിൽ പറഞ്ഞത്. ചെയ്ത തെറ്റ് ഇപ്പോഴെങ്കിലും ഉൾക്കൊള്ളാൻ നിങ്ങൾ തയ്യാറാകണമെന്ന് തളിപ്പറമ്പിലും പറഞ്ഞു. ഈ രണ്ടിടത്തും നേതൃത്വത്തിനു സ്ഥാനാർത്ഥി നിർണ്ണയത്തിലുൾപ്പെടെ സംഭവിച്ചുവെന്ന വിലയിരുത്തൽ നിലനിൽക്കെയാണ് അണികളെ കുറ്റപ്പെടുത്തി പിണറായി ആരംഭിച്ചത്.

തിരഞ്ഞെടുപ്പ് പരാജയത്തിൽ ഏതു തരത്തിലുള്ള തെറ്റു തിരുത്തൽ നടപടികൾ വേണമെന്ന് ആലോചിക്കാൻ കോഴിക്കോട് വിപുലമായ സംസ്ഥാന സമിതി ചേരാനിരിക്കെയാണ് പിണറായി വിജയൻ കണ്ണൂരിലെ മണ്ഡലങ്ങളിൽ വിശദീകരണ യോഗത്തിൽ പങ്കെടുത്തത്. സംസ്ഥാന സമിതി ചേർന്ന് ഏതു തരത്തിലാണ് പ്രതിരോധം ഉയർത്തേണ്ടത് എന്ന് തീരുമാനിക്കുന്നതിനു മുൻപു തന്നെ പിണറായി നേരിട്ടു കളത്തിലിറങ്ങുകയായിരുന്നു. കണ്ണൂരിലെ പാർട്ടി സംഘടിപ്പിച്ച യോഗത്തിൽ സംസ്ഥാന സെക്രട്ടറി എം.വി.ഗോവിന്ദൻ പങ്കെടുത്തില്ല എന്നതും ശ്രദ്ധേയമായി.

ഈ രണ്ടിടത്തും സ്ഥാനാർത്ഥി തിരഞ്ഞെടുപ്പിൽ നേതൃത്വത്തിനു വീഴ്ച സംഭവിച്ചുവെന്ന് കേന്ദ്രകമ്മിറ്റി തന്നെ സമ്മതിച്ചതാണ്. എന്നാൽ,അതിനെ തള്ളി കൊണ്ട് പ്രവർത്തകരെയും അണികളെയും കുറ്റപ്പെടുത്തി പൊളിറ്റ് ബ്യൂറോ അംഗം സംസാരിച്ചതിൽ മുതിർന്ന നേതാക്കൾക്ക് അതൃപ്തതാണ്. വിമതർ ജയിച്ച പാർട്ടി കോട്ടകളിൽ നേതാക്കളും പ്രവർത്തകരും തമ്മിലുള്ള ബന്ധം നഷ്ടമായെന്നു കേന്ദ്രകമ്മിറ്റി വിലയിരുത്തുകയും ചെയ്തു. ഇതു രണ്ടിനും വിരുദ്ധമായി, വിമതർക്ക് വോട്ടു ചെയ്തവരാണു തെറ്റുകാരെന്ന കുറ്റപ്പെടുത്തലിനു പൊളിറ്റ് ബ്യൂറോ അംഗം തന്നെ ശ്രമിച്ചതു ശരിയായില്ല എന്ന് പിണറായി പ്രസംഗിക്കുമ്പോൾ അദ്ദേഹത്തിന്റെ ശൈലിക്ക് യാതൊരു മാറ്റവുമില്ല എന്ന് ഒരിക്കൽ കൂടി തെളിയിക്കുകയാണ്.

പ്രതിപക്ഷ നേതൃസ്ഥാനത്തെ ചൊല്ലിയുള്ള വിവാദത്തിന് ആണിക്കല്ലായത് പിണറായിയുടെ നാവുപിഴ ആണെന്ന് സി.പി.ഐ നേതൃത്വവും കരുതുന്നു. വല്യേട്ടന്റെ അടുത്ത നീക്കം എന്താണെന്ന് നിരീക്ഷിക്കാം എന്ന നിലപാടിലാണ് സിപിഐ. അങ്ങനെയെങ്കിൽ സി.പി.എം പൂർണ്ണമായും പിണറായിസത്തിൽ നിന്ന് വിടുതൽ നേടിയാൽ മാത്രമേ ഇടതുപക്ഷ ഐക്യം എന്ന വിദൂര സ്വപ്നം യാഥാർഥ്യമാവുകയുള്ളൂ. ഉപനേതാവ് കാര്യത്തിൽ മറിച്ച് ഒരു തീരുമാനം ആണെങ്കിൽ വഴങ്ങേണ്ടതില്ല എന്ന ശരീരഭാഷയാണ് ബിനോയ് വിശ്വവും പ്രകടിപ്പിക്കുന്നത്.

ഒന്നുകിൽ പിണറായി മാറുക,അല്ലെങ്കിൽ പാർട്ടി ശൈലി മാറ്റുക എന്നത് മാത്രമാണ് പോംവഴി. ഏതായാലും സി.പി.എം വിശാല സംസ്ഥാന സമിതി എന്ന സംഭവം ഈ മാസം പകുതിയോടെ യാഥാർത്ഥ്യമായാൽ സംസ്ഥാനത്തെ ഇടത് പക്ഷത്തെ സർവ്വ ആശയക്കുഴപ്പങ്ങൾക്കും പരിഹാരമാകും എന്നാണ് രാഷ്ട്രീയ നിഷ്കളങ്കർ കരുതുന്നത്. എന്നാൽ കടുംപിടുത്തങ്ങളുടെ കാലഘട്ടം കഴിഞ്ഞെന്നും വല്യേട്ടൻ കളി പുതിയകാലത്ത് എളുപ്പമല്ലെന്നും സി.പി.എം തിരിച്ചറിയുക തന്നെ ചെയ്യുമെന്ന് പ്രതീക്ഷിക്കാം; അങ്ങനെ പ്രത്യാശിക്കാം.

*പ്രജിത്ത് രാജ്*





# അമർഷങ്ങളുടെ അങ്കത്തട്ട്



CELEBRATING 48 MOHANLAL YEARS

വിസ്മയനടനം 02

**മികച്ച നടനുള്ള പുരസ്കാരം മോഹൻലാലിന്! അങ്കത്തട്ടിൽ തോറ്റമ്പിയ പത്താം ക്ലാസുകളിലെ 'റൗഡിപ്പട' മണിയൻപിള്ള രാജുവിനെ തല്ലാൻ തെരഞ്ഞുനടന്ന നാളുകൾ. ഒപ്പം സ്കൂൾ ബസ്സിലെ കൂട്ടത്തല്ലും, പ്രിയദർശനെ തോൽപ്പിക്കാൻ കരാട്ടെ പഠിക്കാൻ ഇറങ്ങിപ്പുറപ്പെട്ട കുട്ടി ലാലിന്റെ രസകരമായ വിശേഷങ്ങളും...**



ജോഷി ജോർജ്

ആകാംക്ഷയ്ക്ക് അറുതിവരുത്തിക്കൊണ്ട് ഒടുവിൽ ആ പ്രഖ്യാപനം എത്തി:

ഒന്നാം സമ്മാനം: കമ്പ്യൂട്ടർ ബോയ്

മികച്ച നടൻ: മോഹൻലാൽ

ആർപ്പുവിളികളോടെ കൂട്ടുകാർ മോഹൻലാലിന് ചുറ്റുംകൂടി. സന്തോഷം കൊണ്ട് ലാൽ വീർപ്പുമുട്ടുകയായിരുന്നു. അവരെല്ലാം ചേർന്ന് തങ്ങളുടെ 'മികച്ച നടനെ' തോളിലേറ്റിയപ്പോൾ സന്തോഷാധിക്യം കൊണ്ട് ലാലിന്റെ കണ്ണുകൾ നിറഞ്ഞു, തൊണ്ട ഇടറി. അപ്പോഴും ആ നാടകത്തിന്റെ സംവിധായകൻ മണിയൻപിള്ള രാജുവിനെ എവിടെയും കണ്ടില്ല. ഫലപ്രഖ്യാപനം വന്ന ഉടൻതന്നെ രാജു സ്റ്റേജിന്റെ പുറകിലൂടെ ഓടിപ്പോകുന്നത് കണ്ടതായി ആരോ പറഞ്ഞു!

ലാലിനും കൂട്ടർക്കും കാര്യം മനസ്സിലായില്ല. എന്നാൽ, പത്താം ക്ലാസുകാർ കലിതുള്ളി നിൽക്കുകയായിരുന്നു:

''എവിടെയടാ അവൻ? ആ പൊണ്ണനെ വിട്ടുപോകരുത്! ആറാം ക്ലാസിലെ പൊടിപിള്ളേരെക്കൊണ്ട് നാടകം കളിപ്പിച്ച് സമ്മാനം തട്ടിയെടുത്ത കശ്മലൻ!'

ഗവ. മോഡൽ സ്കൂളിൽ അന്ന് റൗഡികളായ പത്താം ക്ലാസുകാരുടെ ഒരു വമ്പൻ സംഘം തന്നെയുണ്ടായിരുന്നു. അവന്മാർ ലാലിനെയും കൂട്ടരെയും ശരിക്കും വിരട്ടി. അവർക്ക് കമ്പ്യൂട്ടർ ബോയിയുടെ സംവിധായകൻ സുധീർകുമാർ എന്ന രാജുവിനെ തല്ലണം! കാരണം, ആ സ്കൂളിന്റെ ചരിത്രത്തിൽ പത്താം ക്ലാസുകാർക്ക് ഇതുപോലെ ഒരു തിരിച്ചടി ഉണ്ടായിട്ടില്ല. സ്കൂളിലെ വമ്പന്മാർ പല നാടകങ്ങളും കളിച്ചിട്ടും, വെറും ആറാം ക്ലാസിലെ 'ഡ്യൂക്കിലികൾ' അവതരിപ്പിച്ച നാടകത്തിന് ഒന്നാം സമ്മാനം! പോരാത്തതിന് മികച്ച നടനുള്ള പുരസ്കാരവും!

പ്രിയദർശനാകട്ടെ ഇത് ഒട്ടും സഹിക്കാൻ കഴിയുന്നുണ്ടായിരുന്നില്ല. റൗഡിക്കൂട്ടം സ്കൂൾ പരിസരത്തെല്ലാം മണിയൻപിള്ള രാജുവിനെ തെരഞ്ഞു നടന്നു. എന്നാൽ ആ സംവിധായകന്റെ പൊടിപോലും കണ്ടുപിടിക്കാൻ കഴിഞ്ഞില്ല. റൗഡി സംഘത്തിന്റെ നിഴലായി പ്രിയദർശനുമുണ്ടായിരുന്നു.

പിറ്റേന്ന് മോഹൻലാലും കൂട്ടരും രാജുവിന്റെ വീട്ടിലെത്തി:

'ചേട്ടൻ എന്തു പണിയാ ഈ കാണിച്ചത്? ഞങ്ങൾ എവിടെയെല്ലാം തിരഞ്ഞു! ഇത് എവിടെപ്പോയിരുന്നു?'ആകാംക്ഷയോടെ ലാൽ ചോദിച്ചു.

'ഹേയ്... ഞാൻ അപ്പോൾ അവിടെ നിന്നാൽ ശരിയാകില്ല എന്ന് മാത്രവുമല്ല, എനിക്ക് പോന്നിട്ട് അല്പം അത്യാവശ്യവുമുണ്ടായിരുന്നു! അവതരിപ്പിച്ച നാടകങ്ങൾ മുഴുവൻ കഴിഞ്ഞപ്പോഴേ ഞാൻ തീരുമാനിച്ചതാ, അട്ടിമറിയൊന്നും നടന്നില്ലെങ്കിൽ നമ്മുടെ നാടകത്തിന് സമ്മാനം കിട്ടുമെന്ന്!'രാജു വാചാലനായി.

സമ്മാനം പ്രഖ്യാപിച്ചാൽ ആ റൗഡിസെറ്റ് തന്നെ പിടികൂടുമെന്ന് രാജു മുൻകൂട്ടി കണ്ടിരുന്നു. അതുകൊണ്ടാണ് ഫലപ്രഖ്യാപനത്തോടെ താൻ മുങ്ങിയതെന്ന് പിള്ളേരോട് പറയാൻ പറ്റില്ലല്ലോ!

അന്ന് സംവിധായകൻ മുങ്ങിയില്ലായിരുന്നുവെങ്കിൽ ഒരുപക്ഷേ മോഹൻലാലും കൂട്ടരും മുങ്ങിയേനേ! കാരണം സമ്മാനം ലഭിച്ചാൽ ഹോട്ടൽ ആസാദിൽനിന്ന് മട്ടനും പൊറോട്ടയും വാങ്ങിത്തരാമെന്ന് ലാലും കൂട്ടരും രാജുവിന് ഉറപ്പു നൽകിയിരുന്നതാണ്. പൊറോട്ടയും മട്ടനും പോയിട്ട് ഒരു ചായ പോലും വാങ്ങിക്കൊടുക്കാനുള്ള പണം ആ പീക്കിരിപ്പിള്ളേരുടെ കൈയിൽ അപ്പോൾ ഇല്ലായിരുന്നു.

ആറാം ക്ലാസിലെ ലാലിന്റെ അഭിനയം നല്ലൊരു തുടക്കമായിരുന്നു. കുറേനാൾ കുട്ടികൾ 'കമ്പ്യൂട്ടർ അപ്പൂപ്പൻ' എന്നാണ് ലാലിനെ വിളിച്ചിരുന്നത്.

അന്നത്തെ ലാലിന്റെ പ്രധാന ഹീറോ സത്യനായിരുന്നു. മലയാളത്തിന്റെ അനശ്വര നടനായ സത്യന്റെ നടപ്പും സംസാരരീതിയുമൊക്കെ അറിയാതെതന്നെ ലാലിൽ കുടിയേറി. പ്രേമരംഗങ്ങളിൽ പ്രേംനസീറിനോടായിരുന്നു പ്രിയം. സ്റ്റണ്ട് രംഗങ്ങളിലാകട്ടെ എം.ജി.ആറിനോടും! ഇവർ ഓരോരുത്തരിലുമുള്ള കഴിവുകൾ ഒരാളിൽ ഒത്തുചേർന്നിരുന്നെങ്കിൽ എത്ര നന്നായിരുന്നു എന്ന് ലാൽ പലപ്പോഴും ചിന്തിച്ചിരുന്നു. അക്കാലത്തിറങ്ങിയ മലയാളം, തമിഴ് സിനിമകളിൽ ഭൂരിഭാഗവും ലാൽ എങ്ങനെയെങ്കിലും പോയി കാണുമായിരുന്നു.

സിനിമ കാണാനുള്ള പണമുണ്ടാക്കാൻ ലാൽ പല വഴികളും കണ്ടെത്തി. 'സിനിമ കാണാനാണ്' എന്ന് പറഞ്ഞാൽ വീട്ടിൽനിന്ന് ഒറ്റപ്പൈസ പോലും കിട്ടില്ല. പുതിയ സിനിമ ഇറങ്ങിയെന്നറിഞ്ഞാൽ മോഹൻലാലിന് പിന്നെ ഇരിപ്പുറയ്ക്കില്ല; എങ്ങനെയെങ്കിലും പോയി കണ്ടേ തീരൂ!

ബിഹാറിൽ വെള്ളപ്പൊക്കം മൂലം ഒട്ടേറെപ്പേർ ദുരിതമനുഭവിക്കുന്നുവെന്നും, അവർക്കായി സ്കൂളിൽനിന്ന് പിരിവെടുക്കുന്നുണ്ടെന്നും പറയുമ്പോൾ അമ്മയുടെ മനം അലിയും. അങ്ങനെ നല്ലൊരു സംഖ്യ ലാൽ സംഘടിപ്പിക്കും. അടുത്ത ഊഴം അസമിൽ കൊടുംവരൾച്ച മൂലം കഷ്ടതയനുഭവിക്കുന്നവർക്കായി ശേഖരിക്കുന്ന നിധിയിലേക്ക് ഉദാരമായി സംഭാവന ചെയ്യാൻ ഹെഡ്മാസ്റ്റർ പറഞ്ഞിരിക്കുന്നു എന്നാകും ലാലിന്റെ ഡയലോഗ്! അങ്ങനെ പലതരം തന്ത്രങ്ങളിലൂടെ അമ്മയുടെ കൈയിൽനിന്ന് ലാൽ പണം സ്വന്തമാക്കും.

കാശ് കൈയിൽ കിട്ടിയാൽ കക്ഷി നേരെ വെച്ചുപിടിക്കുന്നത് സിനിമാ തിയേറ്ററിലേക്കാണ്. സ്കൂളിലെ ക്രിക്കറ്റ് ടീമിലും ലാലുണ്ടായിരുന്നു. അവിടെയും ലാലിന്റെ പ്രധാന എതിരാളി പ്രിയദർശൻ തന്നെയായിരുന്നു.

സ്കൂളിൽനിന്ന് 'മികച്ച നടൻ' പദവി ലഭിച്ചതോടെ മോഹൻലാലിന്റെ ആത്മവിശ്വാസം ഇരട്ടിച്ചു. സ്കൂളിലെ ഏതു ക്ലാസിലെ എത്ര വലിയ കുട്ടിയോടും ഒപ്പത്തിനൊപ്പം നിൽക്കാമെന്നൊരു ചങ്കൂറ്റം അവനുണ്ടായി! ഇതോടെ സ്കൂളിൽ ലാലിനോട് സൗഹൃദം കൂടാൻ ഏറെപ്പേരുണ്ടായി. ഒപ്പം ചില എതിരാളികളും അങ്ങുമിങ്ങും തലപൊക്കി. അമർഷക്കാരുടെ നേതാവ് പ്രിയദർശനല്ലാതെ മറ്റാരുമായിരുന്നില്ല.

അഭിനയത്തോട് ഉള്ളത്ര കമ്പമൊന്നും ക്രിക്കറ്റിൽ ലാലിന് ഉണ്ടായിരുന്നില്ല. എന്നാൽ, തന്റെ മുഖ്യശത്രുവായ പ്രിയദർശൻ ക്രിക്കറ്റ് ടീമിൽ തിളങ്ങിനിൽക്കുന്നുണ്ടായിരുന്നു. അങ്ങനെ അവനെ തനിയെ 'ഷൈൻ' ചെയ്യാൻ വിടരുതല്ലോ എന്നുകരുതി ലാൽ ക്രിക്കറ്റിലും താല്പര്യം കാണിച്ചു തുടങ്ങി. തൈക്കാട്ടായിരുന്നു പ്രിയദർശന്റെ കുടുംബം ആദ്യം താമസിച്ചിരുന്നത്. പിന്നീടവർ പൂജപ്പുരയിലേക്ക് താമസം മാറി.

സ്കൂൾ ബസ്സിലെ ഒരുമിച്ചുള്ള യാത്രകളിലാണ് ഇരുവരും നിരന്തരം കൊമ്പുകോർക്കുന്നത്. ഇവരുടെ ഉടക്കും വലിയ വായിലെ ചീത്തവിളിയും കാരണം ബസ്സിനകം ഏതാണ്ട് ഒരു ചന്തയുടെ നിലവാരത്തിലേക്ക് ഉയരും! ചിലപ്പോഴൊക്കെ ബസ്സിലെ ഡ്രൈവറും കണ്ടക്ടറുമൊക്കെ ഇരുവരുടെയും ചെവിക്ക് പിടിച്ചെന്നിരിക്കും. എങ്കിലും പൂവൻകോഴികളെപ്പോലെയായിരുന്നു ഇവരുടെ പോര്. പ്രായം കൊണ്ട് മുതിർന്നയാൾ പ്രിയദർശൻ ആയിരുന്നെങ്കിലും, കാഴ്ചയിൽ മോഹൻലാലിനായിരുന്നു തടിമിടുക്ക്! അതുകൊണ്ടുതന്നെ ലഹള തീർക്കാനെത്തുന്നവരുടെ ശകാരം കൂടുതൽ ഏറ്റുവാങ്ങേണ്ടിവന്നത് മോഹൻലാലിനായിരുന്നു.

'ഈ അശുവിനോട് മെക്കിട്ടുകയറാൻ നിനക്ക് നാണമില്ലേടാ പൊണ്ണത്തടിയാ...?' എന്ന് മുതിർന്നവർ ചോദിക്കുമ്പോൾ പ്രിയദർശന് ദേഷ്യം ഇരട്ടിക്കും. താൻ തീർത്തും ഒരു 'അശു' തന്നെയാണോ എന്ന് കക്ഷിക്കു തന്നെ സംശയം തോന്നിത്തുടങ്ങും!

ക്രിക്കറ്റ് ഗ്രൗണ്ടിലെത്തിയ മോഹൻലാലിന് പെട്ടെന്നുതന്നെ നല്ലൊരു ബൗളറെന്ന പേരുണ്ടാക്കാൻ കഴിഞ്ഞു. അതോടെ പ്രിയദർശന്റെ പക ഇരട്ടിച്ചു. മോഹൻലാലിനെ ഒതുക്കാൻ കിട്ടുന്ന ഏതു ചെറിയ അവസരവും പ്രിയൻ നന്നായി ഉപയോഗിച്ചു. ചുരുക്കത്തിൽ, ഇരുവരും കീരിയും പാമ്പും പോലെയായിരുന്നു.

വേണു നാഗവള്ളി, ജഗതി ശ്രീകുമാർ, ജഗദീഷ്, മണിയൻപിള്ള രാജു എന്നിവരെല്ലാം ഗവ. മോഡൽ സ്കൂളിലെ വിദ്യാർത്ഥികളായിരുന്നു. ഇവർക്കെല്ലാം വെവ്വേറെ വർഷങ്ങളിൽ സ്കൂളിലെ 'മികച്ച നടൻ' പട്ടം ലഭിച്ചിട്ടുണ്ട്. ഇവരുടെ പാതയിലെ ഒരു കണ്ണിയാകാൻ ആറാം ക്ലാസിൽ എത്തിയപ്പോഴേക്കും മോഹൻലാലിന് കഴിഞ്ഞു. എന്നാൽ ഇതൊന്നും ഒരു തരത്തിലും ഉൾക്കൊള്ളാൻ പ്രിയദർശന് സാധിച്ചിരുന്നില്ല. മോഹൻലാൽ ഏതു ചേരിയിൽ നിൽക്കുന്നുവോ, അതിന്റെ മറുഭാഗത്ത് പ്രിയദർശൻ ഉണ്ടാകുമെന്ന് ഉറപ്പായിരുന്നു.



*മോഹൻലാലും അമ്മയും*

ഇങ്ങനെയിരിക്കെയാണ് മോഡൽ സ്കൂളിൽ വിദ്യാർത്ഥി രാഷ്ട്രീയം ശക്തമായി ഉരുണ്ടുകൂടിയത്. അടിയുറച്ച രാഷ്ട്രീയബോധമൊന്നും അന്ന് കുട്ടികൾക്കാർക്കുമില്ല; ഷൈൻ ചെയ്യാൻ കിട്ടുന്ന ഒരു വേദി, അത്ര തന്നെ! പ്രിയദർശൻ എങ്ങനെയോ കെ.എസ്.യു.ക്കാരനായി. മോഹൻലാൽ അടങ്ങിയിരിക്കുമോ? ഉടൻതന്നെ താൻ എസ്.എഫ്.ഐ. ആണെന്ന് ലാലും പ്രഖ്യാപിച്ചു! ആഞ്ഞ് രണ്ടു മുദ്രാവാക്യം വിളിച്ച് സടകുടഞ്ഞ് പോരിന് തയ്യാറായിനിന്നു. പ്രിയദർശനും പിന്നാക്കം പോയില്ല.

ബസ്സിന്റെ ഫുട്ബോർഡിൽ നിന്ന് 'ഷൈൻ' ചെയ്ത് യാത്ര ചെയ്യുക എന്നതായിരുന്നു ഈ രണ്ടു ശത്രുക്കളുടെയും പ്രധാന വിനോദം. പ്രിയദർശൻ നേരത്തേതന്നെ ഫുട്ബോർഡിൽ സ്ഥാനം പിടിച്ചിരിക്കും. തൊട്ടടുത്ത സ്റ്റോപ്പിൽനിന്ന് മോഹൻലാൽ കയറും. പിന്നെ ഇരുവരും തമ്മിൽ ബലപരീക്ഷണമായി. ഇതിനിടെ കണ്ടക്ടർ ഇടപെടും:

'രണ്ടാളും ഫുട്ബോർഡിൽ നിന്ന് ഉള്ളിലേക്ക് കയറി നിൽക്കണം!'

മോഹൻലാൽ എങ്ങനെയെങ്കിലും വാചകമടിച്ച് കണ്ടക്ടറെ കൈയിലെടുക്കും. അതോടെ അദ്ദേഹം പിന്മാറും. പ്രിയൻ പല്ലുകടിച്ച് രോഷത്തോടെ കണ്ടക്ടറെ നോക്കും. പിന്നെ എന്തെങ്കിലും ഉടക്കുണ്ടാക്കി ലാലിന്റെ അടുത്തേക്ക് വരും. ലാലാകട്ടെ പ്രിയനെ തളർത്താൻ എന്തെങ്കിലും കുസൃതി ഒപ്പിക്കും. ഒടുവിൽ വാക്കേറ്റം മൂത്ത് കൈയേറ്റത്തോടടുക്കും. അപ്പോഴായിരിക്കും ഏതെങ്കിലും ഒരു സുന്ദരിയായ സഹപാഠിയുടെ ഇടപെടൽ:

'പോട്ടെ എന്റെ ലാലേ... ആ പാവത്തിനെ വിട്ടേരെ... അതും വെറും അശു!'

അതോടെ ബസ്സിലാകെ കൂട്ടച്ചിരി ഉയരും. പ്രിയനാകട്ടെ പല്ലുഞെരിച്ച്, മുഷ്ടി ചുരുട്ടി ആ പെൺകുട്ടിയുടെ നേരെ ചീറിയടുക്കും. അപ്പോൾ ലാൽ ഇടപെടും:

'ടേയ്... പെണ്ണുങ്ങളോട് നിന്റെ വീരപരാക്രമമൊന്നും വേണ്ട!'

സുന്ദരികളായ പെൺകുട്ടികളുടെ മുന്നിൽ തന്റെ 'ഗ്ലാമർ' മങ്ങിയതിന്റെ അമർഷം തീർക്കാൻ പ്രിയൻ ബസ്സിന്റെ ബോഡിയിൽ ആഞ്ഞൊരു ഇടി കൊടുക്കും! അതും കൂട്ടച്ചിരിക്ക് വകയൊരുക്കും. ആ ബസ്സ് യാത്ര എന്നും ബഹളത്തിലും കൂക്കൂവിളിയിലുമാണ് അവസാനിക്കാറുള്ളത്. എന്നും പരാജയം പ്രിയന്റെ കൂടെയായിരിക്കും!

ഒരിക്കൽ കളി കാര്യമായി. നിസ്സാര പ്രശ്നത്തിൽ തുടങ്ങിയ മോഹൻലാലിന്റെയും പ്രിയദർശന്റെയും ഉടക്ക്, ഉന്തും തള്ളും കഴിഞ്ഞ് മുട്ടനടിയിൽ കലാശിക്കുമെന്ന അവസ്ഥയിലായി.

'നിന്നെ ഞാനിന്ന് ശരിയാക്കുമെടാ!'മോഹൻലാൽ ഈറ്റപ്പുലിയെപ്പോലെ പ്രിയദർശന്റെ നേർക്ക് ചാടിവീണു. കൂട്ടുകാർ പിടിച്ചുമാറ്റാൻ ശ്രമിച്ചിട്ടും നടന്നില്ല. ഒടുവിൽ മോഹൻലാലിന്റെ സഹോദരൻ പ്യാരിലാൽ വന്നാണ് അനിയനെ വിളിച്ചുകൊണ്ടുപോയത്.

പക്ഷേ, മോഹൻലാലിന്റെ പക തീർന്നില്ല. ഏതുവിധേനയും പ്രിയദർശനെ കൈകാര്യം ചെയ്യണം; അതിനുള്ള വഴിയെന്തെന്ന ആലോചനയിലായി ലാൽ.

കരാട്ടെയോ ഗുസ്തിയോ ഏതെങ്കിലും ഒന്ന് പഠിച്ചെടുക്കണം! എന്തായാലും ഇത്തവണ സ്കൂൾ അടയ്ക്കുമ്പോൾ ആലപ്പുഴയിൽ പോയി അമ്മാവനെ കണ്ട് അതിനുള്ള ഏർപ്പാടാക്കണമെന്ന് ലാൽ ഉറപ്പിച്ചു.

ഒടുവിൽ വർഷാവസാന പരീക്ഷയും കഴിഞ്ഞ് ലാൽ ആലപ്പുഴയിലെത്തി. തന്റെ ആഗ്രഹം ലാൽ അമ്മാവനെ അറിയിച്ചു. ഗോപിനാഥൻ നായർ മരുമകന്റെ ആഗ്രഹമെല്ലാം കേട്ടതിനുശേഷം അവനെ ഒരിടത്തേക്ക് കൂട്ടിക്കൊണ്ടുപോയി. എന്നാൽ അത് കളരിയോ കരാട്ടെ കേന്ദ്രമോ ആയിരുന്നില്ല; പ്രസിദ്ധിയേറിയ പ്രഭാകര സിദ്ധയോഗിയുടെ ആശ്രമമായിരുന്നു!

(തുടരും)

# മുംബൈയിലും കൊൽക്കത്തയിലും ലക്ഷക്കണക്കിന് ആളുകളുടെ വീടുകൾ ഭീഷണിയിൽ; സമുദ്രനിരപ്പ് ഉയരുന്നതിനെതിരെ ഐക്യരാഷ്ട്രസഭയുടെ അടിയന്തിര മുന്നറിയിപ്പ്!



55-ാമത് പസഫിക് ഐലൻഡ്സ് ഫോറം ലീഡേഴ്സ് യോഗത്തിൽ ഐക്യരാഷ്ട്രസഭ ഡെപ്യൂട്ടി സെക്രട്ടറി ജനറൽ അമീന മുഹമ്മദും അസിസ്റ്റന്റ് സെക്രട്ടറി ജനറൽ നവീദ് ഹനീഫും ചേർന്ന് പുറത്തുവിട്ട ഏറ്റവും പുതിയ റിപ്പോർട്ട് പ്രകാരം, സമുദ്രനിരപ്പ് ഉയരുന്നതും കാലാവസ്ഥാ വ്യതിയാനങ്ങളും ദക്ഷിണ ഏഷ്യൻ തീരദേശ നഗരങ്ങൾക്ക് കടുത്ത ഭീഷണിയാണ് സൃഷ്ടിക്കുന്നത്.

ഇന്ത്യയിലെ പ്രധാന മെട്രോപോളിറ്റൻ നഗരങ്ങളായ കൊൽക്കത്ത, മുംബൈ, അയൽരാജ്യമായ ബംഗ്ലാദേശിലെ ധാക്ക എന്നിവിടങ്ങളിൽ നിന്നായി 1.4 കോടിയിലധികം ആളുകൾക്ക് ശാശ്വത വെള്ളപ്പൊക്കം കാരണം വാസസ്ഥലങ്ങൾ നഷ്ടപ്പെടാൻ സാധ്യതയുണ്ടെന്നാണ് യു.എൻ റിപ്പോർട്ടുകൾ വ്യക്തമാക്കുന്നത്.

അതോടൊപ്പം, ലോകത്തിലെ 'മൂന്നാം ധ്രുവം' എന്നറിയപ്പെടുന്ന ഹിമാലയൻ ഹിമാനികൾ അതിവേഗത്തിൽ ഉരുകുന്നത് അടുത്ത 15 മുതൽ 20 വർഷത്തിനുള്ളിൽ ഇന്ത്യയിലും പശ്ചാത്തല രാജ്യങ്ങളിലും വൻ പ്രളയങ്ങൾക്കും തുടർന്ന് കടുത്ത വരൾച്ചകൾക്കും വഴിയൊരുക്കുമെന്നും റിപ്പോർട്ട് മുന്നറിയിപ്പ് നൽകുന്നു.

നേപ്പാൾ അതിർത്തികളിൽ ഹിമാലയൻ ഹിമാനികൾ തകർന്നു വീണുണ്ടായ സമീപകാലത്തെ പ്രകൃതി ദുരന്തങ്ങൾ ഇതിന്റെ വ്യക്തമായ ഉദാഹരണമാണ്. ഇന്ത്യൻ സംസ്ഥാനങ്ങൾ ഈ ദുരന്തങ്ങളിൽ നിന്ന് ഉൾക്കൊള്ളേണ്ട പാഠങ്ങളും കൈക്കൊള്ളേണ്ട അടിയന്തിര മുൻകരുതലുകളും താഴെ സമഗ്രമായി പരിശോധിച്ച് വിലയിരുത്താം:

### ഐക്യരാഷ്ട്രസഭയുടെ സമുദ്രനിരപ്പ് റിപ്പോർട്ടിലെ പ്രധാന കണ്ടെത്തലുകൾ

ആഗോള താപനവും സമുദ്രജലം ചൂടുപിടിക്കുന്നതുമാണ് മുൻപെങ്ങുമില്ലാത്തവിധം സമുദ്രനിരപ്പ് ഉയരാൻ ഇടയാക്കുന്നത്.

**1. 2024ൽ രേഖപ്പെടുത്തിയ റെക്കോർഡ് സമുദ്രനിരപ്പ് വർദ്ധനവുകൾ**

യു.എൻ വിവരങ്ങൾ അനുസരിച്ച് 2024ൽ ആഗോള സമുദ്രനിരപ്പ് പ്രതിവർഷം 6 മില്ലീമീറ്റർ എന്ന റെക്കോർഡ് വേഗതയിലാണ് ഉയർന്നത്. 2014 മുതൽ 2023 വരെയുള്ള കാലയളവിലെ ശരാശരി 4.7 മില്ലീമീറ്ററിനേക്കാൾ വളരെ ഉയർന്ന നിരക്കാണിത്. ഇത് കേവലം ദ്വീപ് രാഷ്ട്രങ്ങളെ മാത്രമല്ല, മറിച്ച് വൻകരകളിലെ ജനസാന്ദ്രതയേറിയ തീരദേശ നഗരങ്ങളെയും അപകടകരമായി സ്വാധീനിക്കുന്നുണ്ട്.

**2. 1.4 കോടി ജനങ്ങളുടെ കുടിയൊഴിപ്പിക്കൽ ഭീഷണികൾ**

കൊൽക്കത്ത, മുംബൈ, ധാക്ക തുടങ്ങിയ താഴ്ന്ന ഡെൽറ്റ പ്രദേശങ്ങളിലെ നഗരങ്ങളിൽ സമുദ്രനിരപ്പ് ഉയരുന്നത് മൂലം കരഭൂമികൾ ശാശ്വതമായി കടലിനടിയിലാകും. ഇവിടങ്ങളിലെ 1.4 കോടിയോളം ജനങ്ങൾക്ക് സ്വന്തം വീടുകളും വൻകിട വാണിജ്യ താവളങ്ങളും ഉപേക്ഷിച്ച് ഉൾനാടുകളിലേക്ക് പലായനം ചെയ്യേണ്ടി വരും. ഇത് ചരിത്രത്തിലെ തന്നെ ഏറ്റവും വലിയ പൗര കുടിയൊഴിപ്പിക്കലുകൾക്ക് വഴിവെക്കും.

**3. കുടിവെള്ള സ്രോതസ്സുകളിലെ ഉപ്പുവെള്ള സാന്നിദ്ധ്യങ്ങൾ**

സമുദ്രനിരപ്പ് ഉയരുമ്പോൾ ഉപ്പുവെള്ളം ആഭ്യന്തര കുടിവെള്ള കിണറുകളിലേക്കും ഭൂഗർഭ ജലസ്രോതസ്സുകളിലേക്കും കൃഷിഭൂമികളിലേക്കും കടന്നുകയറുന്നു. ഇത് തീരദേശ ജനതയുടെ ആരോഗ്യത്തെയും കാർഷിക ഉൽപ്പാദനത്തെയും കടുത്ത രീതിയിൽ ബാധിക്കും. ശുദ്ധജല ക്ഷാമം രൂക്ഷമാകുന്നത് പകർച്ചവ്യാധികൾ വ്യാപിക്കാനും ഇടയാക്കും.

**4. 770 ദശലക്ഷം ആഗോള പൗരന്മാരുടെയും ഇൻഫ്രാസ്ട്രക്ചറുകളുടെയും നഷ്ടങ്ങൾ**

ലോകമെമ്പാടും 770 ദശലക്ഷത്തിലധികം ആളുകൾ അഥവാ ആഗോള ജനസംഖ്യയുടെ 10 ശതമാനത്തോളം പേർ സമുദ്രനിരപ്പിൽ നിന്ന് 5 മീറ്ററിൽ താഴെ മാത്രം ഉയരമുള്ള തീരദേശങ്ങളിലാണ് ജീവിക്കുന്നത്. ചുരുങ്ങിയത് 1.8 ട്രില്യൺ ഡോളറിന്റെ നഗര ഇൻഫ്രാസ്ട്രക്ചറുകൾ, റോഡുകൾ, ഊർജ്ജ ഗ്രിഡുകൾ, കെട്ടിടങ്ങൾ എന്നിവ കടലാക്രമണ ഭീഷണിയിലാണ്.

### നേപ്പാൾ പ്രളയം ഇന്ത്യൻ സംസ്ഥാനങ്ങൾക്ക് നൽകുന്ന അടിയന്തിര മുന്നറിയിപ്പുകൾ

ഹിമാലയൻ മലനിരകളിലെ ഹിമാനികൾ ഉരുകി തകരുന്നതും നേപ്പാളിലുണ്ടായ വൻ പ്രളയ ദുരന്തങ്ങളും ഭാരതീയ സംസ്ഥാനങ്ങൾക്ക് വലിയൊരു വഴികാട്ടിയാണ്.

**1. ഹിമാലയൻ 'തേഡ് പോൾ' ഭീഷണികളും നദീതീര പ്രളയങ്ങളും**

